2019

OCTOBER-DECEMBER

GEORGIAN MIRROR

The Journal of Indian Orthodoxy

'എന്റെ കൃപ നിനക്കു മതി'

GEORGIAN MIRROR

ESTD. 2007

The Journal of Indian Orthodoxy

Email : gmirrormail@gmail.com

2019 **C O N T E N T S** **OCTOBER-DECEMBER**

5 എഡിറ്റോറിയൽ

6 സന്ദേശം
നന്മയുടെ പ്രകാശം വരട്ടെ
● ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ്

COVER
FEATURE

എന്റെ കൃപ നിനക്കു മതി

7 ഉപദ്രവവും ഞെരുക്കവും കൃപയുടെ വഴികൾ
● ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പാ

10 അനുഭവവേദ്യമായ ദൈവകൃപ
● ഫാ.ഡോ.റ്റി.ജെ.ജോഷ്വ

12 NEW HORIZONS
The Promise and Challenges of Orthodox Christianity Outside Kerala
● Dr.Yuhanon Mar Demetrios

16 നേർക്കാഴ്ച
കൂനൻ കുരിശു സത്യത്തെ വളച്ചൊടിക്കുന്ന മാധ്യമവേലകൾ
● ഡോ. എം. കുര്യൻ തോമസ്

20 വിചിന്തനങ്ങൾ
ആരാധനയുടെ ഭാഷാപരിഷ്കരണം
● ജോൺ.ഡി.കുന്നത്ത്

23 മാർത്തോമാ മെത്രാന്മാർ
രണ്ടാം മാർത്തോമാ
● അഡ്വ.ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ

25 പ്രഭാഷണം
നവമാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
● എം.എം.മോനായി

28 Edifices
St. Thomas Orthodox Theological Seminary in Silver Jubilee glow
● Fr. Dr. Bijesh Philip

33 പ്രതിഭകൾ
കേരള ക്രൈസ്തവ സഭയുടെ തായ്‌വേരുകൾ കണ്ടെത്തിയ സത്യാന്വേഷി

36 ഇരുളും വെളിച്ചവും
മലങ്കര സഭയ്ക്ക് സ്വന്തം ബൈബിൾ
● ഫാ.ഡോ. ഒ.തോമസ്

38 Devotionals
Called by God's Name
● Joseph Cherian, Hyderabad

39 വീണ്ടെടുക്കാൻ
ഫങ്ഷണൽ ഡ്രൈവിൽ MARP
● ഡീക്കൻ ജേക്കബ് സാം മാത്യു

40 Monaye's Corner(*Cartoon*)
● M.M.Monaye

41 വീണ്ടെടുക്കാൻ
ബ്രഹ്മ: നഷ്ടമായതിനെ വീണ്ടെടുക്കാൻ
● ഫാ. ലിനു ലൂക്കോസ്

42 Harsh Truths
A Cry from the Wilderness
● E.S.John, Australia

43 യുവലോകം
യൗവ്വനത്തിലെ സ്വഭാവ രൂപവത്ക്കരണം
● ആനി ഡേവിഡ്

44 സാന്ത്വനം
ആർദ്രമായ കൈത്താങ്ങ്
● മോനി കല്ലുംപറമ്പിൽ

46 ജാലകം
സഭാ ഭരണഘടനയുടെ ചരിത്രം
● ഡോ. പോൾ മണലിൽ

48 വേദവിചാരം
ഛിദ്രവും സമാധാനവും
● ഫാ.പി.ഫിലിപ്പോസ്

49 ആദരാഞ്ജലി

50 സമകാലീന ചിന്തകൾ
'ശ്രേഷ്ഠപദവി'യിലെ മാലാഖമാർ
● പി.വി.മാത്യു

53 പ്രതികരണങ്ങൾ

54 GM PAGE: OPEN FORUM

56 *News Page*

ജോർജിയൻ മിറർ
മലങ്കരയുടെ സത്യദർശനം
ESTD. 2007

പു.11 ലക്കം 4 ▪ 2019 ഒക്ടോബർ–ഡിസംബർ

രക്ഷാധികാരി
ഡോ.യാക്കോബ് മാർ ഐറേനിയോസ്

ചീഫ് എഡിറ്റർ
ഫാ. പി.ഐ. വർഗീസ്

അസ്സോസിയേറ്റ് ചീഫ് എഡിറ്റർ
ഫാ.കെ.ജെ. ജേക്കബ്

എഡിറ്റർ
സി.വി.ബെഞ്ചമിൻ

മാനേജിങ് എഡിറ്റർ
പി.വി.മാത്യു

എക്സിക്യൂട്ടീവ് എഡിറ്റർ
തോമസ് ജോർജ്

കോ–ഓർഡിനേറ്റിങ് എഡിറ്റർ
അഡ്വ.വർഗീസ് പി.തോമസ്
ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

പ്രൂഫ് എഡിറ്റർ
മാത്യൂസ് ജോൺ
സി.വി.തമ്പി

ഫോട്ടോ എഡിറ്റർ
എബ്രഹാം തരകൻ

മാർക്കറ്റിങ് മാനേജർ
ടി.ടി.ജോസ്

സർക്കുലേഷൻ മാനേജർ
പി.എം.പീറ്റർ
പി.ടി.ജോൺസൺ

ക്യാമ്പയിൻ മാനേജർ
പി.എ.എബ്രഹാം
കെ.എം.തോമസ്

ഫൈനാൻസ് മാനേജർ
കെ.സി.കുരുവിള

എഡിറ്റോറിയൽ ബോർഡ്
ഫാ.ഡോ.കുര്യാക്കോസ് തണ്ണിക്കോട്ട്
ജോർജ് വർഗീസ് പുത്തൻപുരയിൽ
വർഗീസ് മാത്യു

അഡ്വൈസറി ബോർഡ്
അലക്സാണ്ടർ കെ.ജോൺ
റേച്ചൽ ലാബി
പി.ഐ.ബാബു

ടെക്നിക്കൽ കൺസൾട്ടന്റ്
തേജസ് ജോൺ പണിക്കർ

Printed and Published by:
Issac Kurian.K for St.George Orthodox Valiyapally, Palarivattom, Kochi - 682025

Georgian Mirror is published quarterly by St.George Orthodox Valiyapally, Palarivattom, Kochi - 25
@All rights reserved, Reproduction in any manner without permission is prohibited

Editorial Office:
Georgian Mirror, St.George Orthodox Valiyapally
Palarivattom, Kochi-682025 Phone : 0484-2346096
Email: gmirroremail@gmail.com
Chief Editor:9447364119.
Associate Chief Editor: 9447217956
Editor : C.V.Benjamin: 9388473243, Responsible for selection of news under the PRB Act.

Managing Editor: 9809599123.
Email:pvmathew45@yahoo.co.in

Church Website : www.sgovpp.com
Church Office Email : sgovpp@gmail.com

Designing & Page setting: Mars Graphics- 9744424145

Printed at Viani Printings, Lisie Hospital Road, Kochi - 682018, Phone : 0484 - 2401635

MISSION STATEMENT

To fight for the MOST HOLY FAITH that God has once for all entrusted to His Saints

വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപ്പിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേ 1 പോരാടേ തിന് (വി.യൂദാ 3,20)

എഡിറ്റോറിയൽ

ദൈവകൃപയുടെ അഭൗമികത

ബാഹ്യനേത്രങ്ങളുടെ ദൃശ്യാതിർത്തികൾക്ക് അപ്പുറത്ത് ഭൗമാതീതമായ അനുഭൂതികൾ പ്രദാനം ചെയ്യുന്ന ഈശ്വരാധീനത്തിന്റെ അനുഭവതലമാണ് ദൈവകൃപ. ഈ ആത്മീയ ഊർജ്ജമാണ് ഓരോ വ്യക്തിയുടെയും മുന്നോട്ടുള്ള ഗതിവിഗതികളിൽ നിർണായകമാകുന്നത്. ന്യായപ്രമാണം മോശ മുഖാന്തിരവും കൃപയും സത്യവും യേശുക്രിസ്തു മൂലവും വന്നു എന്ന തിരുവചനപ്രഖ്യാപനം, കൃപയുടെ ആത്മീയ ഉറവിടം ദൈവമാണെന്ന് സുവ്യക്തമാക്കുന്നു (യോഹ.1:17). അർഹതയ്ക്ക് അതീതമായ അനുഗ്രഹം എന്നൊരു ദൈവാനുഭവം അത് എന്തുമാവട്ടെ–നൽകുന്നവനും ഏറ്റുവാങ്ങുന്നവനും നിസ്തുലമായ ഒരു അനുഭൂതിയാക്കി മാറ്റുന്ന എന്താണോ അതാണ് ദൈവകൃപ.

കൃപ നൽകുന്നവൻ വിശുദ്ധനായ ദൈവം ആയതിനാൽ, ലഭിക്കുന്ന ഏവനും അതുമൂലം വിശുദ്ധീകരിക്കപ്പെടുന്നു. തനിക്കു ആവശ്യമില്ലാത്ത നന്മകൾ അലക്ഷ്യമായി ദാനം ചെയ്യുന്ന വിവേകശൂന്യന്റെ വികാരപ്രകടനമല്ല കൃപ. അത് നൽകുന്നവന്റെയും സ്വീകരിക്കുന്നവന്റെയും പാരസ്പര്യം അനിവാര്യമാക്കുന്ന ഒരു ആത്മീയ സാക്ഷാത്ക്കാരമാണ്. ഈ ദൈവകൃപയാണ് യേശുക്രിസ്തുവിൽ വെളിപ്പെട്ടത്. കൃപാപ്രവാഹം എത്രത്തോളം എത്താമെന്ന് ദൈവം വെളിപ്പെടുത്തിയ മഹാസംഭവം മനുഷ്യാവതാരമാണ്. ദൈവമാതാവായ വിശുദ്ധ കന്യകമറിയം ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ആ മുറിയിൽ ഒരു പ്രകാശം നിറഞ്ഞു. ദൈവത്തിന്റെ മാലാഖ മറിയമിനോട്. *കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം, കർത്താവ് നിന്നോടു കൂടെ* എന്ന് പ്രതിവചിച്ചു. പക്ഷേ, ഈ അഭിവാദനസ്വരവും ദൈവിക കൂട്ടായ്മയുടെ സന്ദേശവും ബാലികയെ പരിഭ്രാന്തയാക്കി. കാരണം ഇവയൊന്നും വിവേചിച്ച് ഗ്രഹിക്കുവാനുള്ള പ്രാപ്തി അവൾക്കില്ലായിരുന്നു. സഖറിയ പുരോഹിതന് ലഭിച്ച ദൈവിക സന്ദേശം തന്റെ സ്വന്തം പേരു വിളിച്ചു കൊണ്ട് മാലാഖ കൈമാറുമ്പോൾ ഇവിടെ പേരിന് പകരം *കൃപ നിറഞ്ഞവളെ* എന്ന സംബോധനയിൽ ഒരു അസാധാരണത്വം നിരീക്ഷിക്കേണ്ടതായിട്ടുണ്ട്. നിതാന്തമായ ദൈവസാന്നിധ്യമാണ് നാമിവിടെ ദർശിക്കുന്ന ദൈവകൃപ എന്ന് തിരിച്ചറിയുക. കൂടാതെ ദൈവപുത്രന്റെ മാതാവായിത്തീരുവാൻ ദൈവം മറിയമിനെ തിരഞ്ഞെടുത്തിരിക്കുന്നു എന്നതാണ് അവളിൽ വ്യാപരിക്കുന്ന ദൈവകൃപയുടെ നേർക്കാഴ്ച.

ആരും ആഗ്രഹിക്കുന്നതും ലഭിച്ചുതുടങ്ങുമ്പോൾ മതിവരാത്തതുമായ ദൈവകൃപ ഒരു ഹൃദ്യാനുഭവവും ഔദാര്യവുമാണ്. അങ്ങനെ ലഭിക്കുന്ന സൗജന്യം പോലും ലോകാസക്തികളിലും അസന്മാർഗികതകളിലും അഭിരമിക്കുന്ന പുത്തൻതലമുറ നഷ്ടപ്പെടുത്തുകയാണ്. ദൈവകൃപയുടെ അഭിഷേകാഗ്നി നമ്മിൽ ജ്വലിക്കണമെങ്കിൽ ദൈവത്തോടു ചേർന്നുള്ള സ്വർഗീയാനന്ദത്തിൽ നിലകൊള്ളേണ്ടത് അനിവാര്യമാണ്. ഈ ആത്മീയ ഊർജസമ്പന്നതയാണ് സാധാരണക്കാരായ ശ്ലീഹന്മാരെ *"ഭൂലോകത്തെ കീഴ്മേൽ മറിക്കുന്നവർ"* എന്ന അപരനാമത്തിന് യോഗ്യരാക്കിയത്. ഒഴിവാക്കാനാവാത്ത പ്രതിസന്ധികളുടെയും സംഘർഷങ്ങളുടെയും ജീവിതാനുഭവ വേദിയിൽ ദൈവകൃപയുടെ സമൃദ്ധമായ സ്വാധീനം അനാവരണം ചെയ്തു കൊണ്ടുള്ള ***ജോർജിയൻ മിററി***ന്റെ ഈ പതിപ്പ് ഏവർക്കും സാന്ത്വനം ഏകട്ടെ എന്ന് ആശംസിക്കുന്നു.

ഏവർക്കും ക്രിസ്മസ്, ന്യൂ ഇയർ ആശംസകൾ !!

പി.ഐ.വർഗീസ് അച്ചൻ

ചിന്തിച്ചത്. അരിഷ്ടതകളാൽ വിനയമുള്ളവരായിത്തീരണം. കഷ്ടതയനുഭവിക്കുന്നവർ ദൈവരാജ്യത്തിന് അർഹതയുള്ളവരായിത്തീരുന്നു. കഷ്ടത ദൈവവിളിയും നിയോഗവും വരവുമാണ്. നിത്യജീവന്റെ അനന്ത സാഗരത്തിലേയ്ക്ക് കഷ്ടത നമ്മെ നയിക്കുന്നു.

പാപം മറ്റുള്ളവരെയും ബാധിക്കുന്നു:

സ്വാർത്ഥതയും അഹംഭാവവും വിദ്വേഷവും മൂലം ഈ ഭൂമി ദുർവിനിയോഗം ചെയ്യപ്പെടുന്നു. നിങ്ങളുടെ പാപഫലം നിങ്ങൾ അനുഭവിക്കും എന്നാണ് പഴയനിയമ ചിന്ത. (സംഖ്യ.32:23). മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും എന്ന് സൂചിപ്പിച്ചു കൊണ്ട് വി.പൗലോസ് പറയുന്നു: *"നന്മ ചെയ്കയിൽ നാം മടുത്തു പോകരുത്. തളർന്നു പോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക"* (ഗലാ.6:7-10). വ്യത്യാസമില്ലാതെ എല്ലാവർക്കും നന്മ ചെയ്തുകൊണ്ട് കഷ്ടതകളെ നേരിടണം. പരസ്പര സ്നേഹത്തിലുള്ള കൂട്ടായ്മയ്ക്കുവേണ്ടി നിർമിക്കപ്പെട്ട ഭവനത്തിൽ സ്വാർത്ഥപരമായി ജീവിച്ചതിന്റെ അനന്തര ഫലമാണ് കഷ്ടത. ഒരാളുടെ പാപജീവിതം മൂലമുള്ള കഷ്ടത അയാളെ മാത്രമല്ല ബാധിക്കുന്നത്. പാപിക്കുവേണ്ടിയും പാപിയോടുകൂടെയും മറ്റുള്ളവർ കഷ്ടത സഹിക്കേണ്ടിവരുന്നു. പാപത്തിന്റെ ഫലം ഭൗമിക പ്രപഞ്ചത്തിന്റെ അതിർത്തികൾ കടന്ന് നിത്യതയെ ബാധിക്കുന്നു. ലോകത്തിന്റെ പാപവും അകൃത്യവും നീക്കുന്നതിനുള്ള ഉപാധികളാണ് പശ്ചാത്താപവും കണ്ണുനീരും പ്രായശ്ചിത്തവും സൽക്കർമങ്ങളും.

കഷ്ടത സ്വയത്യാഗത്തിന്റെ പര്യായം:

ദൈവത്തിന്റെ ഏകജാതനായ പുത്രൻ ബലികഴിക്കപ്പെട്ടു. ക്രൂശിന്മേൽ നിന്ദ്യമായ മരണം അനുഭവിച്ച് ത്യാഗത്തിന്റെ പര്യായമായി. നമ്മുടെ കഷ്ടാനുഭവങ്ങൾ വഴി ക്രിസ്തുവിന്റെ പുണ്യപ്രദമായ കഷ്ടാനുഭവത്തിൽ പങ്കുചേരുകയാണ് നാം. വീണ്ടെടുപ്പിന്റെ ചരിത്രമാണ് ത്യാഗം. രക്ഷാകരമായ ചരിത്രത്തിന്റെ ഭാഗം തന്നെയാണ് കഷ്ടാനുഭവവും. മനുഷ്യസമൂഹത്തിന്റെ അരിഷ്ടാവസ്ഥ മാറ്റാനുള്ള ദൈവിക പ്രവർത്തനമാണ് കഷ്ടത. ജനത്തിന് ദൈവം നൽകുന്ന വാഗ്ദത്തങ്ങളുടെ വെളിപ്പാടുകളാണ് കഷ്ടതകൾ. ലോകസ്ഥാപനത്തിനു മുമ്പേയുള്ള രക്ഷാപദ്ധതിയുടെ ഭാഗമാണത്. കാലസമ്പൂർണതയിലേക്കു നയിക്കുന്ന മർമമാണത്. ദൈവം വിവിധ മാർഗങ്ങളിലൂടെയും ഉപാധികളിലൂടെയും മനുഷ്യരെ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമാണ് കഷ്ടത. കഴുകി വെടിപ്പാക്കുന്ന പ്രക്രിയയാണത്. ഭൂമിയിൽ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടുന്നതിനുള്ള മുഖാന്തരമാണ് കഷ്ടത. കളിമൺ പാത്രങ്ങളെ രൂപപ്പെടുത്തിയെടുക്കുന്ന മാർഗമാണത്.

പ്രാതിനിധ്യ സ്വഭാവമുള്ള കഷ്ടാനുഭവം:

യിസ്രായേൽ ജനതയ്ക്കു ബാബിലോൺ പ്രവാസം, റോമാ സാമ്രാജ്യത്തിന്റെ അധിനിവേശം, അനിവാര്യമായ ചിതറിപ്പാർക്കൽ തുടങ്ങിയ കഷ്ടതകൾ സഹിക്കേണ്ടി വന്നു. രക്ഷിതാവിന്റെ വരവിനു വേണ്ടിയുള്ള പരുവപ്പെടുത്തലായിരുന്നു ഈ കഷ്ടതകൾ. പാപത്തിന്റെ ഫലമായ ദൈവശിക്ഷ എന്നതിലുപരി പ്രാതിനിധ്യ സ്വഭാവമുള്ള കഷ്ടത എന്നാണതിനെ കാണേണ്ടത്. തിരഞ്ഞെടുക്കപ്പെട്ട ജനതയ്ക്ക് മശിഹായുടെ പ്രാതിനിധ്യ സ്വഭാവമുള്ള കഷ്ടതയിൽ പങ്കുണ്ടായി. ഒരുക്കിയെടുക്കുന്നതിന്റെയും മെരുക്കിയെടുക്കുന്നതിന്റെയും ഭാഗമായിരുന്നു അത്. ബന്ധപ്പെട്ട എല്ലാവർക്കും അതുമൂലം കഷ്ടതയുണ്ടാകുന്നു. ക്രിസ്തു മനുഷ്യജാതിക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും മരിച്ചു. ക്രിസ്തു എന്ന രക്ഷകന്റെ ആഗമനവും കഷ്ടതയും



സെ.പോൾ. *വിഖ്യാത ഡച്ച് ചിത്രകാരൻ Rembrandt (1606-1669) വരച്ച ചിത്രം(c.1657). വാഷിങ്ടൺ നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്ടിൽ പ്രദർശിപ്പിച്ചിരിക്കുന്നു.*

പുനരുത്ഥാനവുമാണ് സുവിശേഷത്തിന്റെ വൈശിഷ്ട്യം. മനുഷ്യാവതാരത്തെ കഷ്ടാനുഭവത്തിൽ നിന്ന് വേറിട്ട് ചിന്തിക്കരുത്. മനുഷ്യരെ ഉദ്ധരിക്കുന്ന പ്രക്രിയയിൽ കഷ്ടാനുഭവവും ഉൾപ്പെടുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവം സ്വയം വെറുമയാക്കലിന്റെ (kenosis) ഭാഗമായിരുന്നു. മനുഷ്യസമൂഹത്തിന്റെ പ്രതിനിധിയായിത്തീർന്ന് ക്രിസ്തു കഷ്ടമനുഭവിച്ചു (Vicarious Suffering) സഭയുടെ കഷ്ടാനുഭവവും പീഡനങ്ങളും സ്വയം വെറുമയാക്കലിന്റെയും പ്രാതിനിധ്യത്തിന്റെയും ഭാഗമായി കാണണം. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ അനിവാര്യമായ പരിണിത ഫലമായിരുന്നു കുരിശ്. അനേകർക്കു വേണ്ടി ജീവനെ കൊടുക്കുന്ന ബലിയർപ്പണമാണത്.

കഷ്ടങ്ങളാൽ അനുസരണം പഠിച്ചു:

സമ്പന്നനായിരുന്നിട്ടും നമ്മെ പ്രതി ദരിദ്രനായിത്തീർന്ന ക്രിസ്തുവിന്റെ കൃപ നാം അറിയണം. അർത്ഥവത്തായ സഭാജീവിതം സമ്പൂർണമായ കഷ്ടാനുഭവമാണ്. അവിശ്വാസവും കോട്ടവും ഉള്ള തലമുറയെ മെരുക്കിയെടുക്കുന്നതിനായിരുന്നു കഷ്ടാനുഭവം. ക്രിസ്തുവിനും പരീക്ഷകൾ നേരിടേണ്ടി വന്നു. പാപമൊഴികെ സകലത്തിലും നമുക്കു തുല്യം പരീക്ഷിക്കപ്പെട്ടവനാണ് ക്രിസ്തു. താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു (എബ്രാ.5:8). തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണഭൂതനായിത്തീർന്നു (എബ്ര. 5:9). ശിഷ്യന്മാർക്ക് ഒരു മുന്നറിയിപ്പ് കർത്താവ് നല്കുന്നു: *"പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ. ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ"* (മർക്കൊ. 14:38). ജഡത്തെ അനുസരണത്തിലേക്കും ജാഗ്രതയിലേക്കും ഉണർവിലേക്കും

കൊണ്ടു വരുമ്പോൾ കഷ്ടാനുഭവം ആവശ്യമാണ്. ദൈവഹിതം നിറവേറ്റുന്നതിനു നമ്മെ ഒരുക്കലാണ് ഉപദ്രവവും കഷ്ടതയും. ഇച്ഛാശക്തിയെ കൂടുതൽ ബലമുള്ളതാക്കിത്തീർക്കുന്നു. ദിവ്യമായ സ്വയപരിത്യാഗത്തിന്റെ പൂർത്തീകരണമായി കഷ്ടാനുഭവങ്ങളെ കാണണം. ദുഷ്ടശക്തികളുടെ മേൽ വിജയം നേടുന്നതിന് നമ്മെ ശാക്തീകരിക്കുന്നതിനു വേണ്ടിയാണ് കഷ്ടത.

ശുദ്ധീകരണം കഷ്ടതകളിലൂടെ: ക്രിസ്തു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചത് കഷ്ടാനുഭവങ്ങളിലൂടെയാണ്. ജീവനെ വെടിഞ്ഞ് ജീവനെ നേടി ക്രിസ്തു പിതാവാം ദൈവത്തോട് നമ്മെ നിരപ്പിക്കുകയാണുണ്ടായത്. സദ്പ്രവൃത്തികളിൽ ശുഷ്കാന്തിയുള്ള സ്വന്തജനമായി തനിക്ക് ശുദ്ധീകരിക്കുന്നതിനാണ് ക്രിസ്തു കഷ്ടമനുഭവിച്ചത് (തീത്തോ. 2:14). കഷ്ടതകളിലൂടെ സഹിഷ്ണുത ലഭിക്കുന്നു. കർത്താവിന്റെ സന്നിധിയിൽ നിന്ന് ആശ്വാസകാലം വരും എന്ന ഉറപ്പ് നമുക്ക് ലഭിച്ചു (അ.പ്ര. 3:14,19). ദൈവ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7,8). ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നമ്മുടെ മനഃസാക്ഷിയെ നിർജീവപ്രവൃത്തികളെ പോക്കി അധികം ശുദ്ധീകരിക്കുന്നു (എബ്രാ. 9:11). നമ്മെ പുതുക്കുവാനും രൂപാന്തരപ്പെടുത്തുവാനും ശുദ്ധീകരിക്കുവാനും കഷ്ടതകൾ സഹായിക്കുന്നു.



വളരെ വിളവുണ്ടാകുന്നതിന് സഹായിക്കുന്നു: കഷ്ടാനുഭവം രക്ഷയോട് ബന്ധപ്പെട്ടിരിക്കുന്നു. *"ഗോതമ്പുമണി നിലത്തു വീണ് ചാകുന്നില്ലായെങ്കിൽ അതു തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും"* (യോഹ. 12:24). സ്വർഗരാജ്യത്തിന്റെ സംസ്ഥാപനം കഷ്ടതയിലേക്ക് തുറന്നിരിക്കുന്നു. കഷ്ടപ്പെടുന്ന ദാസനെക്കുറിച്ച് യശയ്യാ പ്രവാചകൻ പറയുന്നു: *"നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി"* (യശ. 53:4-6). വിശുദ്ധ ബലിയിൽ നുറുക്കപ്പെടുന്ന അപ്പം മരണത്തിന് സ്വയം വിധേയനായ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. അത് നിത്യജീവനിലേക്ക് ആനയിക്കുന്നു. അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു. രക്തസാക്ഷികളുടെ രക്തം സഭയ്ക്ക് വളമായിത്തീരുന്നു. *"താഴ്മ താൻ അഭ്യുന്നതി. താണനിലത്തേ നീരോടൂ. അവിടേ ദൈവം തുണ ചെയ്യൂ."* പങ്കിടലിലൂടെ വർധനവുണ്ടാകുന്നു. ആദിമസഭയുടെ വികസനചരിത്രം ത്യാഗത്തിന്റേതാണ്.

ശരീരത്തിൽ വഹിച്ച ചൂടടയാളങ്ങൾ: തന്റെ അനുഭവങ്ങളിലൂടെ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ താൻ പങ്കാളിത്തം വഹിക്കുന്നു എന്ന ആത്മജ്ഞാനം വി.പൗലൂസിന് ഉണ്ടായിരുന്നു. സഹനത്തിലൂടെയാണ് ക്രിസ്തുവുമായുള്ള ബന്ധം ദൃഢപ്പെടുന്നത്. ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു (ഗലാ. 6:17). പൂർവാനുഭവത്തിൽ കൈസർക്കുവേണ്ടി സഹിച്ച കഷ്ടപ്പാടുകളുടെ അടയാളങ്ങൾ തന്റെ ശരീരത്തിലുണ്ട് എന്നാണ് പണ്ഡിതമതം. ക്രിസ്തുവിനു വേണ്ടി സഹിച്ച കഷ്ടതകളുടെ പട്ടികയും നാം വായിക്കുന്നു (2 കൊരി. 6:4-10, 10:23-29). യഹൂദരാൽ താൻ ഒന്നു കുറയെ നാല്പതടി പലവട്ടം കൊണ്ടു (2 കൊരി. 11:24). മൂന്നുവട്ടം കോലിനാൽ അടികൊണ്ടു. കല്ലേറുകൊണ്ടു. നമ്മുടെ കഷ്ടതകൾ ക്രിസ്തുവിന്റെ കഷ്ടപ്പാടുമായി താദാത്മ്യം പ്രാപിക്കുന്നതിനുതകുന്നു. കഷ്ടാനുഭവം കൂട്ടായ്മയുടെ വലംകൈ നീട്ടിക്കൊടുക്കലാണ്. അധ്വാനത്തോടും പ്രയാസത്തോടും കൂടി രാപ്പകൽ വേലചെയ്തു, പൗലോസ്. സുവിശേഷത്തിനുവേണ്ടി അദ്ദേഹം തന്റെ പ്രത്യേകാവകാശങ്ങൾ ഉപേക്ഷിച്ചു.

കഷ്ടതയിലൂടെ തേജസ്സിന്റെ വാടാത്ത കിരീടം: വിശുദ്ധരുടെ രക്തസാക്ഷിത്വം സഭ എന്നും വിലമതിക്കുന്നു. അവർ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കു ന്നു. കഷ്ടാനുഭവങ്ങളാൽ തികഞ്ഞവരാക്കുന്നു (എബ്രാ. 2:10). അപ്പൻ ഇഷ്ടപുത്രനോട് ചെയ്യുന്നതു പോലെ ദൈവം താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു (സദൃ. 3:12). വചനം ഘോഷിക്കുന്നവർക്ക് പീഡനം സംഭവിക്കാം (ഫിലി. 1:12). ദൈവവചനത്തോടു സഹകരിച്ചു പ്രവർത്തിക്കുമ്പോഴും പീഡനങ്ങൾ ഉണ്ടാകാം. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുന്നതിനായി സഭ വിളിക്കപ്പെട്ടിരിക്കുന്നു. വി.പൗലോസിന്റെ സഹപ്രവർത്തകരെപ്പറ്റി പറയുന്നു: *"അവർ എന്റെ പ്രാണനുവേണ്ടി തങ്ങളുടെ കഴുത്തു വച്ചുകൊടുത്തവർ"* (റോമ.16:3). ക്രൂശിലെ സഹനമാതൃകയാണ് നാം പിൻപറ്റേണ്ടത്. കഷ്ടതകൾ ദൈവശിക്ഷയായി കാണരുത്. സത്യത്തിനു വേണ്ടിയും നീതിക്കു വേണ്ടിയും കഷ്ടംസഹിക്കുന്നവർ ഭാഗ്യവാന്മാർ. സ്വർഗരാജ്യം അവർക്കുള്ളത്.

GM

(ലേഖകൻ-മാവേലിക്കര സെ.പോൾസ് മിഷൻ സെന്റർ പ്രിൻസിപ്പൽ)

അനുഭവവേദ്യമായ ദൈവകൃപ

■ ഫാ.ഡോ.റ്റി.ജെ.ജോഷ്വ

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ഊഷ്മള ഭാവത്തെ വ്യഞ്ജിപ്പിക്കുന്ന വിശിഷ്ടപദമാണ് *കൃപ* എന്നുള്ളത്. ക്രിസ്തീയ വിശ്വാസത്തിന്റെയും ജീവിതാനുഭവത്തിന്റെയും അർത്ഥവ്യാപ്തി ആ രണ്ട് അക്ഷരമുള്ള ചെറിയ വാക്കിൽ ഉൾക്കൊള്ളുന്നു. ദൈവിക സ്വഭാവത്തിന്റെ സത്തയിൽ അലിഞ്ഞുചേർന്നിട്ടുള്ളതാണ് കൃപ. ദൈവം തന്നെപ്പറ്റി പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. *"കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോടു കരുണ കാണിക്കുന്നവൻ"* (പുറ. 34:6-7). കൃപയും കരുണയും കാണിച്ചുകൊണ്ട് മനുഷ്യന്റെനേരെ കനിഞ്ഞുവരുന്നവനാണവൻ. തന്നെ സ്നേഹിക്കയും തന്നോടു വിശ്വസ്തത പാലിക്കുകയും ചെയ്യുന്നവരോട് ഈ കാരുണ്യവാൻ പ്രത്യേകം പെരുമാറുന്നു; അവരുടെ അഭിലാഷങ്ങൾ അവൻ സുസാധ്യമാക്കുന്നു.

ഈ കൃപാനുഭവത്തിലേക്കു വരുന്ന വ്യക്തി ദൈവസന്നിധാനത്തിൽ ശാന്തിയും സമാധാനവുമുള്ളവനാകുന്നു. അവൻ ഏറ്റവും സന്തോഷവാനും സംതൃപ്തനുമാകുന്നു. ദൈവത്തിന്റെ കൃപയുടെ ഏറ്റവും വലിയ ദാനമാണ് കർത്താവായ യേശുക്രിസ്തു (റോമ. 8:32). ലോകത്തിലേക്കു തന്റെ പുത്രനെ അയച്ചതിൽ ദൈവത്തിനു മനുഷ്യവർഗത്തോടുള്ള വാത്സല്യവും വിശ്വസ്തതയും കരുണയും കൃപയുമൊക്കെ അടങ്ങിയിരിക്കുന്നു.

യേശുമ്ശിഹാ വഴി കൃപയും സത്യവും നൽകപ്പെട്ടിരിക്കുന്നു (യോഹ. 1:14). ക്രിസ്തുവിൽ പ്രത്യക്ഷപ്പെട്ട ഈ കൃപ വഴി നീതിനിഷ്ഠയും ദൈവഭയവുമുള്ള ജീവിതം നയിക്കാനും നമുക്കു സാധിക്കുന്നു. ദൈവകൃപയിലേക്കു വരുന്ന ഒരാളുടെ മുഖമുദ്രയാണ് അനുതാപം. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന്റെ വ്യവസ്ഥയായി കർത്താവു പറയുന്നതും അനുതാപത്തിന്റെ ആവശ്യകതയാണ് (മർക്കോ. 6:5).

കൃപയെപ്പറ്റി ഏറ്റവുമധികം പ്രതിപാദിക്കുന്നത് പൗലോസ് ശ്ലീഹായാണ്. ദമസ്ക്കോസിലേക്കുള്ള യാത്രയിലുണ്ടായ ദൈവിക ഇടപെടലിൽ പൗലോസ് കൃപയുടെ പ്രവാഹത്തിലേക്കു കടന്നുവന്നു എന്നു പറയാം (അ.പ്ര.9:1-9). ആ കൃപയുടെ നിറകുടമായിത്തീർന്ന പൗലോസ് താൻ എന്തായിരിക്കുന്നുവോ അതു ദൈവിക കൃപ മാത്രമാണെന്ന് ഉറപ്പിച്ചു പറയുന്നു. ആ കൃപ പൗലോസിന്റെ പാപങ്ങളെ ക്ഷമിക്കുക മാത്രമല്ല, അദ്ദേഹത്തെ ഒരു ശ്ലീഹായായി വിളിക്കുകയും ആ കൃപയിൽ അധ്വാനിക്കുവാൻ കഴിവുള്ളവനാക്കുകയും ചെയ്യുന്നു (1 കൊരി. 8-11). പൗലോസിന്റെ അഭിപ്രായത്തിൽ കൃപ, പ്രഥമവും പ്രധാനവുമായി, മനുഷ്യരോടുള്ള ദൈവത്തിന്റെ ഇടപെടലായിട്ടാണ് ദർശിക്കേണ്ടത്. ദൈവകൃപ ഓരോ വ്യക്തിയെയും ക്രിസ്തുവിന്റെ സുവിശേഷത്തിലൂടെ ദൈവം വിളിക്കുന്നതും സ്വന്തമാക്കുന്നതുമാണ്.

പൗലോസിന്റെ ഒരു പ്രഖ്യാപനം എന്നെ ഏറെ സ്വാധീനിച്ചിട്ടുള്ളതും ജീവിത സാക്ഷ്യമായി ഉയർത്തിക്കാണിക്കാവുന്നതുമാണ്. ആ പ്രഖ്യാപനം: *ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു* (1 കൊരി. 15:10). നവതിയിൽ എത്തി നിൽക്കുന്ന എനിക്കു ജീവിതത്തിലുടനീളം ദൈവകൃപ അനുസ്യൂതമായി ലഭിച്ച സാക്ഷ്യമാണ് നൽകാനുള്ളത്. മൂന്നു മേഖലകളിൽ ഈ കൃപാസമൃദ്ധി അനുഭവിക്കാൻ കഴിഞ്ഞു.

1) തുടർക്കഥപോലുള്ള രോഗങ്ങളുടെ കന്നൊക്രമണത്തിൽ: ശൈശവം മുതലാരംഭിക്കുന്നു രോഗങ്ങളുടെ കഥ. നാലു വയസ്സുള്ളപ്പോൾ ടൈഫോയിഡിന്റെ മൂർഛിച്ച അവസ്ഥയിൽ, മാതാവു നേർന്നു, ഇവനെ ജീവനോടെ തന്നാൽ ദൈവിക ശുശ്രൂഷയ്ക്ക് സമർപ്പിച്ചുകൊള്ളാമെന്ന്. നാട്ടുചികിത്സ മാത്രം ലഭ്യമായുള്ള ഗ്രാമപ്രദേശം! മാതാവിന്റെ കണ്ണീരൊഴുക്കിയ പ്രാർത്ഥന ഫലം കണ്ടു. സുഖപ്രാപ്തിയിലെത്തി. പിന്നീട് ദൈവിക ശുശ്രൂഷയിൽ വ്യാപൃതനാകയും ചെയ്തു.

ശരീരത്തിൽ അംഗപ്രത്യംഗം ശസ്ത്രക്രിയയ്ക്കു വിധേയനായിട്ടുണ്ട്. കാൻസറിന്റെ കടന്നാക്രമണം രണ്ടു പ്രാവശ്യം. നാക്കിൽ കാൻസർ വന്ന് മരണത്തിലെത്തിച്ച അഞ്ചു പേരെ എനിക്കറിയാം. എന്നാൽ ദൈവകൃപ വ്യാപരിച്ചതിനാൽ ഞാൻ ഇന്നും പ്രവർത്തനനിരതൻ. നാക്കിൽ റേഡിയം സൂചി കടത്തിവച്ചുള്ള ചികിത്സയ്ക്കു ശേഷം ഡോക്ടർ ആശങ്ക പ്രകടിപ്പിച്ചു: സംസാരിക്കുമ്പോൾ കൊഞ്ഞ വരാൻ ഏറെ സാധ്യതയുണ്ടെന്ന്. പക്ഷേ, ദൈവവചനം സംസാരിക്കാൻ ഇന്നും ഈ നാവ് സുശക്തം. ഒരു ഗ്ലാൻഡിനു കാൻസർ പിന്നീടുണ്ടായി. സർജറി കഴിഞ്ഞുള്ള ബ്ലീഡിങ്ങ്, മരണത്തിന്റെ വക്കോളമെത്തിച്ചു. ഓപ്പറേഷൻ തീയേറ്ററിൽ ടേബിളിൽ കിടത്തി, വെളുപ്പിന് 2 മണിക്ക് തൈലാഭിഷേകം നടത്തി. എല്ലാം അവസാനിച്ചു എന്നു കരുതിയ നിമിഷങ്ങൾ! പക്ഷേ, അവിടെയും ദൈവകൃപ സമൃദ്ധിയായി വ്യാപരിച്ചു; സുഖപ്രാപ്തിയിലേക്കു നയിച്ചു. ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞപ്പോഴും ആശങ്ക നിറഞ്ഞ നിമിഷങ്ങളുണ്ടായി. പിന്നെയും, ദൈവകൃപ എന്നെ പ്രവർത്തനമണ്ഡലത്തിലെത്തിച്ചു. പലപ്പോഴായി എനിക്കു രക്തം തന്ന എന്റെ "രക്തബന്ധു"ക്കളുടെ സംഖ്യ അൻപതോട് അടുക്കും. എന്റെ ആത്മാവിനെ കർത്താവിന്റെ രക്തത്താൽ വീണ്ടെടുത്ത് രക്ഷയുടെ അനുഭവത്തിൽ എത്തിച്ചുവെങ്കിൽ, അനേകരുടെ രക്തദാനത്താലാണ് എന്റെ ശരീരം രക്ഷപ്പെട്ട്, സജീവമായിത്തുടരുന്നത്.

എന്റെ രോഗങ്ങളെപ്പറ്റി വിവരിക്കുന്ന മൂന്നു ലഘുകൃതികൾ ഉണ്ട് (1) ***മൗനിയായി ഏഴുദിനങ്ങൾ*** - കാൻസർ വാർഡിൽ ഏഴു ദിവസം അടയ്ക്കപ്പെട്ട് ബന്ധിക്കപ്പെട്ട മുറിക്കുള്ളിൽ നാലുസൂചികൾ നാക്കിൽ വച്ചുകൊണ്ട് കഴിഞ്ഞ

ദിവസങ്ങളിൽ, വേദനയെ അതിജീവിക്കാൻ എഴുതിയ കൃതി. കാൻസർ രോഗികളായ പതിനായിരങ്ങൾ അതു വായിച്ച് ആശ്വാസവും ധൈര്യവും കണ്ടെത്തിയിട്ടുണ്ട്. 2) ***മരണത്തോടു മുഖാമുഖം***; രണ്ടാം പ്രാവശ്യം കാൻസർ വന്നപ്പോൾ നടത്തിയ സർജറിയും തുടർന്നുള്ള അനുഭവങ്ങളും വിശദീകരിക്കുന്നു. ***"Face to Face with Death"*** എന്ന് അതിന്റെ ഇംഗ്ലീഷ് പരിഭാഷയും ഉണ്ടായി. 3) ***ദൈവമേ നീ എന്റെ ദൈവം*** രോഗമെന്ന തുടർക്കഥയും വിശ്വാസ പ്രതികരണവും പല എപ്പിസോഡുകളായി രോഗങ്ങളുടെ വിശദവിവരങ്ങൾ നൽകുന്നു. ഈ കൃതിക്ക് അനവധി പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. അഭിമുഖീകരിച്ച, വൈവിധ്യമാർന്നതും സങ്കീർണങ്ങളുമായ, രോഗങ്ങളെയെല്ലാം നേരിടുന്നതിനും അതിജീവിക്കുന്നതിനും കഴിഞ്ഞത് ദൈവകൃപ ഒന്നുകൊണ്ടുമാത്രം. അതെന്നെ കൂടുതൽ വിനീതനാകുവാനും ദൈവാശ്രയത്തിൽ ബലപ്പെടുവാനും സഹായിച്ചു. എന്റെ സ്വഭാവത്തെയും വീക്ഷണത്തെയും രൂപപ്പെടുത്തുന്നതിലും വലിയ പങ്കുവഹിച്ചിട്ടുണ്ട്. രോഗികളെ സന്ദർശിക്കുന്നതിനും അവർക്കുവേണ്ടി ക്രമമായി പ്രാർത്ഥിക്കുന്നതിനും കഴിവുള്ള സഹായം ചെയ്യുന്നതിനും പ്രേരകമായിട്ടുണ്ട്.

2) വചനശുശ്രൂഷാ രംഗത്ത്: ഇത്രയും ദീർഘകാലം വചനശുശ്രൂഷാരംഗത്ത് പ്രവർത്തിക്കാൻ കഴിഞ്ഞത് ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണ്. ഞാൻ വലിയ ബുദ്ധിരാക്ഷസനോ പണ്ഡിതവരേണ്യനോ ദാർശനിക പ്രഗത്ഭനോ ഒന്നുമല്ല. കേവലം ശരാശരിക്കാരനായ ഒരാൾ. എങ്ങനെ ഇത്രയും ദീർഘനാൾ വലിയ മങ്ങൽ ഏൽക്കാതെയും സ്വീകാര്യത നഷ്ടമാക്കാതെയും നിലനിന്നു? ഒരുത്തരം മാത്രം – ദൈവകൃപ! പ്രസംഗത്തിനുള്ള ഒരുക്കം പ്രാർത്ഥനയോടെ. പ്രസംഗത്തിനുമുമ്പ് അര മണിക്കൂറെങ്കിലും കർത്തൃപാദത്തിൽ ഇരുന്ന് കൃപ യാചിച്ച ശേഷമാണ് പ്രസംഗവേദിയിൽ എത്തുന്നത്. ആ സമയത്ത് മുമ്പ് ചിന്തിച്ചിട്ടില്ലാത്ത ചില ചിന്തകളും ആശയങ്ങളും മനസ്സിൽ കടന്നു വരാറുണ്ട്. കാൻസർ ബാധിച്ച നാവിന് ആവശ്യമായ ശക്തിയും പ്രചോദനവും ലഭിക്കുന്നു. ശ്രോതാക്കൾക്ക് പ്രയോജനപ്രദമായ സന്ദേശം നൽകാൻ ദൈവകൃപ എന്നെ പ്രാപ്തനാക്കുന്നു.

വി.കുർബാനമധ്യേയുള്ള ഹ്രസ്വമായ പ്രസംഗം ഒരു ഞായറാഴ്ചപോലും മുടക്കാതെ കഴിഞ്ഞ അറുപതിൽപരം വർഷം നടത്തുവാൻ ദൈവകൃപ ലഭിച്ചു. തലേ ദിവസം ഞാൻ വേദഭാഗം ശ്രദ്ധാപൂർവം വായിച്ച്, ധ്യാനിക്കയും ഹൃദയത്തിൽ ഉയരുന്ന ചിന്തകൾ കുറിച്ചു വയ്ക്കുകയും ചെയ്യും. അതാണ് കുർബാനമധ്യേ പ്രസംഗിക്കാൻ പര്യാപ്തമാകുന്നത്. പ്രസംഗം വചനാധിഷ്ഠിതമായിരിക്കണമെന്ന് നിർബന്ധമുണ്ട്. സന്ദേശം പ്രസക്തവും സംക്ഷിപ്തവുമായിരിക്കാൻ ശ്രദ്ധിക്കയും ചെയ്യുന്നു.

ഒരു കാലത്ത് കൺവൻഷൻ വേദിയിൽ ഞാനും ഒസ്താത്തിയോസ് തിരുമേനിയും അവിഭാജ്യഘടകങ്ങളായിരുന്നു. കേരളത്തിൽ എത്തിയിട്ടില്ലാത്ത പള്ളികൾ ചുരുക്കം. സഭാ യോജിപ്പുണ്ടായപ്പോൾ വടക്കൻ മേഖലയിൽ മുമ്പു പാത്രിയർക്കീസ് ഭാഗത്തു നിലനിന്ന പള്ളികളിലെല്ലാം വലിയ സ്വാഗതം ലഭിച്ചു. സെമിനാരി അധ്യാപനത്തിന് യാതൊരു ഭംഗവും വരുത്താതെയാണ് നാടെങ്ങും കൺവൻഷനുകളിൽ സംബന്ധിച്ചത്. എന്റെ കൺവൻഷൻ പരിപാടികൾ എന്ന പേരിൽ ഒരു കൃതി രചിക്കത്തക്കവണ്ണം അനുഭവസമ്പത്തുണ്ട്.

സെമിനാരിയിലെ 60 വർഷം നീണ്ടുനിന്ന അധ്യാപനം മറ്റാർക്കും അവകാശപ്പെടാനില്ലാത്തതാണ്. ഞാൻ വലിയ വേദശാസ്ത്രജ്ഞനോ വേദവിജ്ഞാനിയോ ഒന്നുമല്ല. പക്ഷേ, ദൈവകൃപ ഒന്നു കൊണ്ടു മാത്രം, കൃതജ്ഞതാപൂർവം സ്മരിക്കത്തക്കവണ്ണമുള്ള സേവനം അവിടെ നടത്തുവാൻ കഴിഞ്ഞു. അധ്യാപനം മാത്രമല്ല, വൈസ്പ്രിൻസിപ്പൽ എന്ന നിലയിൽ ഭരണപരമായ ഉത്തരവാദിത്തങ്ങളും നിർവഹിച്ചു. നിരാശയോ ദുഃഖമോ തോന്നത്തക്ക ഒരനുഭവം പോലും ഉണ്ടായിട്ടില്ല. പൂർവവിദ്യാർത്ഥികളെല്ലാം സ്നേഹാദരവുകളോടെ സ്മരിക്കത്തക്കവണ്ണം നല്ല ബന്ധം അവരുമായി പുലർത്തുവാൻ കഴിഞ്ഞു. ഇതു ദൈവ കൃപയല്ലാതെ മറ്റൊന്നുമല്ല. ഇപ്പോൾ ലോകത്തിന്റെ ഏതു ഭാഗത്തു ചെന്നാലും നമ്മുടെ വൈദികർ ഉള്ളിടങ്ങളിൽ ഊഷ്മളമായ സ്വാഗതവും ഹൃദ്യമായ സ്വീകരണവും ലഭിക്കുന്നു.

3) എഴുത്തിന്റെ രംഗത്ത്: 63 പുസ്തകങ്ങൾ ഇതിനോടകം രചിക്കുവാൻ കഴിഞ്ഞു. ക്രൈസ്തവ സാഹിത്യസൃഷ്ടിയിൽ ഏറ്റവും കൂടുതൽ വിലയുള്ളത് എന്റെ പുസ്തകങ്ങൾക്കാണെന്ന സാക്ഷ്യം അവിടെ നിന്നു കേൾക്കാറുണ്ട്. ***മലയാള മനോരമ***യിലെ ***ഇന്നത്തെ ചിന്താവിഷയം*** എത്രയോ നല്ല ഹൃദയങ്ങൾക്ക് ആശ്വാസവും പ്രചോദനവും നിരാശിതർക്ക് പ്രത്യാശയും പ്രോത്സാഹനവും അനേകർക്ക് മാർഗദീപവുമായും അനുഭവപ്പെടുന്നു. എഴുതിത്തുടങ്ങിയിട്ട് മൂന്നു പതിറ്റാണ്ടോളമാകുന്നു. ആവർത്തനം കൂടാതെ ഓരോ ആഴ്ചയും സംഗതമായ സന്ദേശം നൽകാൻ എങ്ങനെ കഴിയുന്നു എന്ന് ആശ്ചര്യപൂർവം പലരും എന്നോടു ചോദിച്ചിട്ടുണ്ട്. മറുപടി ഒന്നുമാത്രം. ദൈവ കൃപ! പുതിയ കഥകൾ, സംഭവങ്ങൾ, അവയിൽനിന്ന് ഉരുത്തിരിയുന്ന കാലികപ്രധാനമായ സന്ദേശങ്ങൾ ഇവ ഓരോ ആഴ്ചയിലും കണ്ടെത്തുന്നത് എളുപ്പമല്ല. ഞാൻ സാഹിത്യകാരനോ കഥാകൃത്തോ ഒന്നുമല്ല. എന്റെ ലേഖനങ്ങളെപ്പറ്റി ഒരു വിമർശനം ഉയർന്നിട്ടുള്ളത് ഞാൻ വിസ്മരിക്കുന്നില്ല: *ബൈബിളിൽ നിന്നുള്ള ഉദ്ധരണികളും പരാമർശങ്ങളും എപ്പോഴുമുണ്ട്. ഇതരമതസ്ഥർക്കു കൂടി സ്വീകാര്യമാകത്തക്കവണ്ണം അവരുടെ മതഗ്രന്ഥങ്ങളിൽ നിന്നുകൂടി ഉദ്ധരിക്കാവുന്നതല്ലേ?* ഞാൻ ദീർഘകാലം ഒരു ബൈബിൾ അദ്ധ്യാപകൻ ആയിരുന്നതുകൊണ്ട് സ്വാഭാവികമായി ബൈബിൾ പരാമർശങ്ങൾ വന്നുപോവുകയാണ്. അതുപോലെ കൈകാര്യം ചെയ്യത്തക്കവണ്ണം ഇതരമതഗ്രന്ഥങ്ങളുമായി എനിക്കു പരിചയമില്ല. അത് എന്റെ പോരായ്മയായി ഞാൻ അംഗീകരിക്കുന്നു.

ഒരുകാലത്ത്, സെമിനാരി അധ്യാപകനായിട്ടും കൺവൻഷൻ പ്രസംഗകനുമായിട്ടാണ് ഞാൻ അറിയപ്പെട്ടിരുന്നത്. പക്ഷേ, ഇപ്പോൾ എവിടെ ചെന്നാലും *ഇന്നത്തെ ചിന്താവിഷയം* എഴുത്തുകാരൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. അതിൽ എനിക്ക് സന്തോഷമേയുള്ളൂ. ദൈവകൃപ തുടർന്നും ലഭിക്കുമെന്നുള്ള പ്രത്യാശയിൽ ഞാൻ ഈ പംക്തി കൈകാര്യം ചെയ്യുന്നു. അനേകരുടെ ആശംസകളും പ്രാർത്ഥനകളും എനിക്കു സഹായകമായിട്ടുണ്ട്. പ്രാർത്ഥനകൾ എനിക്കു ഊർജം പകരുന്നു. ഞാൻ ദൈവകൃപയിൽ സമ്പൂർണമായി ആശ്രയിച്ച് പ്രബോധനരംഗത്തും രചനാരംഗത്തും തുടരുന്നു. ഒന്നു സ്വയം തിരിഞ്ഞു നോക്കാൻ അവസരം ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു: ദൈവത്തിന് ആയിരമായിരം സ്തോത്രം!!!

GM

(പ്രഭാഷകൻ, ഗ്രന്ഥകർത്താവ്, അധ്യാപകൻ, ധ്യാനഗുരു എന്നീ നിലകളിൽ വിഖ്യാതനായ വൈദിക ശ്രേഷ്ഠനാണ് ലേഖകൻ)

The Promise and Challenges of Orthodox Christianity Outside Kerala

Dr.Yuhanon Mar Demetrios

I. Introduction

The potential and promise of the Orthodox Christians is yet to be fully appreciated by the Malankara Orthodox Church. This may be due to the fact that the proliferation of the parishes outside Kerala was not planned or orchestrated by the Church, and on account of the migration of the faithful outside Kerala and India through the past decades. If the history of the main centres where Orthodox Christians have established their definitive imprint is examined, it will become evident that these parishes were established more through the sacrificial efforts of many of the faithful and priests who had migrated there than by any proactive planning of the Church. It is probably for the same reason that the potential promised by the character of Orthodox Christians continues to remain peripheral to the decision-making process of the Church. It can also be stated that even the challenges encountered by them are yet to receive a satisfactory resolution by the Church.

It may be an over-generalisation to consign all Orthodox Christians outside Kerala in the same category, even though the currently accepted designation is **Outside Kerala Region** (OKR). For this study, the situation prevailing among the Church faithful in USA, U.K., Europe, Africa,Far East, Australia and New Zealand will be omitted; but the issues raised herein would be broadly applicable to them also. In fact, they have issues of their own as well. For, Orthodox Christianity differs in Chennai from that in Hyderabad; the situation that prevails in North India definitely diverges from these strains. The one characteristic that provides for an unifying point is that the cultural world of Malayalam remains alien to all of them. It goes without saying that the use of a vernacular carries with it the cultural resonance of its meaning because the use of a language implies a familiarity with its cultural context. So, for those generations that have been born and raised outside Kerala, what is more meaningful is the cultural world provided by Tamil, Kannada or Hindi and a difficulty to assimilate easily communication in Malayalam.

Conversely, it has to be recorded that OKR Orthodox Christianity has not been static. Attempting to deal with its identity of originating in Kerala but now growing as a subset of a differing dominant culture, members of the Church have developed emphases that promise much for the Church's future. Liturgical innovations, such as the translation of the Eucharistic Service, the various sacramental services and prayers in various vernaculars have contributed immensely to the universal nature of the Church, which untill recent times had been confined to Malayalam and Syriac. As the only Church that has originated in India, it would be difficult to have an ecclesiastical form that only manifests a local character. **It is this OKR Orthodoxy that now provides the pluralism that enables the Malankara Orthodox Church to be truly national or even international and thereby substantiate its description as One, Holy and Catholic Church.**

These aspects of OKR Orthodox Christianity, therefore, give rise to both challenges and promises which the Malankara Orthodox Church must necessarily deal with to realise its potential. Our analysis will look at what it promises and some of the challenges that the Orthodox Christians face in a very different environment outside Kerala.

II. Promises of the OKR

a) Linguistic and Cultural Diversity

Linguistic plurality as a defining factor of the OKR has already been noted above, but its significance has not been fully gauged. It was the need to provide texts for the various services in other languages that led to the formulating of liturgical texts in other vernaculars and, in some instances, even providing for a script (Konkani). Such translations provide theological richness that comes with it, for nuances that were not part of the original Syrian or Malayalam now find a place as each language contributes its own connotations to the Church's theological repository. It has to be recalled that many a New Testament interpretation

L.L. Stephanos Mar Theodosius, who pioneered the Chruch's mission work in North India.

of Old Testament passages were based on its Greek translation rather than what was found in the Hebrew original. And both Judaism and Christianity have become that much richer for this development. Besides, it is a cardinal theological point of Orthodoxy that the Church must be presented in its pertinent cultural form as the preaching of the Gospel will become comprehensible to whom it is thus preached. This, after all, is the quintessential concept behind the incarnation of Jesus Christ. When this idea is translated into the contexts in the OKR, it will become evident that the linguistic diversity, instead of being a threat, holds the promise of substantially supplementing its character of being a national Church, rather than a faith imported by the colonial powers.

b) Role of STOTS

This growing awareness of linguistic and cultural diversity was what prompted the Church to establish its second theological institution, the St. Thomas Orthodox Theological Seminary (STOTS) in Nagpur. It was founded with the objective of moulding priests who could relate to this diversity of the OKR. Over the years, the Seminary has graduated students whose orientation and approach connects with those of our members born and bred in the OKR, even if the senior members continue to resist or make adaptations to the needs of these younger generations.

And just as the Orthodox Theological Seminary at Kottayam has become a wellspring of theological and spiritual formation for the Church, so also STOTS has become a fertile source of theological literature and spiritual development for the dioceses outside Kerala. It has produced much theological literature in English and Hindi which are of inestimable help to our families and parishes in the OKR, as well as guiding many of the young men and women to understand their faith- related traditions and practices better. Though it has not yet been carefully noted, the linguistic diversity has also resulted in adding to the richness of the Church's music. The Hindi liturgy utilises basically Hindustani music, an enchantingly beautiful contribution to its equally beautiful Syriac music. It must be stated that had the Church been more open to such cultural adaptations as mandated by its theological moorings, the liturgy in Hindi would have provided a very fruitful channel of evangelistic outreach. Further, the graduates from STOTS have produced a cultural diversity in the Church's clergy that will prove to be a ferment for theological and liturgical renewal. But the proverbial statement that we have miles and miles to go, applies very forcefully to what STOTS has yet to achieve. Refining the language of the Hindi liturgy, translating and publishing the Services of the Sacraments into Hindi and other vernaculars and enhancing the standards of is graduates are objectives on which STOTS has to focus, if it is to realise the goal for which it was founded. Therein lies the immense potential of what STOTS can achieve in the decades to come.

c) Regaining the Evangelistic Heritage

An intensification of the Church's evangelistic commission and outreach is called for within the OKR. Regrettably, the Church's commitment to disseminate the gospel has been sporadic and attained impressive heights only because of the inspiration provided by its charismatic leaders like St. Gregorios of Parumala, the Late Lamented metropolitans Pathrose Mar Osthathios and Geevarghese Mar Osthathios. The urgency to spread the Gospel, a strong motivational force witnessed in other Churches, appears to have been diffused in the Malankara Orthodox Church, so much so that compunctious visitation of this commission is rarely felt today or the efforts in this direction remain virtually absent. In some official Church circles, this important character of its apostolic lineage is even abdicated for various considerations. And this when we recall that in the early periods of the Church, it was a vibrant epicentre of evangelistic outreach, sending out is messengers all over the East, even up to China.

Much of the motivation to re-assume this evangelistic outreach has been shouldered by the OKR, especially STOTS, as it attempts to redirect the Church's need to energise its efforts in this area. Lay evangelists, once the monopoly of the Mission Board and the Mission Training Centre at Mavelikera, have appeared, albeit in single digits, to spread the Word of God to others. As these endeavours increase, there is concomitantly the formulation of an evangelistic perspective that will be mature, reflecting the Orthodox evangelistic methodologies, and not the mere copies of models followed by other Churches.

Success breeds motivation and perhaps such evangelistic outreach programmes will motivate the Church's young men and women to engage in them. Practically in all dioceses of the Church, there is a surfeit of parish priests, but a dearth of those committed to serving the institutions of social work, such as *balabhavans*, hospitals, schools and especially in programmes associated with evangelism. What the Church requires desperately are young men and women who will selflessly serve in these areas to spread the message of Christ's love to others, even at the cost of one's own comfort and future. But that precisely has been the challenge Christ had promised - if you seek your own gain, ultimately you will lose everything. Conversely, if you sacrifice everything for Christ and God's Kingdom, you will gain everything!

So, we look to the OKR to fully establish the Church's apostolic credentials through re-invigorating its evangelistic outreach. While some foundational work in this regard has been done, much more requires to be done for the Church to regain its role as the Bearer of Good News. This is not an option, but a commission that was entrusted by Christ Himself to the Apostles and through them to the Church (St.Mat 28:18). **If this were to happen it will not confine the Church to an ethnic**

identity but it will gradually attain a more nationally representative constituency, once more fulfilling the promise it holds of being a truly Indian Church.

d) Retrieving the North Indian Tradition of St. Thomas

In all probability it would sound virtually as a heresy to state that St. Thomas, the Apostle of India, first visited north India and then arrived in Malankara. But there is more evidence coming out to support such a claim as distinct from the tradition of the Apostle's arrival in Muziris in A.D. 52. The third century apocryphal *Acts of Judas Thomas* and other corroborative evidence point indisputably to St. Thomas' arrival in North India around A.D. 43 to Taxila and to the court of King Gondophores. The historicity of this king belonging to the Parthian dynasty has been established beyond doubt by the discovery of his coins and more recently his rock edicts as the Chinese built a super highway to Gwadar. Supplementing this is the finding of a Persian Cross in Goa and the long tradition in the Kalyan region of the existence of St. Thomas Christians there. Connecting these historical dots would indicate that St. Thomas may have arrived by sea to North Indian area and established Christianity there before he returned to Palestine and then visited the southern coast of Malankara. **If this claim is admitted, then St. Thomas attains his true stature as *the* Apostle of India, a title which nobody else can rightfully claim.**

As the arrival of St. Thomas in Malankara in A.D. 52 has become an article of faith for the Church, it would appear difficult to argue for its adaptation to include this north Indian tradition. **But the benefits of such an adaptation are indeed significant. No other Church is so favourably positioned to argue for a *national* apostolic footprint as the Malankara Orthodox Church if this tradition is embraced.** The difficulty of such an adaptation can be gauged from the fact that even suggesting this would raise the hackles in some quarters by arguing that it would amount to side-lining of St. Thomas' arrival in Malankara. **However, what is being suggested here is that, along with the tradition of St. Thomas' arrival in Malankara, the Church should earnestly embrace the Apostle's visit to north India, so that the Church can then establish itself as the *only* Church which was established *all over India* by St. Thomas, *the Apostle of India!***

No doubt it is the OKR that has the most to gain by championing the arrival of St. Thomas to north India. The growth of the Malankara Orthodox Church in this region can now be interpreted as retrieving the lost apostolic heritage and not just a chapter delineating the spread of the Orthodox Church to the north. And that would provide the firm apostolic underpinnings for the parishes in the OKR to go beyond what the Church can undertake in Kerala. **It is our submission that such an advocacy must become the reiterative theme of the Orthodox Christians in the OKR, for it might be only in this fashion that the Church will ultimately conflate these two traditions and teach that St. Thomas is indubitably *the* Apostle of India.** Certainly, this is one promise that holds much importance for the Church as a whole and one in which the OKR has a very significant role to play.

III. Challenges of Orthodox Christians in the OKR

If the situations in the OKR that appear as problematic for the Church are seen as positive challenges, such an orientation would go a long way to assist it to grow significantly. The Church has done much to address some of these issues and it has certainly gained much in stature by adopting such measures. These steps in administration, liturgy, theological formation, continued nurturing of future generations and even the establishment of the OKR as a separate region permitting it to make decisions pertinent to it are are as where the Church has registered impre ssive gains by positi vely dealing with the issues raised by its members in the OKR.

A detailed list ing of the challenges encountered by Chri stians in the OKR would be endless, and so only a summ ary treatment of the major issues will be undertaken here.

Mar Stephanos with mission workers in North India. (file photo).

a) Organic Inclusion of the OKR in the Decisions of the Church

Any suggestion that such is not the present state must be strongly dispelled; in fact every effort has been made by the Church to ensure that every facet of the concerns raised by its members in the OKR has been addressed. What is called for here is a more panoramic viewpoint in its decision-making process that allows for more of the experiences and issues of the OKR to be incorporated into it. **Let us bear in mind that the Chur ch is near-universal today and so its decisions must reflect a policy that is inclusive of all these diversities wherever possible so that its members will have the su re experience that their concerns have been adequat ely studied by the Church.** Such a move will develop within the Church a process of wider deliberation that will raise it to envision issues on a more global scale rather than be confined to a region, or even to a State. It will reveal that the Church is not only historically ancient, but that it possesses the theological maturity to contribute immensely to Christianity as a whole.

b) Engaging a Linguistic and Cultural Diversity

Again, this is a character that can be gained only through an open-minded and a positive attitude. There is a strident note in many of the meetings of the OKR of how the Church is yet to actually engage the linguistic and cultural diversity represented by the members in the OKR. For example, there has to be a larger vision when programmes and projects are formulated, as if the Church were culturally and regionally homogenised. For some, this represents a threat since it calls for adaptation in thinking and understanding that will derail their security and complacence. How can the Church channel the linguistic and cultural diversity to its advantage? That should be the goal of how the Church can approach them positively.

For one, the Church has to encourage its members to develop its liturgy, music and services in each vernacular. That it sufferd much because it abdicated this goal in the past must not be a forgotten lesson. It is because the Church did not nurture an indigenous worship framework that it has to accept the adverse effects of the present situation. Therefore, the Church's growth must be also seen in how it can develop its linguistic diversity to provide the space for it to grow into a national stature. It is also important that a cultural diversity be added to the Church's character. One hears of how priests born and bred outside Kerala represent a challenge, and how graduates from STOTS are sometimes seen more of a threat than a source of strength. It has to be always borne in mind that Christianity, even as evidenced in the pages of the New Testament, was not cut from a single stone but manifested divergent traits. A true picture would be *Concordia dicors*-harmony in variety! Harnessing the strengths of the cultural diversity of the Church should add to its strength and stature, rather than be seen as a stumbling block in the path of its progress.

c) Developing a Relevant Theological Response

It would not be an exaggeration to state that the Church has much to do with regard to providing guidance to its members, especially for its members in the OKR. It has been woefully deficient in providing guidelines on ethical, family and social issues, finding refuge more in inaction and silence rather than engaging with them. And that, by omission, is allowing its members to seek guidance and spiritual leadership elsewhere. Only by engaging with such issues can the Church experience the power of the Holy Spirit to lead it into all Truth (St. Jn 16:13-14). Isolating itself in secure fortresses cannot provide the necessary crucible in which relevant theology is formulated. Hence, careful deliberation, theological vision and openness to the guidance of the Holy Spirit must become the preconditions to how the Church will encounter issues and formulate guidelines for its members. Many of the issues being encountered in the OKR are being experienced in Kerala too, but in a higher degree outside it. Pre-marital counselling material, especially for spouses that come from other communities, literature that provide basic theological introductions to the faith of the Church, newer prayer formats for new members and a host of issues raised in many conferences in the OKR must be seen as challenging areas of action for the Church.

d) Conflating the St.Thomas Traditions of North and South India

This represents a very difficult task for the Church, and a veritable challenge, since from its first days it has always held, and taught, that St.Thomas arrived on the shores of Malankara in A.D. 52. To change that to a different concept will indeed be an immense issue, with intense opposition emerging from several quarters. But the flipside of not doing so is equally dangerous. Even after centuries of existence in India, the Church still remains linguistically and ethnically confined, while other Churches, even those that splintered from it, have attained a more representative character. Some others have already claimed the titular privilege of being pan-Indian. To appreciate how adversative this is can be seen by how many of the Churches today claim to be founded by St.Thomas, with even new-fangled denominations seeking more and more to conform to an Indian Orthodox paradigm. **At this stage at least, there is no Church other than Malankara Orthodox Church whi ch can rightfully lay claim to its establishment as a natio nal Church by St.Thomas. The Church should never allow this singular privilege to be lost by inaction and omission. This surely is a major challenge, but one that has to be seen as being of immense potential for its future growth and stature.**

The issues analysed here are surely representative of the myriad ones encountered by the Orthodox members in the OKR, and by extension by the Malankara Orthodox Church. They have been proffered more as food for thought rather than as a comprehensive or detailed analyses of the issues. But it is fervently hoped that they will provide a lead-in to a more detailed and pervasive discussion at all levels of how the Church can develop to truly become One, Holy, Catholic and Apostolic.

GM

(The author is the Metropolitan of the Diocese of Delhi)

കൂനൻ കുരിശു സത്യത്തെ വളച്ചൊടിക്കുന്ന മാധ്യമവേലകൾ

■ ഡോ. എം. കുര്യൻ തോമസ്

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി രാഷ്ട്രപിതാവായ മഹാത്മഗാന്ധി 1942-ൽ ബ്രിട്ടീഷുകാർ ഇന്ത്യവിടുക എന്ന ആവശ്യവുമായി *ക്വിറ്റ് ഇന്ത്യാ* സമരം ആരംഭിച്ചു. രാജ്യമാസകലം ആളിപ്പടർന്ന ഈ സമരത്തിന്റെ ഫലമായാണ് 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത്. ബ്രിട്ടീഷുകാർ *ഇന്ത്യ വിടുക* (Quit India) എന്ന അന്നത്തെ സമര മുദ്രാവാക്യത്തിനു പകരം *ഇന്ത്യ ഭരിക്കുക* (Rule India) എന്നതായിരുന്നു ആ സമരത്തിന്റെ മദ്രാവാക്യം എന്നു പറയുന്നതിനു തുല്യമായിപ്പോയി 2019 ഒക്ടോബർ 7-നു ചില പ്രമുഖ മലയാള ദിനപ്പത്രങ്ങളിൽ *1653-ലെ കൂനൻ കുരിശു സത്യപ്രതിജ്ഞാ വാചകങ്ങൾ* എന്ന ശീർഷകത്തിൽ വന്ന ഭാവനാസൃഷ്ടി.

ഞങ്ങളും ഞങ്ങളുടെ സന്തതി പരമ്പരകളും ഭൂമിയും സൂര്യചന്ദ്രന്മാരും ഉള്ളിടത്തോളം കാലം അന്ത്യോഖ്യാ സത്യ വിശ്വാസത്തിൽ നിലകൊള്ളും... ഇതാണ് 1653-ലെ കൂനൻകുരിശു സത്യവാചകമെന്നാണ് പ്രസ്തുത പത്രത്തിന്റെ ഭാഷ്യം! ബോക്സ് വരച്ച് പ്രത്യേകം കൊടുത്ത ഈ പ്രസ്താവന സംഭവസ്ഥലത്തുനിന്നുള്ള റിപ്പോർട്ടല്ല; ദിനപ്പത്രത്തിന്റെ *കണ്ടെത്തലാണെന്നു* വ്യക്തം. അങ്ങനെയെങ്കിൽ, ഈ മഹാ ചരിത്രശകലത്തിന്റെ സ്രോതസ് എന്താണ് എന്നു വെളിപ്പെടുത്താനുള്ള ബാധ്യത പ്രസാധകർക്കുണ്ട്.

ഇന്ത്യയുടെ മണ്ണിൽ പാശ്ചാത്യ ആധിപത്യത്തിനെതിരായി ആദ്യം നടന്ന സ്വാതന്ത്ര്യ സമരമായിരുന്നു ചരിത്രപ്രസിദ്ധമായ കൂനൻ കുരിശു സത്യം. ആ അധിനിവേശം ആത്മീയമായിരുന്നതിനാൽ സമരവും ആത്മീയ കൊളോണിയലിസത്തിന് എതിരായി മാത്രമായിരുന്നു. ഒരു മതലഹള - *ശീശ്മ* - മാത്രമായി അക്കാലം മുതൽ റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ ഇതിനെ ചിത്രീകരിച്ചതിനാൽ മതേതര സാമൂഹ്യചരിത്രകാരന്മാരാരും ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലോ കേരളത്തിന്റെ പൊതു ചരിത്രത്തിലോ കൂനൻ കുരിശു സത്യത്തെ സമീപകാലംവരെ ഉൾപ്പെടുത്തി യിരുന്നില്ല. ഇപ്പോൾ സ്ഥിതിക്കു മാറ്റം വരുന്നുണ്ട്. അപ്പോഴാണ് പൊതുസമൂഹത്തെ തികച്ചും തെറ്റിദ്ധരിപ്പിക്കുന്ന ഈ വാർത്താശകലവുമായി ഉത്തരവാദിത്തമുള്ള ചില മാധ്യമങ്ങൾ മുമ്പോട്ടു വന്നത്.

സ്വത്വം, സ്വാതന്ത്ര്യം, സ്വാഭിമാനം. *ഭാരതത്തിന്റെ ഒന്നാം സ്വാതന്ത്ര്യ സമര പ്രഖ്യാപനമായ കൂനൻ കുരിശ് സത്യപ്രതിജ്ഞ രേഖപ്പെടുത്തിയിരിക്കുന്ന ശിലാഫലകം മട്ടാഞ്ചേരി കൂനൻ കുരിശു പള്ളി അങ്കണത്തിൽ.* (വലത്ത്): *കൂനൻ കുരിശു സത്യം എന്ന പേരിൽ വന്ന പത്രവാർത്ത(7/10/2019)*

കൂനൻ കുരിശു സത്യം റോമാ സഭയ്ക്കോ റോമാ പാപ്പായ്ക്കോ എതിരായിരുന്നില്ല എന്നാണ് റോമൻ കത്തോലിക്കാ സഭ എക്കാലവും അവലംബിക്കുന്ന നില. ഫ്രാൻസിസ് ഗാർഷ്യ എന്ന ലത്തീൻ മെത്രാനോട് വ്യക്തിപരമായും, നസ്രാണികൾക്കിടയിൽ പ്രവർത്തിച്ചിരുന്ന ജസ്യൂട്ട് മിഷണറിമാരോട് പൊതുവായും ഉള്ള വിരോധം മാത്രമായിരുന്നു കൂനൻ കുരിശു സത്യം എന്നാണ് അവരുടെ എന്നത്തേയും കാഴ്ചപ്പാട്. അതോടൊപ്പം ഇവയിൽനിന്നുള്ള തങ്ങളുടെ രക്ഷാ പ്രതീക്ഷയായി കണ്ട മാർ അഹത്തുള്ള എന്ന പൗരസ്ത്യ മെത്രാന്റെ വധത്തെപ്പറ്റിയുള്ള വാർത്തയും നസ്രാണികളെ ക്ഷുഭിതരാക്കി എന്നും അവർ വിലയിരുത്തി. അതിനാലാണ് കൂനൻ കുരിശു സത്യത്തെത്തുടർന്ന് ജസ്യൂട്ടുകളെ പിൻവലിച്ച് പകരം കർമ്മലീത്തരെ റോം രംഗത്തിറക്കിയത്. എന്നിട്ടും അവർ പ്രതീക്ഷിച്ചതുപോലെ *ശീശ്മ* ശമിച്ചില്ല എന്നതുതന്നെ നസ്രാണികളുടെ സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു കൂനൻ കുരിശു സത്യം എന്നതിന്റെ തെളിവാണ്.

മലങ്കരസഭയും അന്ത്യോഖ്യാസഭയുമടക്കം ഓറിയന്റൽ ഓർത്തഡോക്സ് സഭകളെല്ലാം പിന്തുടരുന്നത് അലക്സാണ്ഡ്രിയൻ വേദശാസ്ത്രമാണെന്നും *അന്ത്യോഖ്യൻ വിശ്വാസം* എന്ന് വേദശാസ്ത്രവൃത്തങ്ങളിൽ അറിയപ്പെടുന്നത് നെസ്തോറി

യൻ വേദവിപരീതമാണന്നും ഉള്ള അടിസ്ഥാന വസ്തുത തൽക്കാലം വിസ്മരിക്കാം. എന്നാൽ ഈ വാർത്താശകലത്തിന്റെ ആമുഖമായി ചേർത്തിരിക്കുന്നത് പരിഗണിക്കാതിരിക്കാൻ തരമില്ല:

> *സുറിയാനി പാരമ്പര്യമുള്ള കേരളത്തിലെ ആദിമ ക്രൈസ്തവസഭയെ പോർട്ടുഗീസ് ആധിപത്യത്തിലേക്ക് മാറ്റാൻ മിഷണറിമാരുടെ നേതൃത്വത്തിൽ ശ്രമം നടന്നപ്പോൾ അതിനെതിരെ സുറിയാനി ക്രൈസ്തവരുടെ പ്രതിഷേധമായിരുന്നു 1653 ജനുവരി 3-ന് നടന്ന കൂനൻകുരിശു സത്യം...* (2019 ഒക്ടോബർ 7-ലെ പത്രവാർത്ത)

വാർത്താശകലത്തിൽ പറയുന്നതുപോലെ, റോമാ-സുറിയാനിക്കാരടക്കം നസ്രാണി പാരമ്പര്യം അവകാശപ്പെടുന്ന കേരളത്തിലെ എല്ലാ സഭകൾക്കും കൂനൻ കുരിശു സത്യത്തിന്റെ അസ്തിത്വം ബാധകമാണ്. ഇടതുകാലിലെ മന്ത് വലതുകാലിലാക്കുന്നതുപോലെ ഒരു പാരതന്ത്ര്യത്തെ പറിച്ചെറിഞ്ഞ് മറ്റൊരു അടിമ നുകം - വിശിഷ്യാ അന്ത്യോഖ്യ - ചുമലിലേറ്റിയ ഒന്നായിരുന്നു കൂനൻ കുരിശു സത്യം എന്ന് അവരിൽ ആരും ഇതുവരെ പറഞ്ഞിട്ടില്ല. അവയിൽ ചിലതുമാത്രം പരിശോധിക്കാം.

റോമാ-സുറിയാനി ചരിത്രകാരനായ ഫാ.ബർണാഡ്(CMI) 1916-ൽ പ്രസിദ്ധീകരിച്ച തന്റെ ***മാർത്തോമ്മാ ക്രിസ്ത്യാനികൾ*** എന്ന ഗ്രന്ഥത്തിൽ കൂനൻ കുരിശു സത്യത്തെ പരാമർശിക്കുന്നത് താഴെ പറയുംപ്രകാരമാണ്:

> *...1653-മാണ്ടിന്റെ ആരംഭത്തിൽ ജനുവരി 3-ാം തീയതി വെള്ളിയാഴ്ച അവിടെ സമീപെയുള്ളതും കൂനൻ കരിശു എന്ന നാമത്തിൽ ഇന്നും പൂജ്യതയോടുകൂടി സൂക്ഷിക്കപ്പെടുന്നതമായ കുരിശിൽ കയർകെട്ടി അതിൽ എല്ലാവരും പിടിച്ചുകൊണ്ട് മേലാൽ ഒരിക്കലും ഈശോ സഭക്കാർക്ക് വണക്കം ചെയ്കില്ലെന്നും അവരിൽ ആരെയും സ്വന്തമതാദ്ധ്യക്ഷ്യനായി സ്വീകരിക്കില്ലെന്നും ശപഥം ചെയ്തു...*

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മാർ അപ്രേം മെത്രാപ്പോലീത്തായുടെ 1976-ലെ പൗരസ്ത്യ ***സഭാചരിത്രപ്രവേശിക*** എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്:

> *...1599-ലെ ഉദയംപേരൂർ സുന്നഹദോസുമുതൽ 1653 വരെ റോമാ അടിമത്തത്തിൽ കഴിഞ്ഞുകൂടിയ സുറിയാനിക്കാർ കൂനൻ കുരിശ് സത്യത്തോടുകൂടി സ്വതന്ത്രമായ ഒരു ഭരണസംവിധാനത്തിനായി തീരുമാനിച്ചുറച്ചു...*

മലങ്കര മാർത്തോമ്മാ സുറിയാനി സഭാചരിത്ര സംഗ്രഹം എന്ന, 1936-ൽ പ്രസിദ്ധീകരിച്ച തന്റെ കൃതിയിൽ റ്റി. സി. ചാക്കോ:

> *...അപ്പോൾ അങ്ങോട്ടു അടുക്കുന്നത് ബുദ്ധിയല്ലന്നു അർക്കദിയാക്കോനും മറ്റും തോന്നുകയാൽ അവർ കൊച്ചിയിൽ മട്ടാഞ്ചേരിയിലെ പഴയപള്ളിപറമ്പിൽകൂടി അവിടെ ഉണ്ടായിരുന്ന കൂനൻ കുരിശു എന്നു പറയപ്പെടുന്ന കുരിശിൽ നിന്ന് അനേകം ആലാത്തുകൾ കെട്ടി അതിന്മേൽ പിടിച്ചുകൊണ്ട് സത്യം ചെയ്ത് റോമ്മാ സഭയിൽനിന്ന് പിരിഞ്ഞു. അങ്ങനെഉദയംപേരൂർ സുന്നഹദോസുകൊണ്ട് സുറിയാനി സമുദായം സമ്പാദിച്ച നിന്ദയെ കൂനൻകുരിശ് സത്യംകൊണ്ട് 1653 മകരം 3-നു വെള്ളിയാഴ്ച്ച നീക്കികളഞ്ഞ് മലങ്കരസഭയുടെ അഭിമാനത്തെയും സ്വാതന്ത്രത്തെയും വീണ്ടെടുത്തു...*

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രം എന്ന ഗ്രന്ഥത്തിൽ തൊഴിയൂർ സഭാംഗമായ കെ. സി. വർഗീസ് കശീശാ:

> *...ഇങ്ങനെ1599 മുതൽ 50 തോളം വർഷത്തേക്ക് നിലവിലിരുന്ന കത്തോലിക്കാ ഭരണത്തിന് കൂനൻകുരിശ് സത്യം പൂർണ്ണവിരാമമിടുകയും ഉദയംപേരൂർ സുന്നഹദോസിൽ വച്ച് കളഞ്ഞുകുളിച്ച അഭിമാനം വീണ്ടെടുക്കുകയും ചെയ്തു...*

സി.എസ്.ഐ. സഭയുടെ ഭാഗമായി മാറിയ ആംഗ്ലിക്കൻ ഇവെകയിലെ റവ. ജോർജ്ജ് കുര്യൻ 1872-ൽ രചിച്ച ***മലയാളത്തുള്ള സുറിയാനി സഭയെയും സമൂഹത്തേയും കുറിച്ചുള്ള ഒരു പ്രകരണം*** എന്ന ഗ്രന്ഥത്തിൽ കൂനൻകുരിശു സത്യത്തെ വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

> *...അനന്തരം സുറിയാനിക്കാർ മട്ടാഞ്ചേരിപ്പള്ളിയിൽ കൂടിയാലോചിച്ചതാവിതു. പറങ്കികൾ ഈവണ്ണം നമ്മുടെ മെത്രാനോട് ചെയ്തു കൊണ്ട് അവരോടുകൂടെ ഇനി നാം ചേരരുതെന്നു അവരുമായിട്ടു ഐക്യമത്വവും സ്നേഹവും ഇനി വേണ്ടായെന്നും ആ കാലത്തിൽ വാഴുന്ന പ്രഞ്ചിക്കുറോസു മെത്രാൻ നമ്മുടെ മെത്രാനല്ല എന്നും അവരുടെ പ്രജകൾ നാം അല്ല എന്നും അവരുടെ മെത്രാന്മാരെ ഇനിമേലാൽ നാം അനുസരിക്കയില്ലെന്നും നമ്മുടെ തോമ്മാ അർക്കദിയാക്കോൻ മെത്രാനായിട്ട് വാഴണമെന്നും എഴുതിപ്പിച്ച് എല്ലാവരും കൂടെ 1653 മകരം 3-ാം തീയതി വെള്ളിയാഴ്ച്ച കൂനൻകുരിശു എന്നു പറയുന്നതിന്മേൽ കയറുകെട്ടിപ്പിടിച്ച് സത്യം ചൊല്ലി...*

അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്ന ഇഗ്നാത്തിയോസ് യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് രചിച്ച് ***ഇന്ത്യയിലെ സുറിയാനി സഭാചരിത്രം*** എന്ന പേരിൽ 2010-ൽ മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ കൂനൻ കുരിശു സത്യത്തെ വിശദീകരിക്കുന്നുണ്ട്.

> *...അവർ കൊച്ചിക്കു സമീപമുള്ള മട്ടാഞ്ചേരിയിൽ 1653 ജനുവരി 3-ാം തീയതി ഒത്തുചേർന്ന് അവിടെ ഉണ്ടായിരുന്ന കൂനൻകുരിശ് എന്ന് പിൽകാലത്ത് പ്രസിദ്ധമായ കൽകുരിശിൽ നീളമുള്ള ഒരു ആലാത്ത് കെട്ടി അതിൽ പിടിച്ചുകൊണ്ട് റോമായുമായുള്ള ബന്ധത്തെ ഉപേക്ഷിച്ചു പ്രതിജ്ഞ ചെയ്തു. അവരുടെ പ്രതിജ്ഞ ഉൾക്കൊള്ളുന്ന ഒരു ഉടമ്പടിയും ഉണ്ടാക്കി ഒപ്പിട്ടു...*

ക്നാനായ സമുദായാംഗവും പഴയസെമിനാരിയിലെ ആദ്യ വിദ്യാർത്ഥികളിൽ ഒരുവനും സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ശെമ്മാശനും സെക്രട്ടറിയുമായിരുന്ന ഇടവഴിക്കൽ പീലിപ്പോസ് കത്തനാർ 1815-ൽ എഴുത്താരംഭിച്ച് നാൾവഴി രൂപത്തിൽ 1915 വരെ അദ്ദേഹത്തിന്റെ അനന്തര തലമുറക്കാർ അവിച്ഛിന്നം എഴുതിവന്ന ഒരു രേഖയാണ് ***ഇടവഴിക്കൽ ഡയറി***. 1815-നു മുമ്പുള്ള ലഭ്യമായ വിവരങ്ങൾ **ഇടവഴിക്കൽ** ഡയറിയിൽ ആമുഖമായി ചേർത്തിട്ടുണ്ട്.

ഈ കയ്യെഴുത്തു കൃതിയിൽ നിന്നും മലങ്കരസഭയുടെ ഔദ്യോഗിക ജിഹ ആയിരുന്ന ***ഇടവക പത്രിക***യുടെ പത്രാധിപരായിരുന്ന ഇടവഴിക്കൽ ഇ. എം. ഫിലിപ്പിന് മുകളിൽ യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് പരാമർശിക്കുന്ന പടിയോലയുടെ പകർപ്പു ലഭിച്ചു. അദ്ദേഹം എഴുതിയ 1896-ലെ പുസ്തകം 5, ലക്കം 3, ഈയോർ - മീനം ലക്കം **ഇടവക പത്രിക**യുടെ മുഖപ്രസംഗത്തിൽ *മട്ടാഞ്ചേരി പടിയോല*യുടെ പൂർണരൂപം ചേർത്തിട്ടുണ്ട്. അതിനാസ്പദമായ ***ഇടവഴിക്കൽ***

*ഡയറി*യിലെ പ്രസക്തഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്:

...അനന്തരം ഇത്ര ക്രൂരപാതകം ചെയ്ത പറങ്കകളോടും അവരുടെ കൂട്ടത്തോടും യാതൊരു ചേർച്ചയും അരുതെന്ന സുറിയാനിക്കാർ നിശ്ചയിച്ചു. എല്ലാവരും കൂടി കൊച്ചിയിൽ കൂനൻ കുരിശിന്മേൽ ഒരു കയറ കെട്ടിപ്പിടിച്ച 1653 മകരം 3-ാം തീയതി സത്യം ചെയ്കയും ഒരു പടിയോല എഴുതി ഒപ്പിടുകയും ചെയ്തു. ആ പടിയോലയുടെ പേർപ്പ.

മോറാൻ ഈശോമശിഹാ പിറന്നിട്ട 1653-ാമത് മകരമാസം 3-ാം തീയതി വെള്ളിയാഴ്ചനാൾ അർക്കദിയാക്കോൻ അച്ചനും മലങ്കര എടവകയിലുള്ള പള്ളികളിലെ വികാരിമാരും ദേശത്തുപട്ടക്കാരും എല്ലാവരുംകൂടി മട്ടാഞ്ചേരിൽ പള്ളിയിൽവച്ച നിശ്ചയിച്ച കല്പിച്ച കാര്യം: അയ്ത.

ശുദ്ധമാ നകാതോലിക്കാ പള്ളി കല്പിച്ച നമുക്കായിട്ട മലങ്കരയ്ക്കു യാത്രയാക്കിയ പാത്രിയർക്കീസിനെ ബലത്താലെ മെത്രാനും സാമ്പാളൂർ പാതിരിമാരും കൂടി പിടിച്ച, നമുക്ക് അനുഭവിക്കരുതെന്ന കല്പിച്ചതകൊണ്ടും ആ പാത്രിയർക്കീസ മലങ്കരയ്ക്കുവന്ന നമ്മുടെ കണ്ണുംമുന്നിൽ കാണോളംനേരം (പൊടിവ്) ഇപ്പോൾ മലങ്കര വാഴുന്ന മാർ ഫ്രഞ്ചിയൂസ മെത്രാൻ നമുക്ക മെത്രാനല്ല. നാം അയാളുടെ ഇടവകയിലുള്ള പ്രജകളുമല്ല എന്ന ഒന്ന. ശുദ്ധമാനപള്ളിയുടെ ക്രമത്തിൽ തക്കവണ്ണം നമ്മുടെ എടവക വാഴുവാൻ മേല്പട്ടക്കാരൻ വേണ്ടുന്നതിന ഇപ്പോൾതൊട്ട തോമ്മാ അർക്കദിയാക്കോൻ തന്നെ വാണുകൊള്ളുകയും വേണമെന്ന ഒന്ന. ഇതിനവിചാരരായിട്ട കല്ലിശ്ശേരി പള്ളിയിൽ ഇട്ടിത്തൊമ്മൻ കത്തനാരും കടുത്തുരുത്തി പള്ളിയിൽ കടവിൽ ചാണ്ടിക്കത്തനാരും അങ്കമാലി പള്ളിയിൽ വേങ്ങൂർ ഗീവറുഗീസ കത്തനാരും കുറവിലങ്ങാട്ടു പള്ളിയിൽ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരും ഇവർ നാലുപേരും വിചാരക്കാരായിരുന്നു മുവ്വാണ്ടിൽ മുവ്വാണ്ടിൽ കൂടിവിചാരിച്ച കല്പിച്ചു കൊൾകയുംവേണം എന്ന ഒന്ന. ഈ കല്പിച്ചമേക്ക കടവിൽ ചാണ്ടിക്കത്തനാർ കയ്യെഴുത്ത.*

ഇപ്രകാരം ഒരു ഉടമ്പടി തീർത്ത ഒപ്പിട്ടപടി എല്ലാവരും ആലങ്ങാട്ടകൂടി തോമ്മാ അർക്കദിയാക്കോനെ പാത്രിയർക്കീസിന്റെ കല്പനഅനുസരിച്ച മെത്രാനായി വാഴിക്കയും ഇട്ടിത്തൊമ്മൻ കത്തനാർ മുതലായ നാല കത്തങ്ങളെ ആലോചനക്കാരായി നിയമിക്കുകയും ചെയ്തു...

(പൊടിവ് = ആ ഭാഗം പൊടിഞ്ഞുപോയതിനാൽ അക്ഷരങ്ങൾ വ്യക്തമല്ല.)*

വളരെ വ്യക്തമായ ഈ രേഖയിലെ അത്ര പരിചിതമല്ലാത്ത ചില പ്രയോഗങ്ങൾ മാത്രം ഇവിടെ വിശദീകരിക്കട്ടെ.

1. റോമൻ കത്തോലിക്കർ വധിച്ചു എന്നു നസ്രാണികൾ ഉറച്ചു വിശ്വസിക്കുന്ന മാർ അഹത്തുള്ളയെപ്പറ്റി *മലങ്കരയ്ക്കുവന്ന നമ്മുടെ കണ്ണുംമുന്നിൽ കാണോളംനേരം* എന്നു പ്രഖ്യാപിക്കുമ്പോൾ, അസംഭാവ്യമായത് സംഭവിച്ചാലല്ലാതെ ഇനി മുറികൂട്ടലില്ല എന്നുതന്നെയാണ് നസ്രാണികൾ അർത്ഥമാക്കുന്നത്. അതായത് ഇനിയൊരിക്കലും റോമാ ബന്ധത്തിനു നസ്രാണികൾ തയാറല്ലന്ന്.

2. സെന്റ് പോൾസ് കോളജ് (സാൻ പോളാ) ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ജസ്യൂട്ട് മിഷിനറിമാരാണ് *സാമ്പാളൂർ പാതിരിമാർ* എന്നു ഇവിടെ പരാമർശിക്കപ്പെടുന്നത്. നസ്രാണികളുടെ മുമ്പിലെ റോമൻ കത്തോലിക്കാ സഭയുടെ അന്നത്തെ ദൃശ്യ പ്രതീകം ഇവർ മാത്രമായിരുന്നു.

3 *മലങ്കര വാഴുന്ന മാർ ഫ്രഞ്ചിയൂസ മെത്രാൻ* എന്നു വിവക്ഷിക്കുന്നത് മലങ്കര നസ്രാണികളെ അന്ന് ഭരിച്ചിരുന്ന കൊടുങ്ങല്ലൂർ രൂപതയുടെ ഫ്രാൻസിസ് ഗാർഷ്യ എസ്. ജെ. എന്ന യൂറോപ്യൻ റോമൻ കത്തോലിക്കാ മെത്രാനെയാണ്.

4. *നാം അയാളുടെ ഇടവകയിലുള്ള പ്രജകളുമല്ല* എന്നു രേഖപ്പെടുത്തുമ്പോൾ നസ്രാണികളെ 1599-ന് ശേഷം റോമാ സഭ കെട്ടിയ തൊഴുത്തായ കൊടുങ്ങല്ലൂർ രൂപത തങ്ങളുടെ ഭരണ മേൽക്കോയ്മ അല്ല എന്ന പ്രഖ്യാപനമാണ്. ആത്യന്തികമായി, റോമൻ കത്തോലിക്കാ സഭയുടെ നിരസനവും.

5. *നമ്മുടെ എടവക വാഴുവാൻ മേല്പട്ടക്കാരൻ വേണ്ടുന്നതിന ഇപ്പോൾതൊട്ട തോമ്മാ അർക്കദിയാക്കോൻ തന്നെ വാണുകൊള്ളുകയും വേണമെന്ന...* എന്നതിനേക്കാൾ വ്യക്തമായ ഒരു വിദേശ മേൽക്കോയ്മാ നിരസനം വേറൊന്നില്ല. ഇവിടെ ഏതെങ്കിലും വിദേശ മെത്രാനെ വരുത്തേണ്ട ആവശ്യമാണന്ന യാതൊരു സൂചനയുമില്ല.

6. അന്ന് മലങ്കര നസ്രാണികൾ നേരിടുന്ന ഏകവൈദേശിക ആധിപത്യ ഭീഷണി എന്ന നിലയിൽ റോമൻ കത്തോലിക്കാ സഭയുടെ നിരസനം പൊതുവായ വൈദേശിക ആധിപത്യ വിരുദ്ധത ആയിത്തന്നെ കണക്കാക്കണം.

വസ്തുതകൾ ഇങ്ങനെയായിരിക്കെ, 1653-ലെ കൂനൻ കുരിശു സത്യമെന്ന നസ്രാണിയുടെ വ്യക്തമായ സ്വാതന്ത്ര്യ പ്രഖ്യാപനം അടിമത്ത പ്രഖ്യാപനമാണന്നു ചിലർ നടത്തുന്ന പ്രഖ്യാപനങ്ങൾ സത്യത്തിനു നിരക്കാത്ത കുപ്രചരണം മാത്രമാണ്. തന്നെയുമല്ല, അത് കേരളത്തിലെ നസ്രാണി പാരമ്പര്യം അവകാശപ്പെടുന്ന എല്ലാ സഭാവിഭാഗങ്ങളേയും അപമാനിക്കുന്ന പ്രക്രിയയുമാണ്. അതിനാൽ ഇതിനു മറുപടി പറയേണ്ടതും അവരൊക്കെത്തന്നെയാണ്. നസ്രാണി പൈതൃകം അവകാശപ്പെടുന്ന എല്ലാവരും - അന്ത്യോഖ്യയുടെ യാക്കോബ് ത്രിതീയൻ പാത്രിയർക്കീസുൾപ്പെടെ - നിരസിക്കുന്നതും മലങ്കര നസ്രാണികളുടെ ആത്മാഭിമാനത്തെയും പൈതൃകത്തെയും ചോദ്യം ചെയ്യുന്നതുമായ ഈ *നവീന കൂനൻ കുരിശുസത്യ* വാചകത്തിന്റെ നിർമാതാക്കൾ ചോദ്യം ചെയ്യുന്നത് തങ്ങളുടെ സ്വത്വബോധത്തെയാണന്നു തിരിച്ചറിയാതെ അവർക്കു പിന്തുണ നൽകുന്നവരോടും അതിനെതിരെ പ്രതികരിക്കാത്തവരോടും സഹതപിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല.

രണ്ടാം കൂനൻ കുരിശു സത്യം എന്നു പേരിട്ടു ചിലർ തലേന്നു നടത്തിയ പ്രകടനം സംബന്ധിച്ച വാർത്തകൾക്കിടയ്ക്ക് തികച്ചും അനാവശ്യമായ ഒന്നായിരുന്നു ഈ *ബോക്സ് വിജ്ഞാനം*. പത്രധർമം യാഥാർഥ്യവും സത്യവും പ്രചരിപ്പിക്കുക എന്നതാണ്. നിറംപിടിപ്പിച്ച വാർത്തകൾ ഒരു പരിധിവരെ അനുവദനീയമായിരിക്കും. പക്ഷം പിടിക്കുന്നതും ക്ഷന്തവ്യമാണ്. പക്ഷേ, വസ്തുതകളെ നേരെ തലതിരിച്ചിടുകയും ചരിത്രത്തെ അനാദരിക്കുകയും ഒരു വലിയ ജനസമൂഹത്തിന്റെ ആത്മാഭിമാനത്തെത്തന്നെ ചോദ്യം ചെയ്യുകയും ചെയ്യുന്നത് ഉത്തരവാദിത്തമുള്ള മാധ്യമങ്ങൾക്ക് ഒരിക്കലും ഭൂഷണമല്ല.

GM

അഹത്തള്ളാ ആരായിരുന്നു?

അഹത്തള്ളാ ബാബിലോണിലെ നെസ്തോറിയൻ പാത്രിയർക്കീസ്ന്റേതോ അലക്സാന്ത്രിയായിലെ കോപ്റ്റിക്ക് പാത്രിയർക്കീസിന്റേയോ ആളായിരുന്നു എന്നാണ് ചരിത്രകാരന്മാരുടെ പൊതുവെയുള്ള അഭിപ്രായം. പതിനാറാം ശതകത്തിലും അതിനു മുമ്പും അന്ത്യോഖ്യായും മലങ്കരയുമായി ഇടപോക്കൊന്നുംതന്നെ ഇല്ലായിരുന്ന നിലയ്ക്ക് അഹത്തള്ളാ അന്ത്യോഖ്യായിൽനിന്നു വന്നയാളാണെന്നു സംശയിക്കാൻ ന്യായമില്ല. എങ്കിലും അഹത്തള്ളാ അന്ത്യോഖ്യാ പാത്രിയർക്കീസ്തന്നെ ആണെന്നൊരു പുരാവൃത്തം മലങ്കരയിൽ എങ്ങനെയോ ഉണ്ടായിട്ടുണ്ട്. അഹത്തള്ളായെ കൊച്ചിയിൽ കെട്ടിത്താഴ്ത്തി എന്നു പറയുന്ന കാലത്ത്, 1653-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ആരായിരുന്നു എന്നും അന്ന് ഒരു പാത്രിയർക്കീസ് കാലം ചെയ്തിട്ടുണ്ടോ എന്നും ഞങ്ങൾ ആരാഞ്ഞു. 1948 ഏപ്രിൽ 3-ാം തീയതിയിലെ (1024 ഇടവം 15) 'സഭാചന്ദ്രിക'യിൽ, അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നു നേരിട്ടു ലഭിച്ചിട്ടുള്ള പാത്രിയർക്കീസന്മാരുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു കണ്ടു. മറ്റു രേഖകൾ ഉണ്ടോ എന്തോ. ഞങ്ങൾക്കു കിട്ടിയിട്ടില്ല. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നിന്നുള്ള ഔദ്യോഗിക പ്രസിദ്ധീകരണമായ 'ചന്ദ്രിക', 'അധികൃതമായ ലിസ്റ്റ് അന്ത്യോഖ്യാ സിംഹാസനത്തിൻനിന്നു ലഭിച്ചിട്ടുള്ളത്' എന്നീ കുറിപ്പുകളോടുകൂടി പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റ് ശരിയാണെന്ന് ന്യായമായി വിചാരിക്കേണ്ടതാണല്ലോ. ആ ലിസ്റ്റിൽ പത്രോസു മുതൽ അപ്രേം ഒന്നാമൻ വരെ 141 പാത്രിയർക്കീസന്മാരുടെ പേരുകൾ ഉണ്ട്. അതിൽ 124-ാമൻ അഹത്തള്ളായെ കെട്ടിത്താഴ്ത്തി എന്നു പറയപ്പെടുന്ന കാലത്ത് ഭരണം നടത്തിയ ശെമഊൻ പാത്രിയർക്കീസാണ്. 1640 മുതൽ 1659 വരെ അദ്ദേഹം ഭരണം നടത്തിയെന്ന് ലിസ്റ്റിൽ കാണുന്നു. അപ്പോൾ കൊച്ചി തുറമുഖത്തുവച്ച് 1653-ൽ കൊല്ലപ്പെട്ടത് ആ ശെമഊൻ അല്ലെന്ന് വ്യക്തംതന്നെ. ചില കാലങ്ങളിൽ രണ്ടു പാത്രിയർക്കീസന്മാർ ഒരേ അവസരത്തിൽ വാഴുവാൻ ഇടവന്നിട്ടുണ്ടെന്ന് ചന്ദ്രിക പറയുന്നു. എന്നാൽ 1653 കാലത്ത് രണ്ടു പാത്രിയർക്കീസന്മാർ ഉണ്ടായിരുന്നതായി അധികൃത ലിസ്റ്റിൽ ഇല്ല. അഹത്തള്ളാ അന്ത്യോഖ്യാ പാത്രിയർക്കീസ് അല്ലായിരുന്നു എന്ന് ഇതെല്ലാം തെളിയിക്കുന്നു.

അഹത്തള്ളാ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്നു എന്ന് പിന്നെങ്ങനെയൊരു ഇതുഹാസം ഉണ്ടായി ? മദ്ധ്യധരണിക്കടലിനും പേർഷ്യൻ ഉൾക്കടലിനും ഇടയ്ക്കുള്ള 'കിഴക്ക്' നിന്നു വരുന്ന ശ്യേമ വർഗത്തിൽപെട്ട ആരെയും 'ബാവാ' സ്ഥാനം കൊടുത്ത് സ്വീകരിക്കുക എന്നൊരു ബലഹീനത മലങ്കരനസ്രാണിക്ക് ഉണ്ടായിരുന്നു. ലോകരക്ഷകൻ ലോകാവതാരം ചെയ്ത ജാതിയോടും ഭൂവിഭാഗത്തോടുമുള്ള ബഹുമാനംകൊണ്ടാണ് ഈ വിധം പ്രവർത്തിച്ചത് എന്നു പറയാറുണ്ട്. ആ ബലഹീനത പ്രയോജനപ്പെടുത്തി ആരോ ഒരു കഥ ഉണ്ടാക്കിയതായിരിക്കാം.

അഹത്തള്ളാ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്നു എന്ന് സഭാചരിത്രകാരനായ ഇ.എം.ഫീലിപ്പോസും ശഠിക്കുന്നില്ല. മാത്രമല്ല, നെസ്തോറിയൻ പാത്രിയർക്കീസിന്റെ ഒരു പ്രതിനിധിക്കല്ലാതെ ലഭിക്കാൻ സാധ്യമല്ലെന്നു വിചാരിക്കത്തക്ക സ്വീകരണമാണ് അഹത്തള്ളായ്ക്ക് ലഭിച്ചത് എന്നും ഫീലിപ്പോസ് സമ്മതിക്കുന്നു.

[Z.M. Paret, ***മലങ്കര നസ്രാണികൾ*** ***Vol : 2, Page - 346]***

അഹത്തള്ളാ അന്ത്യോഖ്യൻ പാത്രിയർക്കീസായിരുന്നില്ലെന്ന് വിഖ്യാത സഭാ ചരിത്രകാരനും പണ്ഡിതനുമായ ഫാ.ഡോ.വി.സി.ശമുവേൽ

അഹത്തള്ളാ എന്ന് അറബി ഭാഷയിലും **അയിത്താലാഹാ** എന്ന് കൽദായ സുറിയാനിയിലും (അന്ത്യോഖ്യൻ സുറിയാനിയിൽ **ഈത്തലേഹോ** എന്നായിരിക്കണം) പറഞ്ഞുവരുന്ന ഇദ്ദേഹം ആരായിരുന്നു? ഒരേ ഉത്തരം ചരിത്രകാരന്മാർ നൽകുന്നില്ല. അനിഷേധ്യ തെളിവുകൾ ലഭിച്ചിട്ടുമില്ല....

നിരവധി പീഡകൾ സഹിച്ചു വലഞ്ഞിരുന്ന തന്റെ സഭയെ (മലങ്കരയിലെ) റോമാ നുകത്തിൽനിന്നും രക്ഷിക്കാനായി ഇറങ്ങി പുറപ്പെട്ട അന്ത്യോഖ്യൻ സുറിയാനി സഭാധ്യക്ഷൻ ഇഗ്നാത്തിയോസ് പാത്രിയർക്കീസായിരുന്നു എന്ന് മലങ്കര സഭാംഗങ്ങൾ *വിശ്വസിച്ചിരുന്നതായി* സഭാചരിത്രകാരൻ ഇ.എം.ഫിലിപ്പോസ് പറയുന്നത് വസ്തുനിഷ്ഠമല്ല. വസ്തു നിഷ്ഠമല്ലാത്ത ഒരു കാര്യം മനുഷ്യൻ വിശ്വസിച്ചതുകൊണ്ടുമാത്രം അതു വസ്തുനിഷ്ഠമാവില്ലല്ലോ. കാരണം, ആ പേരിലൊരു പാത്രിയർക്കീസ് അന്ത്യോഖ്യൻ സുറിയാനി സഭയിലുണ്ടായിരുന്നതായോ ആ കാലങ്ങളിൽ ഏതെങ്കിലും പാത്രിയർക്കീസ് ഇന്ത്യ സന്ദർശിച്ചതായോ രേഖയില്ലെന്ന് മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് റമ്പാനായി കേരളത്തിൽ താമസിച്ചിരുന്ന കാലത്തു പ്രസ്താവിച്ചത് എനിക്കു നേരിട്ടറിയാവുന്നതാണ്........

ഏതായാലും അഹത്തള്ളാ 1682-ൽ ഇന്ത്യയിലെത്തിയ ശേഷം സൂറ്റിൽവച്ചു പോർത്തുഗീസുകാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി.

(***സഭ വളരുന്നു***, പേജ് - 145)

ആരാധനയുടെ ഭാഷാപരിഷ്കരണം

■ ജോൺ.ഡി.കുന്നത്ത്

ആരാധനയ്ക്കായി കൂടുമ്പോൾ അന്യഭാഷകളിൽ പതിനായിരം വാക്കുകൾ പറയുന്നതിനെക്കാൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിന് പര്യാപ്തമായ അഞ്ചു വാക്കുകൾ പറയുന്നതാണ് ഞാൻ അധികം ഇഷ്ടപ്പെടുന്നത്'' (കൊരി.14:19).

മനുഷ്യർക്കു മനസ്സിലാകാത്ത പതിനായിരം വാക്കുകളേക്കാൾ മനസ്സിലാകുന്ന അഞ്ച് വാക്കുകളാണ് ആരാധനയിൽ ഉത്തമം എന്നാണ് പൗലോസ് അപ്പോസ്തോലൻ കൊരിന്ത്യരെ എഴുതി അറിയിച്ചത്. അക്കാലത്ത് അന്യഭാഷാവരം ഉള്ള ആളുകൾ ആരാധനാവേളയിൽ ആത്മപ്രചോദിതരായി ധാരാളം അന്യഭാഷ പറഞ്ഞിരുന്നു. എന്നാൽ, അത് മനുഷ്യർക്ക് മനസ്സിലാകുന്നില്ല എങ്കിൽ ആരാധനയിൽ അതിന്റെ ഉപയോഗം പരിമിതപ്പെടുത്തണം എന്ന് കാര്യകാരണസഹിതം അപ്പോസ്തോലൻ സമർഥിച്ചിട്ടുണ്ട്. നമുക്ക് മനസ്സിലാകുന്ന ഭാഷയിൽ വേണം ആരാധിക്കുവാൻ. കാരണം, യഥാർഥ ആരാധന വരുന്നത് നമ്മുടെ ഹൃദയങ്ങളിൽ നിന്നാണ്. നമുക്ക് മനസിലാകാത്ത ശബ്ദങ്ങളും വാക്കുകളും വാചകങ്ങളും കൊണ്ട് അധരവ്യായാമം നടത്തിയാൽ അത് ആരാധനയാകുകയില്ല.

ആരാധനക്രമം ഉപയോഗിച്ച് ആരാധിക്കുന്ന ക്രൈസ്തവസഭകളിൽ അന്യഭാഷാവരം ഉള്ള ആളുകൾ ഇന്ന് ഏറെക്കുറെ ഇല്ല. എന്നാൽ മനുഷ്യർക്കു മനസ്സിലാകാത്ത ഭാഷയുടെ ഉപയോഗം മറ്റൊരു തരത്തിൽ ഉണ്ടുതാനും. എല്ലാ ഭാഷകളും എപ്പോഴും പരിണമിച്ചു കൊണ്ടിരിക്കും. ഏതാണ്ട് 800 വർഷങ്ങൾക്കു മുമ്പ് നമ്മുടെ നാട്ടിൽ എഴുതപ്പെട്ട ***രാമചരിതം*** എന്ന കൃതിയിലെ നാലു വരികൾ കാണുക:

''മനകുരുന്തിലിളകൊള്ളുമരവിന്തനയനൻ (1)
മലർമടന്തയൊടുകൂടെ വന്തിരാമചരിതം
കനമഴിന്തു മൊഴിവോർക്കുമതു കേട്ടു മനതാർ
കളികൊൾ വോർക്കുമിടരേതുമൊരു പോതുമണയാ''

ഇത് ഇന്ന് നമുക്കു മനസ്സിലാകുകയില്ല. അതായത്, അക്കാലത്തെ മലയാളം ഇന്ന് നമുക്ക് അന്യഭാഷയാണ്. അതുപോലെ ഇന്ന് മലയാളത്തിൽ എഴുതപ്പെടുന്ന കൃതികൾ ഒരായിരം വർഷങ്ങൾക്കുശേഷം ഇവിടെ ജീവിക്കുന്നവർക്കു മനസ്സിലാകണമെന്നില്ല. ഇനി വരുന്നൊരു തലമുറയ്ക്ക് ഇന്നത്തെ മലയാളം അന്യഭാഷയായിരിക്കും.

ഏതാണ്ട് 250 വർഷങ്ങൾക്കു മുമ്പ് മലയാളത്തിൽ ഒരു ഇറ്റാലിയൻ മിഷനറിയാൽ രചിക്കപ്പെട്ട ***സംക്ഷേപവേദാർത്ഥം*** എന്ന കൃതിയിൽ കുരിശു വരയ്ക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുന്നതു കാണുക:

വലത്തെ കൈ നെറ്റിമെൽ വച്ച ബാവാടെ പെരെന്നു ചൊല്ലിയതിന്റെ ശെഷം തലയിൽ നിന്നു കൈ ഇറക്കി നെഞ്ഞത്തും വച്ച പുത്രന്റെ പെരെന്ന ചൊല്ലുന്നു വിശെഷിച്ച രണ്ട ഉരത്തൽ തൊട്ട റൂഹാദക്കുദശാടെ പെരെന്ന ചൊല്ലിയതിൽ പിന്നെ കൈക്കൂട്ടി ആമ്മെൻയെന്ന ചൊല്ലുന്നു ഇവണ്ണം ബാവാടെയും പുത്രൻറെയും റൂഹാദക്കുദശാടെയും നാമത്താൽ ആമ്മെൻ. (2)

250 വർഷങ്ങൾ കൊണ്ട് നമ്മുടെ ഭാഷ എത്ര മാത്രം മാറിയിരിക്കുന്നു എന്ന് ഇതിൽ നിന്നു നമുക്കു മനസിലാക്കാം. അതുകൊണ്ടാണ് നമ്മുടെ വേദപുസ്തകം സമകാലിക മലയാളത്തിലേക്ക് നിരന്തരം മൊഴിമാറ്റം നടത്തിക്കൊണ്ടിരിക്കുന്നത്. തുടക്കത്തിൽ ഉദ്ധരിച്ചിരിക്കുന്ന വേദവാക്യം ബൈബിൾ സൊസൈറ്റിയുടെ 2013–ലെ തർജമയിൽ നിന്നാണ്. അതിന് മുമ്പുള്ള തർജമ ഇങ്ങനെയാണ്: *എങ്കിലും സഭയിൽ പതിനായിരം വാക്കു അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കാൾ അധികം മറ്റുള്ളവരെയും പഠിപ്പിക്കേണ്ടതിന്നു ബുദ്ധികൊണ്ടു അഞ്ചുവാക്കു പറവാൻ ഞാൻ ഇച്ഛിക്കുന്നു.*

മലങ്കര ഓർത്തഡോക്സ് സഭയിൽ ഉപയോഗിക്കുന്ന തുബ്ദേനുകളെപ്പറ്റി വന്ദ്യനായ കോനാട്ട് ജോൺസ് എബ്രഹാം അച്ചൻ എഴുതിയ വിജ്ഞാനപ്രദമായ ഒരു ലേഖനം ഈയിടെ കാണാനിടയായി. 1869–ൽ പ്രസിദ്ധീകരിച്ച മലയാളം കുർബാനക്രമത്തിന്റെ ചില പേജുകൾ അതിൽ സ്കാൻ ചെയ്തു കൊടുത്തിരിക്കുന്നു. അതിൽ ഒന്നാം തുബ്ദേൻ ഇങ്ങനെയാണ്:

ശുശ്രൂഷകൻ: *ബാറക്മോർ, വലിയതും ഭയങ്കരമുള്ളതും ശുദ്ധമുള്ളതുമായ ഈ സമയത്തിൽ നമ്മുടെ പിതാക്കന്മാരായി നമ്മെ വഴി കാണിച്ച നമ്മുടെ ആദ്യൻമാരായി നിന്നു ഇന്നും ജീവിച്ചിരിക്കുന്ന നാളുകളിലും നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ ശുദ്ധമുള്ള സഭകളെ മെഞ്ഞു നടത്തുന്നവരും ശുദ്ധമുള്ളവരും ബഹുമാനപ്പെട്ടവരുമായ നമ്മുടെ പാത്രിയർക്കാ ആബൂൻ മാർ ഇഗ്നാത്യോസിനും നമ്മുടെ പിതാവായ ഗ്രീഗൊരിയൊസിനും ഇന്ന് നമ്മെ ഭരിക്കുന്ന (ഇവിടെ അന്നന്നു ഭരിക്കുന്ന മെത്രാന്റെ പേർ ചൊല്ലിക്കൊള്ളണം) ശേഷമുള്ള എപ്പിസ്കോപ്പൻമാർക്കും സ്തുതിചൊവ്വാക്കപ്പെട്ട പിതാക്കന്മാരെല്ലാവർക്കും വേണ്ടി കർത്താവിനോടു നാം പ്രാർത്ഥിക്കണം.*

ജനം: *ദൈവമായ കർത്താവേ അവരുടെ പിന്നടിയിൽ നടപ്പാൻ ഞങ്ങളെയും നീ യോഗ്യന്മാരാക്കി തീർക്കെണമെ. കുറിയെലായിസ്സോൻ.*

1898–ൽ പ്രസിദ്ധീകരിച്ച മലയാളം കുർബാനയിൽ ജനത്തിന്റെ പ്രതിവാക്യം *കുറിയേലായിസോൻ* മാത്രമായി ചുരുക്കി. പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ട കുർബാനക്രമത്തിൽ ഭാഷയും പരിഷ്കരിച്ചു. ഇപ്പോഴത്തെ കുർബാനക്രമത്തിൽ ഒന്നാം തുബ്ദേൻ ഇങ്ങനെയാണ്: *ബാറക്മോർ, ഇന്നും ഈ ആയുഷ്കാലത്തും നമ്മുടെ അദ്ധ്യക്ഷന്മാരായിരുന്നു നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ വിശുദ്ധ സഭകളെ മേയിച്ചു ഭരിക്കുന്ന ശുദ്ധിമാന്മാരും ബഹുമാനപ്പെട്ടവരും ഭാഗ്യവാ*

ന്മാരുമായി ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന നമ്മുടെ പാത്രിയർക്കീസൻമാരായ ആബൂൻ മാർ ഇഗ്നാത്യോസിന് വേണ്ടിയും ആബൂൻ മാർ ബസേലിയോസിന് വേണ്ടിയും ആബൂൻ മാർ ഗ്രിഗോറിയോസിന് വേണ്ടിയും നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻ മാർ (ഇന്നാർക്ക്) വേണ്ടിയും സത്യവിശ്വാസികളായ ശേഷമുള്ള സകല എപ്പിസ്കോപ്പൻമാർക്ക് വേണ്ടിയും മഹത്തും ഭയങ്കരവും പരിശുദ്ധവുമായ ഈ സമയത്ത് ദൈവമായ കർത്താവിനോടു നാം അപേക്ഷിച്ച് പ്രാർത്ഥിക്കണം.

ആരാധനാപരിഷ്കരണം നമ്മുടെ സഭയിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. 1869–ലെ കുർബാനക്രമത്തിന്റെ ഭാഷ ഇന്ന് നമുക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. 1950–നോടടുത്താവണം ഇന്നത്തെ ഭാഷയിലേക്ക് അത് മാറ്റിയത്. അതിനുശേഷം ഇപ്പോൾ മറ്റൊരു മാറ്റത്തിന് സമയമായിട്ടുണ്ട്. നിലവിലുള്ളത് സുറിയാനിയിൽ നിന്നുള്ള പദാനുപദതർജമയാണ്. അതിനു പകരം ആശയവിവർത്തനം ചെയ്താൽ ഒന്നാം തുബ്ദേൻ എങ്ങനെ ഇരിക്കുമെന്നു നോക്കാം:

ബാറക്മോർ, ലോകമെമ്പാടുമുള്ള സഭകളെ നയിക്കുന്ന ഇടയൻമാർക്കു വേണ്ടി നമുക്ക് പ്രാർഥിക്കാം. പ്രത്യേകിച്ച് നമ്മുടെ പ്രധാനഇടയൻമാരായ മാർ ഇഗ്നാത്യോസ്, മാർ ബസേലിയോസ്, മാർ ഗ്രിഗോറിയോസ് എന്നിവരെയും നമ്മുടെ ഇടയനായിരിക്കുന്ന (ഭദ്രാസന മെത്രാപ്പോലീത്തായുടെ പേര്) – നെയും നമുക്ക് ഓർക്കാം.

ആശയവിവർത്തനം ചെയ്തപ്പോൾ തുബ്ദേൻ കുറെക്കൂടി ചെറുതായി. ആശയം വളരെ വ്യക്തമാകുകയും ചെയ്തു. ഇപ്പോൾ നാം ആരാധനയിൽ ഉപയോഗിക്കുന്ന പല ഭാഷാപ്രയോഗങ്ങളും കലഹരണപ്പെട്ടതാണ്. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

നാം അട്ടഹസിച്ചു പറയണം എന്നു ശുശ്രൂഷകൻ നമ്മെ ഓർമിപ്പിക്കാറുണ്ട്. അതിനു പകരം *നമുക്ക് ഉച്ചത്തിൽ പറയാം* എന്നോ *നമുക്ക് ശബ്ദമുയർത്തി പറയാം* എന്നോ പറയുന്നതാവും കുറെക്കൂടി ഭംഗി. അട്ടഹാസം എന്ന

പദത്തിന് വളരെ അരോചകമായ അത്യുച്ചത്തിലുള്ള ശബ്ദം എന്നാണ് ഇന്ന് നിലവിലിരിക്കുന്ന അർത്ഥം. മുമ്പ് ഉച്ചത്തിൽ പറയുക എന്നായിരുന്നിരിക്കണം ആ പദത്തിന്റെ അർഥം.

നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ എന്ന് വൈദികൻ ജനത്തെ അഭിവാദ്യം ചെയ്യുമ്പോൾ *അങ്ങേയ്ക്കും ഉണ്ടായിരിക്കട്ടെ* എന്ന മറുപടിയാവും ഉചിതം. നിലവിലുള്ള മറുപടി *അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ* എന്നാണ്. ഇത് ഒരു ആക്ഷരിക മൊഴിമാറ്റം ആണെന്നു തോന്നുന്നു. '*നിങ്ങളുടെ ആത്മാവിന് സമാധാനം*

നിലവിലുള്ളത്	പുതിയ രൂപം
അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ..........	അങ്ങേയ്ക്കും ഉണ്ടായിരിക്കട്ടെ
കർത്താവിനോട് നാം പ്രർഥിക്കണം	കർത്താവിനോട് നമുക്ക് പ്രാർഥിക്കാം
നാം തല കുനിക്കണം	നമുക്ക് തല കുനിക്കാം
നാം അട്ടഹസിച്ചു പറയണം..	നമുക്ക് ഉച്ചത്തിൽ പറയാം
നാം എല്ലാവരും പ്രാർഥിച്ച് കർത്താവിനോട്	നമുക്ക് ഒരുമനസ്സോടെ കർത്താവിനോട്
അനുഗ്രഹങ്ങളും കരുണയും യാചിക്കണം	അനുഗ്രഹങ്ങളും കരുണയും യാചിക്കാം
നിങ്ങൾ അടക്കത്തോടും ഭയത്തോടും	അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ട്
നിന്നുകൊണ്ട് പ്രാർഥിപ്പിൻ	നമുക്ക് പ്രാർഥിക്കാം
ദൈവമായ കർത്താവിനോട് നാം	ദൈവമായ കർത്താവിനോട് നമുക്ക്
അപേക്ഷിച്ച് പ്രാർഥിക്കണം	അപേക്ഷിച്ചു പ്രാർത്ഥിക്കാം
കർത്താവിനോട് നാം അപേക്ഷിക്കണം	കർത്താവിനോട് നമുക്ക് അപേക്ഷിക്കാം

നീണ്ട ചില വാചകങ്ങൾ ഇങ്ങനെ മാറ്റാം:

നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവി കൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം	ഭയഭക്തി ബഹുമാനങ്ങളോടെ നിന്നുകൊണ്ട് നമ്മുടെ കർത്താവായ യേശുമശിഹായുടെ സുവിശേഷത്തിൽ നിന്നും ജീവനുള്ള ദൈവവചനം ശ്രദ്ധയോടെ നമുക്ക് ശ്രവിക്കാം.
ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാം എല്ലാവരും നല്ലവണ്ണം നിന്ന് ബഹുമാനപ്പെട്ട പട്ടക്കാരന്റെ പ്രാർത്ഥന ഏറ്റുചൊല്ലണം.	വന്ദ്യവൈദികൻ തുടക്കമിടുന്ന വിശ്വാസപ്രമാണം നന്നായി നിന്ന് ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നമുക്ക് ചൊല്ലാം.
നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹം മൂലം പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ ഓരോരുത്തനും അവനവന്റെ അടുത്തവന് തമ്മിൽത്തമ്മിൽ സമാധാനം കൊടുക്കണം.	നമ്മുടെ കർത്താവ് നമ്മുടെ തെറ്റുകുറ്റങ്ങളെല്ലാം പൊറുത്ത് നമ്മോട് നിരപ്പായിരിക്കുന്നതുപോലെ നമുക്കും പരസ്പരം തെറ്റുകുറ്റങ്ങളെല്ലാം പൊറുത്ത് സമാധാനചുംബനം കൈമാറാം.
നാം എല്ലാവരും ഭംഗിയോടും ഭയത്തോടും വണക്കത്തോടും വെടിപ്പോടും വിശുദ്ധിയോടും സ്നേഹത്തോടും സത്യവിശ്വാസത്തോടും നല്ല ദൈവഭക്തിയോടും കൂടെ നിന്ന് ബഹുമാനപ്പെട്ട ഈ പട്ടക്കാരന്റെ കൈകളാൽ നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഭയങ്കരവും പരിശുദ്ധവുമായ ഈ കുർബാനയിൽ സൂക്ഷിക്കണം.	ഈ വന്ദ്യവൈദികന്റെ കൈകളാൽ അർപ്പിക്കപ്പെട്ടിരിക്കുന്ന ഭയങ്കരവും പരിശുദ്ധവുമായ കുർബാനയിൽ ഭയഭക്തി ബഹുമാനങ്ങളോടും വിശുദ്ധിയോടും സ്നേഹത്തോടും സത്യ വിശ്വാസത്തോടും കൂടെ നമുക്ക് സംബന്ധിക്കാം.

ഉണ്ടായിരിക്കട്ടെ' എന്നല്ലല്ലോ വൈദികൻ ആശംസിക്കുന്നത്. ആത്മാവിന് സമാധാനം ഉണ്ടായിരിക്കട്ടെ എന്നു പറഞ്ഞാൽ മനസ്സിനും ശരീരത്തിനും സമാധാനം വേണ്ട എന്ന് വരും. അർത്ഥം വ്യക്തമാകണമെങ്കിൽ *അങ്ങേയ്ക്കും ഉണ്ടായിരിക്കട്ടെ* എന്ന് പ്രതിവാക്യം പറഞ്ഞാൽ മതിയാവും.

കർത്താവിനോട് നാം പ്രാർത്ഥിക്കണം (We must pray to the Lord) എന്ന ശുശ്രൂഷകന്റെ നിർദേശം *കർത്താവിനോട് നമുക്ക് പ്രാർഥിക്കാം* (Let us pray to the Lord) എന്നു മാറ്റുന്നത് അർഥം കൂടുതൽ വ്യക്തമാക്കും. കർത്താവിനോട് നാം പ്രാർത്ഥിക്കണം എന്നുപറയുമ്പോൾ നാം പതിവായി പ്രാർത്ഥിക്കണം എന്നാണ് അർഥം. എന്നാൽ, ഇവിടെ ഉദ്ദേശിക്കുന്നത് പതിവായി പ്രാർത്ഥിക്കുന്ന കാര്യമല്ല. അതുപോലെ, *നാം തലകുനിക്കണം* (We must bow our heads) എന്ന ശുശ്രൂഷകന്റെ നിർദേശം, *നമുക്ക് തല കുനിക്കാം* (Let us bow our heads) എന്നു മാറ്റുന്നത് നന്നായിരിക്കും.

നിങ്ങൾ അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ട് പ്രാർഥിപ്പിൻ എന്ന് ശുശ്രൂഷകൻ നിർദേശം നൽകുന്നത് *അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ട് നമുക്ക് പ്രാർഥിക്കാം* എന്നുമാറ്റുന്നത് നന്നായിരിക്കും. *നിങ്ങൾ പ്രാർഥിപ്പിൻ* എന്നു പറഞ്ഞാൽ പറയുന്ന ആൾ അതിൽ ഉൾപ്പെടുന്നില്ല. *നമുക്ക് പ്രാർഥിക്കാം* എന്നു പറഞ്ഞാൽ പറയുന്ന ആളും ഉൾപ്പെടും.

മാറ്റം വരുത്തേണ്ട ചില പ്രയോഗങ്ങൾ താഴെ കൊടുക്കുന്നു:

ഇംഗ്ലീഷിൽ you എല്ലാവരോടും പറയുമെങ്കിലും മലയാളത്തിലെ *"നീ"* എല്ലാവരോടും പറയുകയില്ല. ബഹുമാനം ചേർത്ത് പറയേണ്ടപ്പോൾ *"അങ്ങ്, അവിടുന്ന്"* എന്നീ പദങ്ങളാണ് ഉപയോഗിക്കുന്നത്. ബഹുമാനത്തോടെയാണ് ദൈവത്തോട് സംസാരിക്കേണ്ടത് എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. അങ്ങനെയെങ്കിൽ ദൈവത്തെ *നീ* എന്ന് വിളിക്കുന്നതിന് ന്യായീകരണം ഒന്നുമില്ല. കേരളത്തിലെ ചില സ്ഥലങ്ങളിൽ *നീ* എന്ന പദം ബഹുമാനത്തോടെ ഉപയോഗിക്കാറുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. കഴിവതും *"നീ"* പറയുന്ന സ്ഥലങ്ങളിൽ *"അങ്ങ്, അവിടുന്ന്"* എന്നീ പദങ്ങൾ ഉപയോഗിക്കുന്നത് നന്നായിരിക്കും.

മാറ്റം വരുത്തേണ്ട ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ഇത്രയും മാറ്റങ്ങൾ വരുത്താൻ നമുക്ക് സന്മനസ്സുണ്ടായാൽത്തന്നെ നമ്മുടെ ആരാധന എത്രമാത്രം അർത്ഥവത്താകും എന്ന് നമുക്ക് അനുഭവി ച്ചറിയാം.

മലയാളത്തിൽ മാത്രമല്ല നമുക്ക് ആരാധനയുള്ളത്. ഇംഗ്ലീഷിലും ഹിന്ദിയിലും തമിഴിലും ഒക്കെ ഇന്ന് നമുക്ക് ആരാധനയുണ്ട്. ഈ ഭാഷകളെല്ലാം പരിണമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ഭാഷകളിലെ ആരാധനാക്രമങ്ങളെല്ലാം സമകാലിക ഭാഷയിലേക്ക് നിരന്തരം മാറ്റിക്കൊണ്ടിരിക്കണം. ആരാധനാഭാഷാ പരിഷ്കരണം വല്ലപ്പോഴും നടക്കേണ്ട ഒരു കാര്യമല്ല. ഇതിനായി ചുമതലപ്പെട്ട ഒരു സമിതി സ്ഥിരമായി ചെയ്തുകൊണ്ടിരിക്കേണ്ട ഒരു കാര്യമാണ്. വൈദിക പരിശീലനത്തിന് വൈദിക സെമിനാരിയും സംഗീത പരിശീലനത്തിന് *ശ്രുതി*യും മതവിദ്യാഭ്യാസത്തിന് ***സൺഡേ സ്കൂളും*** ഒക്കെ സ്ഥിരമായി പ്രവർത്തിക്കുന്നതുപോലെ ആരാധനാ ഭാഷാപരിഷ്കരണത്തിന് ഒരു സ്ഥിരം സംവിധാനം നമുക്കുവേണം.

നമ്മുടെ ഗതാഗത സംവിധാനം മെച്ചപ്പെടുന്നതിന് ജനങ്ങൾ മാത്രം വിചാരിച്ചാൽ പോരാ, ഭരണകൂടം അതിനു മുൻകൈ എടുത്ത് വേണ്ട കാര്യങ്ങൾ ചെയ്തേ മതിയാവൂ എന്ന് നമുക്കറിയാം. ഏതാണ്ട് ഇതിനോടു സമാനമായ ഒന്നാണ് നമ്മുടെ ആരാധനാപരിഷ്കരണത്തിന്റെ കാര്യം. നമ്മുടെ ആരാധന വേണ്ടപോലെ അർഥവത്തായി നടത്തുന്നതിന് എല്ലാവർക്കും മനസ്സിലാകുന്ന തരത്തിലുള്ള ആരാധനാക്രമങ്ങൾ ഉണ്ടാക്കുകയെന്നത് സഭാ നേതൃത്വത്തിന്റെ സത്വര ശ്രദ്ധ പതിയേണ്ട വിഷയമാണ്.

(1), (2): ഈ ഭാഗങ്ങൾ പഴയ മലയാള ലിപിയിലാണ് അന്നത്തെ പുസ്തകങ്ങളിലുള്ളത്. ആ ലിപി ഇന്ന് ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ നിലവിലുള്ള ലിപിയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

GM

(ക്രൈസ്തവ വേദശാസ്ത്രത്തിൽ ഗവേഷണം നടത്തിയിട്ടുള്ള ലേഖകൻ സഭയിലെ ആരാധനയെപ്പറ്റി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്)

നവമാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

എം.എം.മോനായി

(പാലാരിവട്ടം സെ.ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ 2019 സെപ്റ്റംബർ 29-ന് നടത്തിയ പത്താമത് ജോർജിയൻ മിറർ വാർഷിക പ്രഭാഷണം)

വിവരങ്ങളാൽ നിറയപ്പെട്ട ഒരു ലോകത്താണ് നാം ജീവിക്കുന്നത്. വിവരങ്ങളുടെ പെരുവെള്ളച്ചാട്ടത്തിൽ മുങ്ങിപ്പോകാതെ നിൽക്കാൻ കഴിയണമെങ്കിൽ നമ്മുടെയുള്ളിൽ ഒരു തെളിച്ചവും വെളിച്ചവും വേണം. ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് തിരിച്ചറിയാനുള്ള വിവേകവും.

"Where is the wisdom that we have lost in knowledge?
Where is the knowledge that lost in information....
Brings us farther from God and nearer to dust"
- T.S.ELIOT

(വിദ്യയിൽ നഷ്ടപ്പെട്ടു പോയ വിവേകമെവിടെ? വിവരത്തിൽ മറഞ്ഞുപോയ വിദ്യയെവിടെ? നമ്മൾ ദൈവത്തിൽ നിന്ന് അകന്ന് ധൂളിയായിക്കൊണ്ടിരിക്കുന്നു)

എം.എം.മോനായി പത്താമത് ജോർജിയൻ മിറർ വാർഷിക പ്രഭാഷണം നടത്തുന്നു. ചീഫ് എഡിറ്റർ ഫാ. പി.ഐ. വർഗീസ്, അസോ. ചീഫ് എഡിറ്റർ ഫാ. ഒ.ജെ. ജേക്കബ് എന്നിവർ സമീപം.

നവമാധ്യമങ്ങൾ മനുഷ്യനുമുന്നിൽ ഒരു വിശാലമായ ജാലകമാണ് തുറന്നിട്ടിരിക്കുന്നത്. അച്ചടി (പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ), ടെലിവിഷൻ, റേഡിയോ തുടങ്ങിയ പഴയ മാധ്യമങ്ങൾക്ക് പുറമെയാണ് കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ടാബ്ലറ്റ്, വി.ആർ തുടങ്ങിയ സാങ്കേതിക ഉപകരണങ്ങളിലൂടെ ഫേസ്ബുക്ക്, ടിറ്റർ, വാട്സാപ്പ്, ഇൻസ്റ്റാഗ്രാം, ടിക്ടോക്, യൂട്യൂബ്, സ്ടീമിംഗ് വീഡിയോസ്, ഇന്റർനെറ്റ്, വെബ്സൈറ്റ് ഗെയിംസ് തുടങ്ങിയ നവമാധ്യമങ്ങൾ മനുഷ്യനെ സ്വാധീനിക്കുന്നത്. നവമാധ്യങ്ങൾക്ക് ഭാഷയുടെയോ ദേശത്തിന്റെയോ അതിർവരമ്പുകളില്ല. മനുഷ്യബന്ധങ്ങളിലും സാമൂഹ്യബന്ധങ്ങളിലും അവ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. നേരത്തെയുണ്ടായിരുന്ന അച്ചടി, ടി.വി. മാധ്യമങ്ങൾ പരസ്പരസംവേദനമില്ലാതെ ശ്രോതാക്കളോട് സംവദിച്ചുകൊണ്ടിരിക്കയായിരുന്നു. നവമാധ്യമങ്ങൾ- വിശേഷിച്ച്, ഫേസ്ബുക്ക്, ടിറ്റർ, വാട്സാപ്പ് തുടങ്ങിയവ - ഒരു വ്യക്തിക്ക് വ്യക്തിയോടു മാത്രമല്ല, സമൂഹങ്ങൾ തമ്മിൽ തത്സമയം സംവദിക്കാൻ അവസരമൊരുക്കുന്നു.

ഇന്ത്യയിൽ 80 കോടി ജനങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നു എന്നാണ് കണക്ക്. അത് വർധിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിൽ മൂന്ന് കോടി ജനങ്ങൾ ഫോണുകൾ ഉപയോഗിക്കുന്നു. പ്രായപൂർത്തിയായവരുടെ സംഖ്യയുടെ അത്രയും തന്നെ ജനങ്ങൾ മൊബൈൽ ഫോൺ ഉപയോക്താക്കളാണ്. എട്ട് മുതൽ ഇരുപത് വയസ്സുവരെയുള്ളവർ ശരാശരി എട്ട് മണിക്കൂറും മറ്റുള്ളവർ ഒരു മണിക്കൂർ മുതൽ മൂന്ന് മണിക്കൂർവരെയും ഫോണിൽ സമയം ചെലവഴിക്കുന്നതായി പറയുന്നു. 70 ശതമാനം ആളുകൾ രാവിലെ എഴുന്നേറ്റാലുടൻതന്നെ ഫോൺ ഉപയോഗിക്കുന്നു; 60 ശതമാനം പേർ കിടക്കുന്നതിന് മുമ്പായും. 40 ശതമാനം പേർക്ക് ഫോണില്ലാതെ ഒരു ദിവസം പോലും കഴിയാൻ പറ്റില്ല.

കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ടാബ് തുടങ്ങിയ ഉപകരണങ്ങളിലൂടെ നെറ്റ് അധിഷ്ഠിതവും അല്ലാതെയുമുള്ള വിവിധതരം ഉപയോഗങ്ങൾ മനുഷ്യന് അത്യന്താപേക്ഷിതമാണോ എന്ന ചോദ്യത്തിന്, അത് ഉപേക്ഷിക്കേണ്ട ഒരു ഉപകരണമോ ഉപയോഗമോ ആണ് എന്ന ഉത്തരം ശരിയായിരിക്കുകയില്ല. എല്ലാ സാങ്കേതിക വിദ്യകളും നൂതന ഉപകരണങ്ങളും കണ്ടുപിടുത്തങ്ങളും മനുഷ്യന്റെ അധ്വാനത്തെ ലഘൂകരിക്കുകയും ജീവിതം എളുപ്പമാക്കുകയും ചെയ്യുന്നുണ്ട്, അത് ആവശ്യത്തിന് മാത്രം ഉപയോഗിക്കുമെങ്കിൽ. മൊബൈൽ ഫോണുകൾ, വിശേഷിച്ച് സ്മാർട്ട് ഫോണുകൾ, നിത്യജീവിതത്തിന്റെ സമയമേറെ വേണ്ടിവന്ന പ്രവർത്തനങ്ങൾ എളുപ്പമാക്കി. ലോകത്തിന്റെ ഏത് ഭാഗത്തു നിന്നുമുള്ളവരുമായി സംസാരം എളുപ്പമാക്കി. ടെലഫോൺ ബില്ലുകൾ, ഇലക്ട്രിസിറ്റി ബില്ലുകൾ, ബാങ്കിങ്ങ് ഇടപാടുകൾ, സിനിമയ്ക്ക് ടിക്കറ്റെടുക്കുന്നത് മുതൽ ഭക്ഷണം ഓർഡർ ചെയ്യുന്നത് വരെ വിരൽത്തുമ്പിലാക്കി. നെറ്റ് സാങ്കേതിക വിദ്യയിലൂടെ പഠിക്കുന്നതിനും അറിയുന്നതിനും ഒട്ടനവധി നൂതനമാർഗങ്ങളായി. പ്രഭാഷണങ്ങൾ, പഠന ക്ലാസ്സുകൾ, പാചക രീതികൾ, വിശ്വവിജ്ഞാനവിവരങ്ങൾ, തത്സമയ നിഘണ്ടുകൾ, ഭാഷാ പഠനങ്ങൾ, വിവർത്തനങ്ങൾ, ഡയറിക്കുറിപ്പുകൾ, കമ്പ്യൂട്ടർ ചിത്രരചന തുടങ്ങിയ

മനുഷ്യന്റെ വിവിധ കർമ്മമണ്ഡലങ്ങളിലെ പ്രവർത്തനങ്ങളെ മിഴിവുറ്റതാക്കാനും ലഘൂകരിക്കാനും നൂതനസാങ്കേതിക വിദ്യക്ക് സാധിച്ചു. ടെക്നോളജി രംഗത്ത് ഇനിയും വലിയ മാറ്റങ്ങളാണ് വരാൻ പോകുന്നത്. ഇൻഫോടെക് (Infotech), ബയോടെക് (Bio Tech) മേഖലകളിലെ പുതിയ പുതിയ സാങ്കേതിക വിദ്യകൾ വൻമാറ്റങ്ങളാണ് വരുത്താൻ പോകുന്നത്. ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, റോബോട്ടിക്സ് തുടങ്ങിയ കമ്പ്യൂട്ടർ അധിഷ്ഠിത ടെക്നോളജി ഒരു ഡിജിറ്റൽ സ്വേഛാധിപത്യത്തിലേക്ക് ലോകത്തെ നയിക്കുമോ എന്ന് സംശയിക്കപ്പെടുന്നു. മനുഷ്യനെത്തന്നെ അവഗണിച്ച്, യന്ത്രങ്ങളും സാങ്കേതിക വിദ്യകളും അതിനെ നിയന്ത്രിക്കുന്നവരും ലോകത്തെത്തന്നെ നിയന്ത്രിക്കുമോ എന്ന ആശങ്കകളുമുണ്ട്.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. മനുഷ്യന് ശരീരവും മനസ്സും ആത്മാവും ഉണ്ട്. യേശു ശിഷ്യന്മാരോട് അരുളിച്ചെയ്യുന്നുണ്ട്: *"ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിന് പകരമായി എന്ത് കൊടുക്കും?"* (വി.മത്തായി 16:26). ആധുനിക പരിഷ്കാരത്തെയും യന്ത്രങ്ങളെയുംകുറിച്ച് മഹാത്മാഗാന്ധി പരാമർശിക്കുന്നത് ശ്രദ്ധേയമാണ്: *"നമ്മുടെ ശരീരം പോലും ഒരു യന്ത്രമാണെന്നിരിക്കെ എനിക്കെങ്ങനെഎല്ലാത്തരം യന്ത്രങ്ങൾക്കുമെതിരാകാനൊക്കും? ചർക്ക യന്ത്രമാണ്. എന്തിന്, ഒരു പല്ലുകുത്തി പോലും യന്ത്രമാണല്ലോ? ഞാനെതിർക്കുന്നത് യന്ത്രങ്ങളെയല്ല. യന്ത്രഭ്രമത്തെയാണ്. അതിന്റെ പിന്നിലെ പ്രേരണ അത്യാർത്തിയാണ്, മനുഷ്യസ്നേഹമല്ല. ഈ ഘടനാപരമായ സ്ഥിതിയെയാണ് കരുത്തെല്ലാം സമാഹരിച്ച് ഞാനെതിർക്കുന്നത്. മനുഷ്യനാണ് ഏറ്റവും പ്രധാനം. അവന്റെ അവയവങ്ങളെ ക്ഷയിപ്പിക്കുന്നതാകരുത് യന്ത്രം"*.

ഈ ഭ്രമം, അത് മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക്, ടിറ്റർ, വാട്സാപ്പ്, ടിക്ക്ടോക്ക്, ഇൻസ്റ്റാഗ്രാം എന്നിവയോടുള്ള അമിതമായ ഭ്രമം, മനുഷ്യന്റെ ആത്മനാശത്തിലേക്ക് നയിക്കുമെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ഇവയുടെ ഉപയോഗത്തിൽ അങ്ങിയിരിക്കുന്ന കെണികളും ചതിക്കുഴികളും മനസ്സിലാക്കിയില്ലെങ്കിൽ അപകടമാണ്. വ്യക്തിക്കും സമൂഹത്തിനും രാഷ്ട്രത്തിനും മതങ്ങൾക്കും ഇവ ഭീഷണികളുയർത്തുന്നുണ്ട്. നവടെക്നോളജിയും ഇന്റർനെറ്റും ഉയർത്തുന്ന അപകടങ്ങളെപ്പറ്റി ഈയിടെ സുപ്രീം കോടതിയിലെ ഒരു ജഡ്ജി നമ്മെ ഓർമപ്പെടുത്തുകയുണ്ടായി. നെറ്റിലെ *'ഡാർക്ക് വെബ്'* ഉപയോഗിച്ച് അഞ്ച് മിനിട്ടുകൊണ്ട് എ.കെ.47 തോക്ക് വാങ്ങിയതുമായി ബന്ധപ്പെട്ടാണ് അദ്ദേഹം പരാമർശം നടത്തിയത്. അത് ഇപ്രകാരമായിരുന്നു: *"എന്റെ സ്മാർട്ട് ഫോൺ ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ഞാൻ ആലോചിക്കുന്നു. അത് സ്വകാര്യതയെ അതിലംഘിക്കുകയാണ്. ശുദ്ധഗതിക്കാരായ മനുഷ്യരെ ആക്ഷേപിക്കാനും ചെളിവാരിയെറിയാനും കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കും അത് വഴിവെക്കുന്നു"*.

സ്മാർട്ട് ഫോണുകളുടെയും കമ്പ്യൂട്ടർ, ടാബ് തുടങ്ങിയവയുടെയും അമിത ഉപയോഗം മനുഷ്യനിൽ ആരോഗ്യപരവും മാനസികവുമായ പ്രശ്നങ്ങളുണ്ടാക്കുന്നു. ലഹരിക്ക് അടിമപ്പെടുന്നതു പോലെ *സോഷ്യൽ മീഡിയ അഡിക്ഷനും ഇന്റർനെറ്റ് അഡിക്ഷനും* ചികിത്സിക്കപ്പെടേണ്ട ഒരു മാനസിക രോഗമായി മാറി. സാൻന്റിയാഗോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നടത്തിയ ഒരു പഠനത്തിൽ മൊബൈൽ ഫോണിന്റെ അമിത ഉപയോഗം വിഷാദ രോഗങ്ങളിലേക്കു നയിക്കുന്നു എന്ന് തെളിയുകയുണ്ടായി. തുടർന്ന് ആത്മഹത്യയിലേക്കും. സ്മാർട്ട് ഫോൺ അമിതമായി ഉപയോഗിക്കുന്നവർ ഫോണിൽത്തന്നെ രസിച്ചിരിക്കുന്നതുകൊണ്ട് അവർക്ക് മാനുഷിക ബന്ധങ്ങൾ വിരളമാണ്. മാനസികാരോഗ്യത്തിന് നല്ല മനുഷ്യബന്ധം ആവശ്യമാണ്. ടെക്നോളജിയോടുള്ള അടിമത്തം മാനസിക വളർച്ച മുരടിപ്പിക്കുകയും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുകയും

ചെയ്യുന്നു. കുട്ടികൾ മറ്റുള്ളവരുമായി കളിച്ച് വളരുന്നതിന് പകരം മൊബൈൽ ഫോണിൽ സമയം ചെലവഴിക്കുമ്പോൾ അത് ലഹരി അടിമത്തമായി വളരുന്നു. കൂടുതൽ നേരം കണ്ണുകൾ സ്ക്രീനിൽ നോക്കിക്കൊണ്ടിരിക്കുമ്പോളുള്ള ആരോഗ്യ പ്രശ്നങ്ങളും വേറെ. തുടർച്ചയായി ഈ നോട്ടവും ഇരിപ്പും ഒരു വ്യക്തിയുടെ ആരോഗ്യത്തെ നശിപ്പിക്കുന്നു. കമ്പ്യൂട്ടറിനുപോലും *റീബൂട്ട്* ആവശ്യമാണ്. പക്ഷെ മനുഷ്യൻ അതിന് തയ്യാറാവുന്നില്ല. ഫോണുകളും കമ്പ്യൂട്ടറും ഉപയോഗിച്ചുകൊണ്ടുള്ള ഇന്റർനെറ്റ് പ്രവേശനം, ചാറ്റിങ്ങ്, പരതലും ചികയലും ഒക്കെ സുരക്ഷാ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഇന്റർനെറ്റിലെ അധോലോകം എന്ന് വിളിക്കുന്ന *ഡാർക് വെബ്* സുരക്ഷാഭീഷണി ഉയർത്തുന്നതായി കേരളാ പോലീസിന്റെ സൈബർ വിഭാഗം കണ്ടെത്തി. ഓൺലൈൻ ബാങ്കിങ്ങ് തട്ടിപ്പ്, ലഹരിക്കടത്ത്, കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ പ്രചരിപ്പിക്കൽ എന്നിവയിൽ *ഡാർക്ക് വെബ്* ഉപയോഗിക്കുന്നവരുടെ പങ്ക് വർധിക്കുന്നതായാണ് കണ്ടെത്തിയത്. വന്യജീവികൾ, വിഗ്രഹങ്ങൾ, പുരാവസ്തുക്കൾ, ചന്ദനം തുടങ്ങിയവ വിൽക്കാൻ *ഡാർക്ക് വെബി*നെആശ്രയിക്കുന്നു. ഇന്റർനെറ്റിനെ കടലിൽ മുങ്ങിക്കിടക്കുന്ന ഒരു മഞ്ഞുമലയായി കണക്കാക്കാം. *വിസിബിൾ ഇന്റർനെറ്റ്* (മൊസില്ല, ക്രോം തുടങ്ങിയ ബ്രൗസറുകളുടെയും, ഗൂഗിൾ, ബിങ്ങ് തുടങ്ങിയ സെർച്ച് എഞ്ചിനുകളുടെയും പ്രവർത്തനമേഖല), *ഡീപ് വെബ്, ഡാർക് വെബ്* എന്നിങ്ങനെ മൂന്ന് ഭാഗങ്ങളുള്ളതാണ് മഞ്ഞു മല. ഇവയിൽ വെള്ളത്തിനു മുകളിലുള്ള ഭാഗമാണ് നമുക്ക് പരിചിതമായ ഇന്റർനെറ്റ്. അടിയിൽ നമ്മൾ കാണാത്ത ഇരുണ്ടലോകം. ഇരുണ്ടലോകത്തിൽ ചെകുത്താന്മാർ അതിൽ പരതുന്നവർക്കായി വല വിരിക്കുന്നുണ്ട്.

നവമാധ്യമ ലോകത്ത് പ്രചരിക്കുന്ന പല വാർത്തകളും വിശേഷങ്ങളും അസത്യങ്ങളും അർധ സത്യങ്ങളുമാണ്. ചില സ്ഥാപിത താല്പര്യക്കാർ അവ പ്രത്യേക ഉദ്ദേശ്യങ്ങളോടെയോ പ്രചരണത്തിന് വേണ്ടിയോ സൃഷ്ടിക്കുന്നതുമാണ്. നമ്മൾ ജീവിക്കുന്ന ഈ സത്യാനന്തരലോകത്ത് (post-truth) പലതും വിശ്വസിപ്പിക്കുവാൻ പ്രേരിപ്പിച്ചും പ്രലോഭിച്ചും കൊണ്ടിരിക്കുകയാണ്. നുണ ഒരു പ്രാവശ്യം പറഞ്ഞാൽ നുണയായി അവശേഷിക്കും. പക്ഷെ ആ നുണ ആയിരം പ്രാവശ്യം ആവർത്തിച്ചാൽ സത്യമാവും (*A lie told once remains a lie, but a lie told a thousand times becomes the truth*).

സത്യത്തെയും അസത്യത്തെയും നിത്യതയേയും അനിത്യതയെയും കുറിച്ചുള്ള തിരിച്ചറിവാണ് മനുഷ്യ വിവേകം. മനുഷ്യനിൽ ഉറങ്ങിക്കിടക്കുന്ന ഒരു മൃഗമുണ്ട്. അത് വാസനകളുടെ രൂപത്തിൽ പുറത്തേക്ക് വരും. ഇന്ദ്രിയങ്ങളുടെയും വാസനകളുടെയും പിന്നാലെ പോകുന്നത് പൂർണ സംതൃപ്തി നൽകുകയില്ല. ആശയാകുന്ന മുതലയുടെ പുറത്ത് സുഖസവാരി നടത്തുമ്പോൾ അത് നമ്മെ ഇറുക്കിപ്പിടിച്ച് വെള്ളത്തിൽ മുക്കിക്കൊല്ലും. ബാഹ്യ പ്രപഞ്ചത്തിലെ ജഡികമായ അനുഭൂതികളെ മാത്രം പിന്തുടരുന്നത് ആപത്താണ്. വി.പൗലോസ് റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പ്രതിപാദിക്കുന്നു:

"...... *എന്തെന്നാൽ ജഡികമായി ജീവിക്കുന്നവർ ജഡ്യഢിക കാര്യങ്ങളിൽ മനസ്സ് വെക്കുന്നു. ആത്മീയമായി ജീവിക്കുന്നവരാകട്ടെ ആത്മീയ കാര്യങ്ങളിൽ മനസ്സു വെയ്ക്കുന്നു. ജഡിക താത്പര്യങ്ങളിൽ മുഴുകിയിരിക്കുന്ന മനസ്സ് ദൈവത്തിന്റെ ശത്രുവാണ്. അത് ദൈവത്തിന്റെ നിയമത്തിന് കീഴ്പ്പെടുന്നില്ല. കീഴ്പ്പെടാൻ അതിന് സാധിക്കുകയുമില്ല. ജഡിക പ്രവണതകളനുസരിച്ച് ജീവിക്കുന്നവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല.... ശരീരത്താൽ ബലഹീനമാക്കപ്പെട്ട നിയമത്തിന് അസാധ്യമായത് ദൈവം ചെയ്തു. അവിടുന്നു തന്റെ പുത്രനെ പാപപരിഹാരത്തിനു വേണ്ടി പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ അയച്ചുകൊണ്ട് പാപത്തിന് ശരീരത്തിൽ ശിക്ഷ വിധിച്ചു. ഇത് ശരീരത്തിന്റെ പ്രവണതകൾക്കനുസരിച്ച് ജീവിക്കാതെ ആത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കുന്ന നമ്മിൽ നിയമത്തിന്റെ അനുശാസനം സഫലമാകുന്നതിനു വേണ്ടിയാണ്. ദൈവത്തിന്റെ ആത്മാവ് യഥാർഥമായി നിങ്ങളിൽ വസിക്കുന്നെങ്കിൽ നിങ്ങൾ ജഡികരല്ല. ആത്മീയരാണ്. നിങ്ങളുടെ ശരീരം പാപം നിമിത്തം മൃതമാണെങ്കിലും ക്രിസ്തു നിങ്ങളിലുണ്ടെങ്കിൽ നിങ്ങളുടെ ആത്മാവ് നീതിനിമിത്തം ജീവനുള്ളതായിരിക്കും"* (റോമർ 8:5–11).

അജ്ഞാനം, ആലസ്യം, ജഡത്വം, നിദ്ര, പ്രമാദം, മൂഢത്വം, കാമവാസനകൾ, വിഷയേച്ഛ, കോപം, ലോഭം, ഡംഭ്, അസൂയ, അഹങ്കാരം, ഈർഷ്യ, മത്സരചിന്ത ഇവയെല്ലാം മനുഷ്യനെ നവമാധ്യമങ്ങൾക്ക് അടിമയാക്കുന്നതിൽ പങ്കുവഹിക്കുന്നുണ്ട്. നമ്മൾ കർമം ചെയ്യേണ്ടത് ചിത്തശുദ്ധിക്കുകൂടി വേണ്ടിയാണ്. (*ചിത്തസ്യ ശുദ്ധയേ കർമ്മ:*). വിചാരംകൊണ്ടോ പ്രാർത്ഥനകൊണ്ടോ ആത്മയാഥാർഥ്യ ബോധത്തെ ഉണർത്തുകയും വേണം. നിത്യതയെയും, അനിത്യതയെയും തിരിച്ചറിഞ്ഞ് മനസ്സിനെയും ജ്ഞാനേന്ദ്രിയങ്ങളെയും കർമേന്ദ്രിയങ്ങളെയും വിഷയങ്ങളിൽ നിന്ന് പിൻവലിച്ച് ആത്മബോധത്തിലേക്ക് ഉണരുമ്പോൾ ഏത് യാന്ത്രിക സംവിധാനങ്ങളെയും അതിജീവിക്കാൻ സാധിക്കും (*നിത്യാ നിത്യ വസ്തു വിവേക: പരിഗണ്യതേ*).

ആഴവും പരപ്പുമുള്ള നദി കാണുമ്പോൾ പിന്തിരിയേണ്ടതില്ല. എടുത്ത് ചാടിയിട്ടും കാര്യമില്ല. നദിയിൽ സഞ്ചരിക്കണമെങ്കിൽ ഒന്നുകിൽ നീന്തൽ പഠിക്കണം. അല്ലെങ്കിൽ നദി കടക്കാനുള്ള തോണി വേണം. ഇത് രണ്ടുമുണ്ടെങ്കിൽ നദി അഗമ്യമോ അപ്രാപ്യമോ അല്ല. മനഃസാന്നിധ്യത്തോടെ നീന്താനും തുഴ വലിക്കാനും സന്നദ്ധമാണെങ്കിൽ നദിയിലെ ചുഴലികളെയും മലരികളെയും മറികടന്ന് അതിൽ യാത്രചെയ്യാം. നൂതനസാങ്കേതിക വിദ്യ പ്രദാനം ചെയ്യുന്ന മഹാനദിയാകുന്ന നവമാധ്യമ ലോകത്ത് സധൈര്യം പ്രവേശിക്കുന്നതിന് ദൈവസാന്നിധ്യംകൂടി കൂടെയുണ്ടെങ്കിൽ ഭയപ്പെടേണ്ട കാര്യമില്ല.

"*സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.... പ്രലോഭനത്തിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ, തിന്മയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ.....*"

References

1) ബൈബിൾ (പുതിയനിയമം)
2) വിവേക ചൂഡാമണി: ശ്രീ.ശങ്കരാചാര്യർ
3) ഹിന്ദ്സ്വരാജ് : മഹാത്മാഗാന്ധി
4) 21 lessons for the 21st century : **Yuval Noah Harari**
5) Psychology : **Robert A Barun**
6) **Wikipedia Articles on:** ***New Media, Problematic Smart Phone Use, Virtual World.***

GM

(അഭിഭാഷകൻ, കാർട്ടൂണിസ്റ്റ്, എഴുത്തുകാരൻ, പ്രഭാഷകൻ എന്നീ തലങ്ങളിൽ അറിയപ്പെടുന്ന ലേഖകൻ കുന്നത്തുനാട് നിയമസഭാ മണ്ഡലത്തിൽ നിന്നുള്ള മുൻ സാമാജികനാണ്)

St. Thomas Orthodox Theological Seminary in Silver Jubilee glow

■ **Fr. Dr. Bijesh Philip**

The new Seminary of the Malankara Orthodox Church in North India was the success of countless days of prayerful discussions and tenacious desire of the Orthodox Christians migrated from Kerala to other parts of India. The Malankara Orthodox Church which was confined to Kerala till the 19th century expanded to various parts of India and abroad in the 20th century as the children of the Church migrated to numerous cities in search of job opportunities.Thus, the St.Thomas Orthodox Theological Seminary (STOTS) was set up to cater to the needs of the diaspora population meaningfully. Besides, it creates a new vision about the mission of the Church in the pluralistic community in India.

Under the leadership and zealous vision of HG Dr. Stephanos Mar Theodosius Metropolitan of blessed memory who laid an exemplary foundation for the mission in North India, the Seminary was born within the Headquarters of Calcutta Diocese at Bhilai in 1995. With the blessings of H.H.Moran Mar Baselios Marthoma Mathews II and the Holy Episcopal Synod under the care of the metropolitans of the outside Kerala dioceses, the seminary grew to new heights. In 1999, the Seminary was shifted from Bhilai to Nagpur.

For the seminary a land of fifteen acres was purchased in Kalmeshwar, a village 25 kilometers away from the city of Nagpur. By the benevolent care of the members of the Church we could build a beautiful chapel, a hostel, staff quarters and Upasana building that accommodates Mar Theodosius Memorial Hall, Dormitories and a refectory. Along with these, the Seminary campus is made more graceful with an agricultural land yielding oranges, wheat, other seasonal crops and playgrounds for cricket, volleyball, basketball, badminton and football.

H.H.Baselios Mar Thoma Mathews II Catholicos, H.G. Geevarghese Mar Osthathios and H.G. Stephanose Mar Theodosius with faculty and students of STOTS.

Around 200 students who have passed out from this Seminary, are successfully serving with selfless passions at various parishes, mission centers and seminaries in different parts of the world. At present, we have seventy six students, ten full-time faculty, fifteen visiting faculty and thirteen non-teaching staff. We are glad to note that two of the faculty members are women.

From the time of its inception to the present day, the support and contributions of the Orthodox Theological Seminary, Kottayam is incalculable. A few faculty members of the Kottayam Seminary are also visitor faculty members of the STOTS. Many former faculty members of the Nagpur Seminary are serving as the full time faculty at the Kottayam Seminary.

As part of ministerial training, Seminary offers programmes such as Bachelor of Divinity(BD) being affiliated to the Senate of Serampore and Graduation in Sacred Theology(GST). It conducts an Online Theological Programme called ***SATHYA JYOTHI*** catering to the spiritual needs of the faithful laity. A publishing

house named ***BODHANA*** runs under the Seminary and has published various books on study of Sacraments, Church and Mission. The Seminary also publishes a quarterly magazine named ***SAHAYATRA***

St. George Orthodox Cathedral, Nagpur, which is the only church in Nagpur city, has extended a helping hand for the growth of the Seminary a lot. When the Seminary was shifted to Nagpur, the first residence of the Seminary family for one semester was the Nagpur Cathedral. The students have always got an opportunity to visit and stay at various parishes in different parts of India, as part of their mission and practical training.

STOTS has been able to heed the call of the Church in realizing and fulfilling its duties to the society. The students along with the faculty members reach out to various mission projects in the villages and slums, during the weekends. On Sundays after the Holy Liturgy, spiritual training classes are provided for the children of the nearby villages. The Seminary conjointly runs a vital mission as ***PRERANA Special School*** for children who are mentally challenged. ***Prerana*** gives residential facility to the special children coming from remote villages and arranges transportation to those from the nearby villages. Through this special school, the Seminary has been able to establish good rapport and cordial relations with the natives of the nearby villages. Over few years, on the Feast Day of St. Thomas, the Apostle of India and the Patron Saint of the Seminary, hundreds of people from surrounding villages attend the festal programs in which various spiritual sessions are organized for them.

The Seminary provides effective leadership in coordinating various spiritual organizations for the Outside Kerala Region (OKR) of the Church. The head office of the OSSAE OKR functions within the Seminary. The Principal of the Seminary also serves as the Director of Sunday School, Outside Kerala Region and a priest functions as a full-time manager of the Sunday school office. The seminary takes initiative in bringing out OVBS books and other materials and to conduct OVBS in most of the outside Kerala units. The OVBS office is also functioning at the Seminary.

The parishioners from numerous parishes of Outside Kerala Dioceses visit the Seminary and stay back during weekends. The Seminary arranges various programmes and sessions for them. On some weekends the number of visitors go up to seventy or more. Besides attending the sessions, they take keen interest in spending time with special kids of the ***Prerana*** School.

The Governing Board meeting of the seminary is held twice every year. The Governing Board comprises of H.H.Moran Mar Baselios Marthoma Paulose II, Catholicos of the East who serves as the President, H.G. Geevarghese Mar Coorilos as the Vice-President, and metropolitans of the Outside Kerala Dioceses and various representatives of the Church.

Along with the academic languages of Greek, Syriac and Hebrew, the students of the Seminary are trained and encouraged to communicate in three prominent languages, namely, English, Malayalam and Hindi. Hence, the language switches on weekly basis for worship in the Seminary. English is the medium of teaching and communication .

As part of the Silver Jubilee Celebrations the Seminary has planned various programs for this year. The silver jubilee inaugural meeting was held on June 20th, 2019 at Orthodox Theological Seminary, Kottayam.

Former Principals of STOTS

Stephanos Mar Theodosius(1995-99), Fr.Dr.Reji Mathews(1999-2010),Fr.Dr.Bijesh Philip(2010-19)

Rev. Fr. Dr. Jossi Jacob, took over as the new Principal from December 1st, 2019 , and the Seminary will reach greater heights under him.

GM

(The author is the former Principal of STOTS)

വിവാഹ മംഗളാശംസകൾ

12.09.2019

കൊച്ചി പാലാരിവട്ടം കരിയംപള്ളിയിൽ ഷാജിയുടെയും ആനിയുടെയും മകൾ **സുസി**യും പത്തനാപുരം തെക്കേപറമ്പിൽ റ്റി.കുര്യാക്കോസിന്റെയും സിബിയുടെയും മകൻ **സുബി**നും മണർകാട് സെ.മേരീസ് യാക്കോബായ സിറിയൻ കത്തീഡ്രലിൽ ഫാ.ആൻഡ്രൂസ് ചിറവത്തറ കോർ എപ്പിസ്കോപ്പായുടെ മുഖ്യകാർമികത്വത്തിൽ വിവാഹിതരായി.

Modular Kitchen ◆ Wardrobes ◆ TV Units ◆ Crockery Units ◆ Furniture

Wooden floorings ▪ Handrails ▪ Ceilings ▪ Wall Papers ▪ Textured Coatings ▪ Painting works ▪ Curtains

"Axihome Interiors "based in cochin. Owned and managed by a group of professionals having vast experience in the field of **Designing, Contracting & Maintenance** is spreading its wings all over Kerala. We own a very strong infrastructure for all your construction related needs.

Contact us : Mr. Vinoj Mathew +91 860 61 44 591, 963 38 41 231

Head Office: Door No. 60/A6, Densons Building, Edappally, Kochi-24.

e-mail: axihomeinteriors@gmail.com visit: www.axihomeinteriors.com

axihome

INTERIORS & CONTRACTORS

AESTHETICS INTUNE WITH CREATIVITY

Near Lulu Mall, Edappally, Kochi - 682 024

35th Death Anniversary of Our beloved Appachan

Very Rev. T. S. Abraham Cor-Episcopa
Thengumthottathil-Ayroor. **(1896 -1984)**

1. Malankara Orthodox Church managing committee member from 1935 to 1983.
2. Priest trustee of Malankara Orthodox Church from 1965 to 1983.
3. Head master of M.S.S. High School, Thazhakara, Mavelikara from 1939 to 1951.
4. Head master of M.G.M High School, Thiruvalla from 1951 to 1957.
5. Vicar of Malankara Orthodox Churches in Malaysia and Singapore from 1957 to 1960.
6. Attended the second Vatican Council at Vatican City as Malankara Orthodox Church representative in September-October 1964, and officially met with H.H Pope Paul VI.
7. First priest from Malankara Sabha to conduct the Holy Qurbana as well as the first malayali christian marriage in the Middle East on June 24, 1937 at the American Mission Church in Bahrain.

Inserted by **Grandchildren**

കേരള ക്രൈസ്തവ സഭയുടെ തായ്‌വേരുകൾ കണ്ടെത്തിയ സത്യാന്വേഷി

2003 ജനുവരിയിലെ ഒരു അർധരാത്രി. നൈൽ നദീതീരത്തുള്ള ഓക്സിറിംഗസിൽ നിന്ന് 1896–97–ൽ കണ്ടെടുത്ത പാപ്പിറസിനെ(Oxyrhynchus Papyri) ക്കുറിച്ചുള്ള ഒരു പഠനഗ്രന്ഥം വായിക്കുന്നതിൽ മുഴുകിയിരിക്കുകയാണ് തട്ടുങ്കൽ സഖറിയാ മാണി എന്ന മുൻ ഇൻകം ടാക്സ് ചീഫ് കമ്മീഷണർ. ഒന്നാം നൂറ്റാണ്ടിലെ കേരള ക്രൈസ്തവരെക്കുറിച്ച് സൂചനനൽകുന്ന എന്തെങ്കിലും ലഭിക്കുമോ എന്നാണ് ഉറ്റുനോക്കുന്നത്. ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ ചേരരാജ്യം (പുരാതന കേരളം) പശ്ചാത്തലമാക്കി എഴുതപ്പെട്ട ഒരു നാടകമാണ് പാപ്പിറസിലുള്ളത്. ഗ്രീക്ക് ഭാഷയിൽ എഴുതിയിട്ടുള്ള നാടകത്തിൽ സംസ്കൃതം, അരാമായിക്, ഇന്ത്യൻ രൂപഭേദം (Indianised) പ്രാപിച്ച ഗ്രീക്ക് പദങ്ങൾ എന്നിവ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു. തോമാ ശ്ലീഹായുടെ സുവിശേഷ വേലയെക്കുറിച്ചുള്ള പാരമ്പര്യത്തിൽ ഉറച്ചുവിശ്വസിക്കുന്ന വ്യക്തിയായതിനാൽ അതു ബലപ്പെടുത്തുന്ന സൂചന വല്ലതും ലഭിക്കുമോ എന്നാണ് അദ്ദേഹത്തിന്റെ ആകാംക്ഷ. ആ അന്വേഷണം വിഫലമായില്ല.

‘ദൈവത്തിന്റെ ഇടപെടൽ’

പൊടുന്നനെ, *‘മർത്തമറി’*, *‘തൃമാ’* എന്നീ വാക്കുകൾ കണ്ണിലുടക്കി. ആവർത്തിച്ചു വായിച്ചപ്പോൾ ചങ്കിടിപ്പ് വർധിച്ചു. ഒരു സംഭാഷണത്തിന്റെ ഭാഗമായ ആ വാക്കുകൾ *മർത്തമറിയ*ത്തിനോടും തോമാ ശ്ലീഹായോടും നടത്തുന്ന ഒരു അപേക്ഷയാണെന്നു തിരിച്ചറിയാൻ അധികസമയം വേണ്ടിവന്നില്ല.

യഥാർഥത്തിൽ, അതൊരു ‘വെളിപാട്” തന്നെയായിരുന്നു. *‘ദൈവത്തിന്റെ ഇടപെടൽ’* എന്നാണ് സഖറിയാ മാണി അതിനെ പിന്നീടു വിശേഷിപ്പിച്ചത്. അതോടെ, ***‘ചരീത്തിയോൺ’*** എന്നു പേരിട്ടിട്ടുള്ള ആ നാടകം സമഗ്രമായി പഠിക്കാനും വിശകലനം ചെയ്യാനും നിശ്ചയിച്ചുറച്ചു.

തയ്യാറെടുപ്പ്

പഠനം അത്യന്തം ക്ലേശകരവും ഇഴഞ്ഞുനീങ്ങുന്നതുമായിരുന്നു. പുരാതനഗ്രീക്കു ഭാഷ പഠിക്കേണ്ടതായി വന്നു. പുറമെ, സംസ്കൃതം, അരാമായിക് എന്നിവയും. ആയിരത്തിലേറെ ഗ്രന്ഥങ്ങളും ലേഖനങ്ങളും വായിച്ചുതീർത്തു. ഈ ഭാഷകളിലെ നിഘണ്ടുക്കൾ പരിശോധിച്ച് പദങ്ങളും അർഥവും ഘടനയും പ്രയോഗങ്ങളുമൊക്കെ മനസ്സിലാക്കേണ്ടിയിരുന്നു. വായനയും പഠനവും രാത്രിയാമങ്ങളിലേക്കു നീണ്ടു. പല വാക്കുകളും കീറാമുട്ടികളായിരുന്നു. എന്നാൽ, ദീർഘക്ഷമയും ദൃഢനിശ്ചയവും ഒട്ടുമിക്ക നിഗൂഢതകളുടെയും ചുരുളഴിച്ചു.

Denys Leonel Page (D.L.Page) –ന്റെ 1950–ലെ ഗ്രീക്ക്–ഇംഗ്ലീഷ് ***ചരീത്തിയോൺ*** പഠനഗ്രന്ഥമാണ് ഗവേഷണത്തിന് അടിസ്ഥാനമാക്കിയത്. നാടകത്തിൽ 87 സംഭാഷണങ്ങളുണ്ട് – 55 എണ്ണം ഗ്രീക്കിലും 32 എണ്ണം ‘അപരിചിതമായ’ ഏതോ ഇന്ത്യൻ ഭാഷകളിലും. ഈ ഇന്ത്യൻ വാക്കുകൾ 152 (ആവർത്തനമുൾപ്പെടെ) എണ്ണമുണ്ടെന്ന് സഖറിയാ മാണി കണ്ടെത്തി. കൂടുതൽ പരിശോധിച്ചപ്പോൾ ഇവയിൽ 79 എണ്ണം സംസ്കൃതവും 25 എണ്ണം മലയാളവും 36 എണ്ണം ഇന്ത്യൻ ഭാഷാനുരൂപം പ്രാപിച്ച ഗ്രീക്കും ആണെന്നു തിരിച്ചറിഞ്ഞു. പുറമെ, 12 അരാമായിക് വാക്കുകളും കണ്ടെത്തി.

വർഷങ്ങൾ നീണ്ട അധ്വാനം

പഠനവും ഗവേഷണവും ഇപ്പോൾ 16 വർഷം പിന്നിട്ടിരിക്കുന്നു. പത്തുവർഷത്തെ പഠനത്തിനുശേഷം ലഭിച്ച കണ്ടെത്തലുകൾ ആദ്യ പുസ്തകമായി 2013–ൽ പ്രസിദ്ധീകരിച്ചു : ***Charition Greek Drama And The Christians of Kerala.*** അതൊരു ചരിത്ര സംഭവമായി മാറി. കാരണം, കേരളത്തിന്റെ ചരിത്രത്തിന് അന്നുവരെ ലഭിച്ചിട്ടുള്ള രേഖകൾ ഒന്നും തന്നെ ***ചരീത്തിയോൺ*** നാടകത്തിന്റെ പൗരാണികത്വം ഉള്ളവയായിരുന്നില്ല.

കേരള ക്രൈസ്തവരുടെ ***തോമാ പാരമ്പര്യം*** തെറ്റാണെന്നു വാദിച്ചവരിൽ അധികംപേരും വിദേശികളായിരുന്നു. അവരെ അന്ധമായി വിശ്വസിച്ച് കേരള

ചരിത്രകാരന്മാരിൽ ഒരു ന്യൂനപക്ഷവും തോമാ ശ്ളീഹാ കേരളത്തിൽ സഭ സ്ഥാപിച്ചിട്ടില്ലെന്നു വാദിച്ചിരുന്നു. ഇതിനെയെല്ലാം അക്ഷരാർഥത്തിൽ തകിടം മറിക്കുന്ന അനിഷേധ്യ തെളിവുകളാണ് AD 100-നു മുമ്പെഴുതപ്പെട്ട ***ഖരീത്തിയോൺ*** നാടകത്തിൽ ഒളിഞ്ഞുകിടന്നതും സഖറിയാ മാണി കണ്ടെത്തിയതും.

ഖരീത്തിയോൺ നാടകത്തിന്റെ പശ്ചാത്തലവും രംഗവും ചേരരാജ്യ (പുരാതന കേരളം) ത്തിലെ തോമാ ക്രിസ്ത്യാനികളുടെ ആരാധനയുമായി ബന്ധപ്പെട്ടതാണ്. നാടകത്തിലെ ഇന്ത്യൻ പദങ്ങളും ഗ്രീക്ക് അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നു. ***'ഖരീത്തിയോൺ'*** എന്നു പേരുള്ള ഒരു ഗ്രീക്ക് വനിത (നാടകം പിൽക്കാലത്ത് ഈ പേരിൽ അറിയപ്പെട്ടു)യും സംഘവും കപ്പൽ അപകടത്തെത്തുടർന്ന് കരയിലെത്തുന്നു. ഒരു ഇന്ത്യൻ സംഘത്തിന്റെ സംരക്ഷണയിൽ അവർ സമീപത്തെ *'തേർമന'*യിൽ നടക്കുന്ന *'ഖൊർബോൻ'* (കുർബാന) ശ്രദ്ധിക്കുന്നു. ('തേറുക' എന്നാൽ വിശ്വാസത്തോടെ പ്രാർഥിക്കുക, 'മന' എന്നാൽ രാജാവ്/നമ്പൂതിരിയുടെ വലിയ കെട്ടിടം. 'തേർമന' =പ്രാർഥനാലയം). *'ബസീലെയൂസ്'* എന്ന *'അപ്പിസ്കോപ്പ'*യുടെ നേതൃത്വത്തിലാണ് കുർബാന. കുളി കഴിഞ്ഞു വന്നശേഷമാണ് *'ഖൊർബോൻ'* നടത്തുന്നത്. (korban എന്നാൽ ബലി എന്നാണ് ഗ്രീക്ക് ഭാഷയിൽ). ആരാധനയ്ക്കിടെ *'മർത്തമറി'* എന്നും *'തൂമാ'* (മർത്തമറിയം, തോമാ) എന്നുമുള്ള വാക്കുകൾ ഉരുവിടുന്നത് കേൾക്കാം. *ബസീലെയൂസ്* ഗ്രീക്ക് അറിയാവുന്ന വിദേശിയാണെന്ന് സ്വയം വെളിപ്പെടുത്തുന്നുണ്ട്. *ഖൊർബോൻ* നടക്കുമ്പോൾ ഇടയ്ക്ക് വാദ്യോപകരണങ്ങളുടെ ശബ്ദം കേൾക്കാം. ഇതിനിടെ ഖരീത്തിയോണും സംഘവും തന്ത്രത്തിൽ രക്ഷപ്പെടുന്നതാണ് നാടകാന്ത്യം. ശ്രദ്ധേയമായ മറ്റു ചില വാക്കുകൾ ഇങ്ങനെ:

ബാപ്റ്റേയ്റാ	-	സ്നാനം ഏറ്റവരേ!
ഇന്തോൺ ദേ പ്രൊമോയീ	-	ഇന്ത്യയിലെ പ്രമാണിമാരേ!
Lalle('ലാഹല്ലേ' എന്ന് ഗ്രീക്കിൽ ഉച്ചാരണം)	-	ഹല്ലേലുയ്യാ എന്നതിന്റെ ചുരുക്കം.
ഏസു	-	യേശു
ഏസർ, ഈയോസര	-	ഈശ്വർ (സംസ്കൃതം)
അബാ ഊൻ	-	സ്വർഗസ്ഥനായ പിതാവേ! (അരാമായ്ക്)
തുമിയോൻ	-	ധൂപം

ഇങ്ങനെ ഒട്ടനവധി പദങ്ങളും പ്രയോഗങ്ങളും നാടകത്തിലുണ്ട്. ചേരരാജ്യത്തിലെ ക്രൈസ്തവരെക്കുറിച്ചു ലഭിച്ച മറ്റു ചില തെളിവുകൾ ഇങ്ങനെ:

1) സർവശക്തനായ ഈശ്വരനെ ആരാധിച്ചിരുന്ന ബ്രാഹ്മണരായിരുന്നു എ.ഡി.ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുമതം സ്വീകരിച്ചവരിൽ പ്രധാനികൾ.
2) തോമാ ശ്ളീഹായിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചതിനാൽ അവർ *'തൂമാ'*യെ (തോമാ ശ്ളീഹായെ) കുർബാനയിൽ ഓർത്തിരുന്നു.
3) ത്രിത്വാരാധാനകഴിഞ്ഞ് *തൂമാ*യുടെ പേരിനു മുമ്പായി സ്മരിക്കുന്നത് *'മർത്തമറി'*യെയാണ് (കൃപനിറഞ്ഞ മറിയം).
4) ആരാധനാലയത്തിനു മുമ്പിൽ കുരിശു സ്ഥാപിച്ചിരുന്നു. കുരിശു നാട്ടിയ സ്ഥലം *'ക്രാനൂ'* (kraunou എന്ന വാക്കിൽ നിന്നുള്ള തത്ഭവം. *'തലയോടിടം'* എന്നർഥം) എന്നറിയപ്പെട്ടു.
5) കുർബാനയ്ക്കിടെ ധൂപവും (*തുമിയോൻ*) വെള്ളം ചേർത്ത വീഞ്ഞും ('കൊട്ടോസ്'-കൂട്ട് അഥവാ കലർപ്പ്) ഉപയോഗിച്ചിരുന്നു.
6) ആരാധനയ്ക്കുമുമ്പ് വ്രതം അനുഷ്ടിച്ചിരുന്നു. താമരയിലയും പൂവും ഉപയോഗിച്ചിരുന്നു. ആയുധ പരിശീലനം ലഭിച്ചവരായിരുന്നു സ്ത്രീ-പുരുഷന്മാർ.
7) *മലാലം ഗാവ്രോ* (malaala-n-gavro) എന്ന പദം മലാലംകര (മാല്യങ്കര/മലങ്കര) എന്നതിനെ സൂചിപ്പിക്കുന്നു.

മുസിരിസും ഓക്സിറിംഖസും

ഈജിപ്തിലെ അലക്സാന്ത്രിയയും കേരളത്തിലെ മുസിരിസും (കൊടുങ്ങല്ലൂർ) തമ്മിലുള്ള വാണിജ്യ യാത്രയ്ക്കിടെ വിനോദത്തിനും വിശ്രമത്തിനുമായി വ്യാപാരികൾ (ഏറെയും ഗ്രീക്കുകാർ) നൈൽ തീരത്തുള്ള ഓക്സറിംഖസിൽ (Oxyrhymchus) തങ്ങിയിരുന്നു. അവിടെയുള്ള കൂറ്റൻ നാടകശാലയുടെ അവശിഷ്ടങ്ങൾ പുരാതനവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. ***ഖരീത്തിയോൺ*** നാടകവും അവിടെ അരങ്ങേറിയിട്ടുണ്ടാവാം. ആ നാടകത്തിന്റെ സ്ക്രിപ്റ്റ് ആണ് ഓക്സിറിംഖസിൽ നിന്നു കണ്ടെടുത്ത പാപ്പിറസിലുള്ളത്.

വേറിട്ട കണ്ടെത്തലുകൾ

ഖരീത്തിയോൺ നാടകം 13-ലധികം പാശ്ചാത്യ ഗവേഷകരും രണ്ട് ഇന്ത്യൻ ഗവേഷകരും പഠനവിധേയമാക്കിയിട്ടുണ്ട് (1898 മുതൽ 2011 വരെ). അവരിൽ ഏറെപ്പേർക്കും *'ഇന്ത്യൻ ഭാഷാ പദങ്ങൾ'* ദുർഗ്രഹമായിരുന്നതിനാൽ അവ വെറും ശബ്ദങ്ങളുടെ മിശ്രണമാണെന്നു വിശേഷിപ്പിച്ച് തള്ളിക്കളയുകയാണു ണ്ടായത്. 2000-നു ശേഷമാണ് ചിലരെങ്കിലും അവയിൽ ശരിയായ ഇന്ത്യൻ ഭാഷാ പദങ്ങളുണ്ടെന്ന് സമ്മതിച്ചുതുടങ്ങിയത്. എന്നാൽ, സഖറിയാ മാണിയുടെ 2013-ലെ ഗ്രന്ഥമാണ് ആദ്യമായി ഈ നാടകത്തിലെ പദങ്ങൾ വേർതിരിച്ച് ഇന്ത്യൻ ഭാഷകളനുസരിച്ച് എണ്ണി തിട്ടപ്പെടുത്തിയതും അവയുടെ അർഥം കണ്ടെത്തി വിശദീകരിച്ചതും. ഇവയെയെല്ലാം ഒന്നാം നൂറ്റാണ്ടിലെ കേരള (ചേരരാജ്യം) ക്രൈസ്തവ പശ്ചാത്തലവും സംസ്കാരവുമായി ബന്ധപ്പെടുത്തിക്കൊണ്ട് അനിഷേധ്യമായ തെളിവുകൾ നിരത്തി എന്നതാണ് തട്ടുങ്കൽ സഖറിയാ മാണിയുടെ അദ്ഭുതാവഹായ നേട്ടം.

അംഗീകാരങ്ങൾ

പാരിസിലെ ലിയോൺ കാതലിക് സർവകലാശാല സഖറിയാ മാണിയുടെ ഗവേഷണപഠനം അംഗീകരിച്ച് അതിലെ കണ്ടെത്തലുകൾ തങ്ങളുടെ പ്രസിദ്ധീകരണത്തിൽ ചേർത്ത് 12 പേജുകളിലായി പ്രസിദ്ധീകരിച്ചു.

സിറോ മലബാർ സഭാ നേതൃത്വത്തിൽ നിന്ന് ആവേശഭരിതമായ സ്വീകരണമാണ് ഈ ഗവേഷണത്തിലെ നിഗമനങ്ങൾക്കു ലഭിച്ചത്. കെ.സി.ബി.സി. സംഘടിപ്പിച്ച ചരിത്ര സെമിനാറിൽ ഈ പഠനം അവതരിപ്പിച്ച് അനുമോദനം നേടി. അതിന്റെ തുടർച്ചയെന്നോണം വത്തിക്കാനിൽ 2020 ഒക്ടോബറിൽ നടക്കുന്ന അന്തർദേശീയ സെമിനാറിൽ ഒരു പ്രബന്ധം അവതരിപ്പിക്കുവാൻ സഖറിയാ മാണിയെ ക്ഷണിച്ചിരിക്കുകയാണ്.
വിഷയം: *"The Papyrus of Oxyrynchus No.413 (Charition drama Papyrus) and the development of the Indian Church after the martyrdom of Apostle Thomas".*

എന്നാൽ, മലങ്കരസഭ ഈ ഗവേഷണ-പഠനത്തിലെ കണ്ടെത്തലുകൾ അർഹമായ പ്രാധാന്യത്തോടെ കാണുകയും പ്രോൽസാഹിപ്പിക്കുകയും അനുമോദിക്കുകയും

ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നടത്തിയ ഒരു പ്രഭാഷണമൊഴിച്ചാൽ വേറൊന്നും ഇതുവരെ കാര്യമായി നടന്നിട്ടില്ല.

പഠനം, ജോലി

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് B.Sc-യും എറണാകുളം മഹാരാജാസ് കോളജിൽ നിന്ന് M.A.(English)-യും പാസ്സായ ശേഷം പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ അധ്യാപകനായി (1965–66). 1966-ൽ Indian Revenue Service (IRS)-ൽ ചേർന്നു. കോമൺവെൽത്ത് രാജ്യങ്ങളുടെ നികുതി വിദഗ്ധ പാനലിൽ അംഗം (1980), കേരള സെയ്ൽസ്ടാക്സ് അപ്പല്ലേറ്റ് ട്രൈബ്യൂണൽ മെമ്പർ (1982), ആദായനികുതി നാഷണൽ അക്കാദമി (NADT) അഡീഷണൽ ഡയറക്ടർ ജനറൽ (1990), UNDP-യിൽ നികുതി നിയമോപദേശകൻ (1993), ആദായനികുതി നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള കമ്മിറ്റി ചെയർമാൻ (1995), കർണാടക-ഗോവ സംസ്ഥാനങ്ങളുടെ ചുമതലയുള്ള ആദായ നികുതി ചീഫ് കമ്മീഷണർ (2000) എന്നീ പദവികൾ വഹിച്ചു. 2002-ൽ വിരമിച്ചതിനു ശേഷം പോണ്ടിച്ചേരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ അഡ്മിനിസ്ട്രേറ്റർ (2002–2006), പീരുമേട് മാർ ബസേലിയോസ് എൻജിനീയറിങ് കോളജ് (MBC) ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

ബഹുമുഖ പ്രതിഭ

തട്ടുങ്കൽ സഖറിയാ മാണിയെ ഒരു ബ്യൂറോക്രാറ്റോ ഗവേഷകനോ മാത്രമായി ഒതുക്കി നിർത്തേണ്ടതല്ല. സംഗീതത്തിലും വാദ്യോപകരണ വായനയിലും പ്രാവീണ്യമുണ്ട്. ഹിന്ദിയിൽ (8) ഉൾപ്പെടെ 36 കീർത്തനങ്ങൾ സ്വയം രചിച്ച് *'ക്രിസ്തുദർശനം'* എന്ന പേരിൽ 4 കാസെറ്റുകളായി പ്രകാശനം ചെയ്തിട്ടുണ്ട് (1994). അമേരിക്കയിലും ബംഗളൂരുവിലുമൊക്കെ ക്ഷണിതാക്കളുടെ വേദികളിൽ തബല വായന അവതരിപ്പിച്ചിട്ടുണ്ട്. ഭാഷാപഠനം, വേദശാസ്ത്രം, സാഹിത്യം, നികുതി നിയമം, സംഗീതം, താളശാസ്ത്രം എന്നിവ ഇഷ്ടവിഷയങ്ങളാണ്.

രചനകൾ

1) ***'ക്രിസ്തുദർശനം'*** കീർത്തനങ്ങൾ (1994) (പുസ്തകമായും Cd-യിലും). 2) ***Beyond the Green Words*** - Life and Landscape of artist S.B.Easwaran (1994)
3). ***Charition Greek Drama and the Christians of Kerala*** (2013). 4). ***തോമാ ശ്ളീഹായുടെ കേരള ക്രൈസ്തവ സഭ ഒന്നാം നൂറ്റാണ്ടിൽ*** (2016). 5). ***Charition Greek Drama of First Century and St.Thomas Christians of Kerala*** (2018).[സെ.തോമസ് ക്രിസ്ത്യാനികളെക്കുറിച്ചുള്ള അടുത്ത ഗ്രന്ഥം (English) 2020 ജനുവരിയോടെ പുറത്തിറങ്ങും.]

സഭാ സേവനരംഗത്ത്

സഭയുടെ വർക്കിങ് കമ്മിറ്റിയംഗമായും രണ്ടുതവണ മാനേജിങ് കമ്മിറ്റിയംഗമായും പ്രവർത്തിച്ചു. വൈദികരുടെ ശമ്പളപരിഷ്കരണ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി. ദീർഘകാലം ഓർത്തഡോക്സ് വൈദിക സെമിനാരി ഗവേണിങ് ബോഡി അംഗമായിരുന്നു.

അൽപ്പം കുടുംബവിശേഷം

കോട്ടയത്തെ തട്ടുങ്കൽ കുടുംബത്തിലെ ടി.ടി. മാണിയുടെയും നെടുമാവ് പട്ടശ്ശേരിൽ കുടുംബാംഗം മറിയാമ്മ സ്കറിയായുടെയും മകനായി 1942 ഏപ്രിൽ 5-ന് ജനനം. ഒരു മൂത്ത സഹോദരനും (ഡോ.തോമസ് മാണി) ഒരു ഇളയ സഹോദരിയും (എലിസബത്ത്). തോമസ് മാണി പിൽക്കാലത്ത് മലങ്കര സഭാ മാനേജിങ് കമ്മിറ്റിയംഗവും യാച്ചാരം ബാലഭവൻ പദ്ധതി സംഘാടകനുമായിരുന്നു. പിതാവ് തിരുവനന്തപുരത്ത് എ.ജി.ഓഫീസ് സൂപ്രണ്ടായിരുന്നു. ഭാര്യ ബിന്ദു ഇലഞ്ഞിക്കൽ കുടുംബാംഗം. മഞ്ജു (സിംഗപ്പൂർ), മനോജ് (ബഹ്റൈൻ), സൂസൻ (കൊച്ചി) എന്നിവർ മക്കളാണ്. കൊച്ചി തേവര സെ.തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. നെടുമാവ് സെ.പോൾസ് ഓർത്തഡോക്സ് വലിയപള്ളിയാണ് മാതൃഇടവക.

GM

പി.വി.എം.

Accolades

It is a fabulous research work carried out with great effort and remarkable patience. The reference to St.Mary and Apostle Thomas is very clear in the Greek papyrus drama of Charition. The words 'aba oun' in the worship scene are pure ancient Aramaic words with which the Lord's prayer in that language begins. (**Mr. Pierre Perrier, French scholar in Aramaic language**)

* * * * * * * *

Linking Charition drama with Christianity is an exceedingly original perspective. To my knowledge, none has had so far done it. (**Dr Frederico de Romanis, Professor of Greek and Latin, University of Rome.**)

* * * * * * * *

The book reveals the ancient culture and the Sanskrit-inspired worship of Kerala Christians during the early second century. A remarkable research work.(**Dr. Prem Prakash Lakker, Sanskrit Scholar from Benares**).

* * * * * * * *

T.Z.Mani has rendered an invaluable and monumental service to history and Church history by presenting and deciphering, in a convincing and reasonable manner, the Charition Greek Drama, and relating it to the history and liturgy of the early 'Nazranies' in India. This work is extremely inspiring for scholars interested in the unknown annals of the early history of St.Thomas in India. (**H. G. Dr.Yakoob Mar Irenaios Metropolitan.**)

* * * * * * * *

Blessings and congratulations to Zachariah Mani for writing a book that presents historical proof about the St.Thomas origins of Kerala Christians. (**Archbishop His Grace Mar Joseph Powathil**)



മലങ്കര സഭയ്ക്ക് സ്വന്തം ബൈബിൾ

ഫാ.ഡോ.ഒ.തോമസ്

***ചോദ്യം:** പുരാതനസഭയായ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സ്വന്തമായ ഒരു ബൈബിൾ ഉണ്ടാവേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാം ഇപ്പോഴും ബൈബിൾ സൊസൈറ്റിക്കാരുടെ പരിഭാഷയാണ് ഉപയോഗിക്കുന്നത്. അതാണെങ്കിൽ പ്രൊട്ടസ്റ്റന്റ് ചിന്താഗതിക്കനുരൂപമായി പരിഭാഷപ്പെടുത്തിയതും. 2012-ൽ പ്രസിദ്ധീകരിക്കത്തക്കവിധം ഒരു പരിഭാഷായജ്ഞം നാം ആരംഭിച്ചിരുന്നു. അത് ഉപേക്ഷിച്ചോ?*

അതുപോലെതന്നെ, ഭാഷാപരമായും മറ്റും അത്യാവശ്യം പരിഷ്കരണവും തെറ്റുതിരുത്തലും ആവശ്യമുള്ളതാണ് നമ്മുടെ കുർബാനക്രമം ഉൾപ്പെടെയുള്ള ആരാധനാപുസ്തകങ്ങൾ. എന്തുകൊണ്ടാണ് ഈ വഴിക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ പതിയാത്തത്?

കെ.തോമസ് ഫിലിപ്പ്, തിരുവനന്തപുരം

ഉത്തരം: ഈ ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ ചില ചരിത്ര യാഥാർത്ഥ്യങ്ങൾകൂടി നാം സ്മരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുശിഷ്യനായ മാർത്തോമാ ശ്ലീഹാ സ്ഥാപിച്ച ഭാരതത്തിലെ പുരാതനമായ നമ്മുടെ സഭ ഇത്രയോളം പ്രതിസന്ധികളെ അതിജീവിച്ചു നിലനിന്നതിനായി ദൈവത്തെ സ്തുതിക്കാം. തോമാ ശ്ലീഹായുടെ പ്രേഷിത വേലയിൽ ആദ്യം ക്രിസ്തു വിശ്വാസികളായിത്തീർന്നവർ മതഗ്രന്ഥങ്ങളോ ആരാധനാസാഹിത്യമോ രചിച്ചതിന്റെ തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. 17-ാം നൂറ്റാണ്ടുവരെ മലങ്കര സഭയ്ക്ക് ബന്ധമുണ്ടായിരുന്നത് പേർഷ്യൻ സഭയുമായിട്ടാണ് എന്ന് പൊതുവെ അംഗീകരിക്കുന്നു. എന്നാൽ, ആ വഴിക്കും ആരാധനാക്രമങ്ങളോ വേദപുസ്തക പരിഭാഷകളോ കാര്യമായി ഉണ്ടായിരുന്നതായി തെളിവുകളില്ല. പാശ്ചാത്യ മിഷനറിമാരുടെ വരവിനു ശേഷമാണ് വേദപുസ്തകങ്ങളെക്കുറിച്ചുള്ള കാര്യമായ അറിവ് ഉണ്ടാകാൻ തുടങ്ങുന്നത്. ആ സ്വാധീനഫലമായിട്ടാണ് കായകുളം ഫിലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും (പിന്നീട് ദിവന്നാസ്യോസ് രണ്ടാമൻ, പഴയസെമിനാരി സ്ഥാപകൻ) വേദപുസ്തകത്തിന്റെ ഒരു പരിഭാഷ ഉണ്ടാക്കിയത്. സി.എം.എസ് മിഷനറിമാരും ബാസൽ മിഷനിലെ ഗുണ്ടർട്ടും കൂടിച്ചേർന്ന് രൂപപ്പെടുത്തിയ മലയാള പരിഭാഷയാണ് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 19-ാം നൂറ്റാണ്ടിന്റെ മധ്യകാലത്തിൽ ഉണ്ടായ മലയാള പരിഭാഷ. 66 പുസ്തകങ്ങളുള്ള ഈ പരിഭാഷയാണ് മലയാളത്തിൽ ഉണ്ടായ ആദ്യ വേദപുസ്തകം. പ്രബലമായ കത്തോലിക്കാ സഭയും 20-ാം നൂറ്റാണ്ടിൽ മാത്രമാണ് വേദപുസ്തകത്തിന്റെ മലയാള പരിഭാഷയ്ക്കായി യത്നിച്ചതും അവരുടേതായ വേദപുസ്തക പരിഭാഷ ഉണ്ടായതും. ബൈബിൾ സൊസൈറ്റിയുടെ പരിഭാഷയിൽ ന്യൂനതകളുണ്ടെങ്കിലും ദൈവവചനത്തെ മലയാളിസമൂഹം പരിചയപ്പെടുന്നത് അവർ നൽകിയ വേദപുസ്തകത്തി ലൂടെയാണ്.

അതിനാൽ, ആ വേദപുസ്തകത്തെ പ്രൊട്ടസ്റ്റന്റ് വിശ്വാസം കുത്തിനിറച്ചതെന്ന് കാണുന്നത് സത്യത്തിന് നിരക്കുന്നതല്ല - ചില വാക്കുകളുടെയും വാചകങ്ങളുടെയും ഘടന നവീകരണ ചിന്തകൾ സാധൂകരിക്കത്തക്കവിധം പരിഭാഷപ്പെടുത്തിയിട്ടുണ്ടെങ്കിലും. പത്തു കല്പനകളും ഗിരിപ്രഭാഷണം തുടങ്ങി കർത്താവിന്റെ വചനവും കുറെയൊക്കെ മലയാളികൾക്കു ലഭിച്ചത് നവീകരണക്കാർ സമ്പൂർണ പരിഭാഷ മലയാളത്തിൽ നിർമിച്ച് നൽകിയതിലൂടെയാണ്. മലയാളഭാഷയ്ക്ക് മിഷനറിമാർ നൽകിയ സംഭാവനകളെ സെക്കുലർ ലോകം മറന്നുപോയതു പോലെ, അല്പസ്വല്പം ന്യൂനതകളുണ്ടെങ്കിലും ഇന്നും മലങ്കര സഭയിലെ ബഹുഭൂരിപക്ഷം വീടുകളിലും വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ബൈബിൾ സൊസൈറ്റിയുടെ വേദപുസ്തകത്തെ അപ്പാടെ നിരസിക്കാനും കഴിയില്ല. നല്ല ഒരു സ്വതന്ത്ര പരിഭാഷ ഉണ്ടാകണമെങ്കിൽ സുറിയാനി, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, മലയാളം ഭാഷകൾ നന്നായി അറിയാവുന്ന ഒരു കൂട്ടം പണ്ഡിതർ ഉണ്ടാകണം. നമ്മുടെ പൂർവികർ ഭക്തരായിരുന്നിരിക്കാം. എന്നാൽ, പണ്ഡിതന്മാർ അധികം ഉണ്ടായിരുന്നോ എന്ന് അറിഞ്ഞുകൂടാ. ഈ ഭാഷകളിലൊക്കെ വ്യുൽപത്തി ഉള്ളവർ ഉണ്ടായിവരുന്നത് 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലാണ്. അന്നു മുതൽ ഇന്നുവരെയും ആഭ്യന്തരമായ വഴക്കുകളിൽ നിന്ന് ഈ സഭ സ്വതന്ത്രമായിട്ടില്ല. വേദപുസ്തക പരിഭാഷ എന്ന വമ്പിച്ച ദൗത്യത്തിനുവേണ്ടി മുഴുവൻ സമയം നീക്കിവച്ച പണ്ഡിതന്മാരും നമുക്ക് ഉണ്ടായിട്ടില്ല. എന്നിരുന്നാലും, ഒരു ചെറിയ സംഘം ഈ ഉദ്യമത്തിൽ ഏർപ്പെട്ടിരുന്നു എന്നാണ് അറിവ്. അത് എത്രത്തോളമായി എന്ന് പറയുവാനും ആവുന്നില്ല.

17-ാം നൂറ്റാണ്ടിൽ ഉണ്ടായ അന്ത്യോഖ്യാ ബന്ധത്തിലൂടെ നല്ല ഒരു ആരാധനക്രമം ലഭിച്ചു. പിന്നീട്, ചുരുക്കം ചില വ്യക്തികളുടെ കഠിനാധ്വാനവും ത്യാഗവും മൂലം അതിന്റെയൊക്കെ മലയാള പരിഭാഷകളും ഉണ്ടായി. അത് തർജമ ചെയ്ത കാലത്തേക്കാൾ മലയാള ഭാഷയ്ക്ക് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായി. ഇന്ന് ആരാധനാഭാഷയും വ്യവഹാര ഭാഷയും തമ്മിൽ വളരെ അന്തരമുണ്ട്. എന്നാൽ അവയിലൊക്കെ മാറ്റങ്ങൾ വരുത്തണമെന്ന ചിന്ത സാധാരണക്കാർക്ക് ഉണ്ടായിട്ടുണ്ടെങ്കിലും അത് മാറ്റുവാൻ അധികാരമുള്ളവർക്ക് ഇതൊന്നും അത്ര വലിയ കാര്യമായിട്ട് തോന്നുന്നില്ല.

ചോദ്യകർത്താവിന്റെ നിരീക്ഷണത്തോട് പൂർണമായി യോജിച്ചുകൊണ്ടുതന്നെ പറയട്ടെ, വചനപരിഭാഷാ നിർമിതിയും അർഥവത്തായ ആരാധനാ പരിഷ്ക്കരണവുമൊക്കെ ഉണ്ടായിവരാൻ ഇനിയും കാത്തിരിക്കണം. എങ്കിലും ആത്മാർഥമായി സഭാ മക്കൾ പ്രാർത്ഥിക്കുക, ഇന്നല്ലെങ്കിൽ നാളെ സദ്ഫലങ്ങൾ ഉണ്ടായിവരും.

GM

(ഓർത്തഡോക്സ് വൈദിക സെമിനാരി മുൻപ്രിൻസിപ്പലും വൈദിക ട്രസ്റ്റിയുമായിരുന്നു ലേഖകൻ)

ഡയറിക്കുറിപ്പുകൾ



1888 കുംഭം 22

രാത്രി എട്ടു മണിക്കു കത്തനാരച്ചൻ ഞങ്ങൾക്കു ഒരു ലക്ഷണ കൊണ്ടുവന്നു. ഞങ്ങൾക്കു തന്ന അലക്കുശീല ഞങ്ങൾ വാങ്ങി. രൂപാ വാങ്ങിയില്ല. എത്ര കൊണ്ടു വന്നുവെന്നു അറിഞ്ഞതുമില്ല. ആയ്തു തിരികെ കൊടുത്തു. ഞങ്ങൾ ഇരുവരും വാങ്ങിയില്ല. ഉടനെതന്നെ അവിടെനിന്നും വള്ളം കേറി. പാമ്പാക്കുടെ അച്ചനും മറ്റും കോട്ടയത്തിനു പോയി. ഞാൻ കുറിച്ചി പള്ളിയിൽ വന്നു താമസിച്ചു.

നാലു നാഴിക വെളുപ്പിനു അവിടെ നിന്നും പുറപ്പെട്ടു. ഉച്ചയായപ്പോൾ പരുമലെ എത്തി. ഇടയ്ക്കു കഞ്ഞി വച്ചില്ല - അല്പം പാലു മാത്രം വാങ്ങിച്ചു കുടിച്ചു. പരുമലെ വന്നപ്പോൾ കൊച്ചുമെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. വർത്തമാനങ്ങൾ ഒക്കെയും അറിയിച്ചു.

അവലംബം:
പ. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ ഡയറിക്കുറിപ്പുകൾ : പാഠവും പഠനവും
- ഡോ. യാക്കോബ് മാർ ഐറേനിയോസ്.

1) പ.വട്ടശ്ശേരിൽ തിരുമേനി വൈദികനായിരിക്കുമ്പോൾ (ഗീവറുഗീസ് കത്തനാർ) പരുമല സെമിനാരിയിൽ മൽപാനായി സേവനമനുഷ്ഠിക്കുന്ന കാലത്തുള്ള ഡയറിക്കുറിപ്പാണിത്.

2) കോട്ടയം പള്ളം സെ.പോൾസ് പള്ളിയിൽ ഒരു വൈദികന്റെ പുത്തൻ കുർബാനയിൽ പങ്കെടുക്കാൻ പാമ്പാക്കുടക്കാരൻ അച്ചനോടൊപ്പമായിരുന്നു യാത്ര. പുത്തൻകുർബാന നടത്തിയ വൈദികനാണ് 'ലക്ഷണ' (ദക്ഷിണ) കൊണ്ടുവന്നത്.

3) കൊച്ചു മെത്രാച്ചൻ എന്ന പരാമർശം പരുമല തിരുമേനിയെക്കുറിച്ചാണ്.

4) അന്നത്തെ പരിമിതമായ ജീവിത സാഹചര്യങ്ങൾ വെളിവാക്കുന്നതാണ് ഡയറിക്കുറിപ്പ്. പരാധീന തയുടെ കാലമായിരുന്നിട്ടും ഇരുവരും പണം നിരസിച്ചു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സഭയുടെ അഭിമാനം കാത്ത അണിയറ ശില്പികൾ

ഇരുപതാം നൂറ്റാണ്ടിൽ മലങ്കര സഭയിൽ കറുത്ത കാശുള്ള ചില കശ്മലന്മാർ ബോധപൂർവം സൃഷ്ടിച്ച പ്രതിസന്ധികളെ നിശബ്ദസുന്ദരമായും നിസ്വാർത്ഥമായും അതേസമയം സുശക്തമായും ഫലപ്രദമായും നേരിടാൻ തങ്ങളുടെ വിലപ്പെട്ടതും കളങ്കരഹിതവും സുതാര്യവുമായ ജീവിതം സമർപ്പിക്കുകയും വിവിധ ആധ്യാത്മിക മേഖലകളെ പരിപോഷിപ്പിക്കുകയും പരിരക്ഷിക്കുകയും സഭയെ പാറമേൽ പണിത ഭവനം പോലെ ഭദ്രമാക്കുകയും ചെയ്ത എട്ടു സുമനസ്സുകളുടെ ത്യാഗനിർഭരവും പ്രചോദനപ്രദവുമായ ജീവചരിത്രം.

എട്ടു ജീവചരിത്രങ്ങൾ

1. പ.ഔഗേൻ പ്രഥമൻ ബാവ
2. മുക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ്
3. പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ
4. ചെറിയമഠത്തിൽ സ്കറിയാ മല്പാൻ
5. ഫാ. കെ. ഡേവിഡ് കോർ എപ്പിസ്ക്കോപ്പാ
6. മണലിൽ യാക്കോബ് കത്തനാർ
7. സഭാകവി സി.പി.ചാണ്ടി
8. എം. ചാക്കോപ്പിള്ള, കോലഞ്ചേരി

അവതാരിക : ഫാ. ഡോ. ജേക്കബ് കുര്യൻ
(വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ)
വില : 500 രൂപ. പണവും ചെക്കുകളും
കെ.വി.മാമ്മൻ കോട്ടക്കൽ, പി.ബി. 10, മാങ്ങാനം
പി.ഒ. കോട്ടയം 686018 എന്ന വിലാസത്തിൽ അയക്കുക.
ഫോൺ : 0481-2578936, മൊബൈൽ : 7034266992

മാങ്ങാനം എസ്.ബി.ഐ.യിലെ എസ്.ബി. അക്കൗണ്ടായ 57002799836-ലും
പണം അടച്ച് മേൽവിലാസവും മറ്റും അറിയിക്കാം.
IFSC-SBIN0070471

Called by God's Name

■ Joseph Cherian, Hyderabad

Let us read from the book of Deuteronomy: *"Then all peoples of the earth shall see that you are called by the name of the Lord and they shall be afraid of you"*. [Deu. 28:10]

God's people are called by His name and God's name is Holy. The law of God forbids using the name of God in vain *[Exodus 20:7]*, implying that there is a power which is to be acknowledged in the name God. When our Lord taught His disciples to pray, He began thus: *"Our Father who is in heaven, hallowed be Your name" [Mathew 6:9]*. Thus it is very clear that when we invoke God's name we are invoking His very presence. This can be dreadful to the evil people and at the same time a matter of consolation to the people of God.

The Apostles were in such a situation after the resurrection of the Lord Jesus that when they began preaching the Word of God they met with much opposition. Their hearts trembled and they sought God's guidance, crying out to him, and it is written, *"When they had prayed, the place they were gathered together was shaken; and they were all filled with the Holy Spirit, and they spoke the word of God with boldness" [Acts 4: 31]*

Our Lord Jesus also encouraged His disciples to pray in His name i.e. to ask the Father their needs invoking His name. *" Whatever you ask the Father in My name He will give you" [John 16: 23]*

Therefore, as God's own people we have been given the right to be known by God's name and to call on God in Jesus'name. This gives us great boldness to face the world and encourages us while we battle in the spirit the unseen forces of the evil.

The Apostles proclaimed the salvation in Jesus'name declaring, *"Nor is there salvation in any other, for there is no other name under heaven given among men by which we must be saved [Acts 4: 12]*. And this name refers to the name of our Lord Jesus Christ.

The word salvation means saving from sins. By sheddling his blood on the cross of Calvary, the *lamb of God took away the sins of the world [John 1: 29]*. Our Lord Jesus Christ, by His power over sin and death- for he was sinless-has been given a name above all other names, about which it is written, "*Therefore, God has highly exalted Him and bestowed on Him the name that is above every name" [Philipians 2:9]*

It is Jesus Christ who commanded His disciples to preach the gospel to the whole world and to baptize the believers in the name of the Father, the Son and the Holy Spirit: *"Go, therefore, and make disciples of all nations baptizing in the name of the Father and the Son and the Holy Spirits" [Mathew 28: 19]*. Thus God's people are those who are called in His name and those in whom God's name is present.

Everyone who has the seal of God has the presence of God over his life. They are the ones who tread over darkness in their daily lives and shine as examples for the generations. They have been called by God, and, having been called, they are living according to God's will.

The prophet Jeremiah describes the condition of those on whom God's name rests: *"Your words were found, and I ate them, and Your word was to me the joy and rejoicing of my heart; for I am called by Your name O Lord God of hosts" [Jeremiah 15:16]*.

Therefore, let us be very careful with the name of the Lord and also be careful with those on whom God's name rests, for the fire which comes out of God's presence will consume His enemies. And the enemies of our God are those who pervert the gospel and speak lies in His Holy name deceiving the congregations to do things which the Lord God has not commanded to be done.

When Apostles Peter and John healed a man who was born lame, the people were full of wonder and amazement. The apostles did not claim credit for it but rather rebuked the people for their unbelief : *"And His name, through faith in His name, has made this man strong, whom you see and know. Yes, the faith that comes through Him has given the man this perfect health in the presence of you all " [Acts 3: 16]*

Therefore, the name of our God is true and Holy, a refuge to those who are his genuine followers and children, but it is a curse to those who misuse it and try to turn it into a business of making money.

Conclusion:

1. God's promise is salvation to all. This has been freely poured out to all mankind through Christ Jesus. *" And it shall come to pass that whoever calls on the name of the Lord, shall be saved" [Joel 2: 32, Acts 2: 21, Romans 10: 13]*
2. God's people will have to pass through fire, each one of them individually, to receive God's name as an inheritance.
3. The day is coming when all God's people will call upon His name.

GM

(The author is the former Secretary of St. Andrews Orthodox Valiyapally, Secunderabad. He has a Diploma in Orthodox Studies from St. Thomas Orthodox Theological Seminary, Nagpur. An avid reader of ***Georgian Mirror,*** *he runs a YouTube channel for interpreting God's Word)*

പത്തിന്റെ നിറവിൽ MARP

■ ഡീക്കൻ ജേക്കബ് സാം മാത്യു

മലങ്കരസഭയുടെ ചരിത്രത്തിലെ അറിയപ്പെടാത്ത ചില ഏടുകൾ ഇന്ന് കുറെയൊക്കെ വെളിച്ചം കണ്ടുവരുന്നുവെങ്കിൽ നാം മനസ്സിലാക്കേണ്ടത് അധ്വാനികളായ, ഗവേഷണ കുതുകികളായ ഒരു പറ്റം യുവാക്കൾ അതിനു പിറകിലുണ്ട് എന്ന വസ്തുതയാണ്. വിസ്മൃതിയിൽ ആണ്ടുപോയിരുന്ന മലങ്കര സഭയുടെ സ്വതന്ത്ര കത്തോലിക്കാ മിഷൻ, ക്രിസ്ത്യൻ കാതലിക്ക് റീത്ത് ഓഫ് അമേരിക്ക എന്നീ സമൂഹങ്ങളെപ്പറ്റി ഒരു സംഘം ആളുകൾ ഗവേഷണം നടത്തിയതിന്റെ ഫലമായാണ് അൽവാറിസ് മാർ യൂലിയോസ് തിരുമേനിയുമായും ആർച്ച് ബിഷപ്പ് റെനി വിലാത്തി മാർ തിമോത്തിയോസുമായും ബന്ധപ്പെട്ട, അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ പല സമൂഹങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പുറത്തു കൊണ്ടുവരാൻ കഴിഞ്ഞത്.

പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെ പാശ്ചാത്യ റീത്ത് ഓർത്തഡോക്സ് സമൂഹങ്ങളെപ്പറ്റി-പ്രത്യേകിച്ച് സുറിയാനി, മലങ്കര ഓർത്തഡോക്സ് സഭകളുടെ കാര്യത്തിൽ-ഊന്നൽ കൊടുത്തുകൊണ്ടുള്ള ഗവേഷണ പദ്ധതിയാണ് MARP എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന മെത്രാപ്പോലീത്തൻ അൽവാറിസ് യൂലിയോസ് റിസേർച്ച് പ്രൊജക്ട്. Orthodoxy Cognate Page Society (OCP) എന്ന സംഘടനയുടെ സാരഥികളിൽ ഒരാളായ ഡോ.അജേഷ് റ്റി.ഫിലിപ്പാണ് ഇതിന് പ്രധാനമായും നേതൃത്വം കൊടുക്കുന്നത്. ആഗോളതലത്തിൽ ഓർത്തഡോക്സ് സഭകൾക്കിടയിൽ ആരോഗ്യപരവും സമാധാനപരവുമായ സഹവർത്തിത്വം ഉണ്ടാകണം എന്ന ലക്ഷ്യത്തോടെയാണ് (OCP) പ്രവർത്തിക്കുന്നത്. OCP മുൻപോട്ടു കൊണ്ടുവന്ന ഓർത്തഡോക്സ് സ്വതന്ത്ര സ്റ്റഡിയുടെ (COS) നേതൃത്വത്തിലുള്ള ഒരു ഗവേഷണ വിഭാഗമായാണ് MARP പ്രർത്തിക്കുന്നത്.

വളരെ ബൃഹത്തായ ഒരു ഗവേഷണ സംരംഭമാണ് MARP. ഒരു പക്ഷെ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പാശ്ചാത്യ റീത്തിനെക്കുറിച്ചുള്ള ഏറ്റവും ദൈർഘ്യമേറിയ ഗവേഷണ സംരംഭമാണിത്. ക്രിസ്ത്യൻ കാത്തലിക്ക് ചർച്ച് കാനഡ, ബ്രിട്ടീഷ് ഓർത്തഡോക്സ് പാത്രിയർക്കേറ്റ് എന്നിവരും റിസേർച്ച് പാർട്ണർ ആയി പ്രവർത്തിക്കുന്നു. ഇതു കൂടാതെ ധാരാളം വ്യക്തികളും സംഘടനകളും ഗവേഷണങ്ങൾക്കാവശ്യമായ സഹായങ്ങൾ ചെയ്തുതരുന്നു. MARP എന്ന പ്രൊജക്ടിന്റെ ഉത്സാഹഫലമായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല ശ്രീലങ്ക പോലുള്ള അയൽ രാജ്യങ്ങളിലും മലങ്കരസഭയുടെ അന്യംനിന്നുപോയ പൂർവകാല സാന്നിധ്യം ചികഞ്ഞെടുക്കുവാൻ നടത്തിയ കഠിനാധ്വാനം ശ്രദ്ധേയമാണ്.

2009 മുതലുള്ള MARP-ന്റെ നേട്ടങ്ങൾ

OCP പ്രതിനിധിസംഘം 2009-ൽ ബ്രഹ്മാവർ ഓർത്തഡോക്സ് സമൂഹത്തിൽ സന്ദർശനം നടത്തുകയും അതോടനുബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ.എപ്പിസ്കോപ്പൽ സുന്നഹദോസിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്ന്, പാശ്ചാത്യ റീത്ത് ഓർത്തഡോക്സ് സമൂഹങ്ങളെപ്പറ്റിയുള്ള ഗവേഷണ പഠനങ്ങൾക്ക് ആരംഭം കുറിച്ചു. 2010-ൽ പ.പരുമല മാർ ഗ്രിഗോറിയോസുമായി ബന്ധപ്പെട്ട സമൂഹത്തെ തമിഴ് നാട്ടിലെ ഡിണ്ടിഗലിൽ ഡോ.അജേഷ്.ടി. ഫിലിപ്പ് കണ്ടെത്തിയത് MARP-ന്റെ പ്രയത്നഫലമായിട്ടായിരുന്നു. പ.പരുമല തിരുമേനിയുടെ സുവിശേഷദൗത്യ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടായിരുന്നു ഡിണ്ടിഗലിനു സമീപം ഒരു സമൂഹം ഓർത്തഡോക്സ് വിശ്വാസധാരയിലേക്ക് വന്നത്. അവർ ഇന്നും പ.പരുമല തിരുമേനിയെ ആത്മീയപിതാവായി അംഗീകരിക്കുകയും വിശുദ്ധ സ്ഥാനം നൽകി ആദരിച്ചു പോരുകയും ചെയ്യുന്നു.

MARP ഗവേഷകൻ ഡോ.അജേഷ് റ്റി.ഫിലിപ്പ്

2013-ൽ MARP-ന്റെ വെബ് പോർട്ടൽ ആരംഭിച്ചു. ഇതിലൂടെ എല്ലാ ഗവേഷണ വിവരങ്ങളും പൊതു സമൂഹത്തിന് ലഭ്യമാക്കുവാൻ സാധിച്ചു. ദക്ഷിണേന്ത്യയിലും ശ്രീലങ്കയിലും മാർ അൽവാറീസ് യൂലിയോസിന്റെ മിഷൻ പ്രവർത്തനമേഖലകൾ സന്ദർശിച്ചതും വിവരശേഖരണം നടത്തിയതുമായ പ്രഥമ സംരംഭമാണ് OCP യുടെ MARP പ്രൊജക്ട്.

2013-ൽ MARP-ന്റെ നേതൃത്വത്തിൽ തമിഴ്നാട്ടിലെ ഡിണ്ടിഗൽ ജില്ലയിലുള്ള ചെമ്പട്ടി ഗ്രാമത്തിൽ നടത്തിയ ഗവേഷണഫലമായി കണ്ടെടുക്കുവാൻ സാധിച്ച ദേവാലയമാണ് ചെമ്പട്ടി സെന്റ് ജെയിംസ് സ്വതന്ത്ര കാതലിക് ദേവാലയം. ഇവിടെയുള്ള മുതിർന്നവർ അവരുടെ പൂർവിക മലങ്കരസഭാ ബന്ധത്തെക്കുറിച്ച് ഇപ്പോഴും അറിവുള്ളവരാണ്.

2014-ൽ ചെമ്പട്ടിയിലുള്ള സെ.ജെയിംസ് സ്വതന്ത്ര കത്തോലിക്കാ പള്ളിയിൽ നിന്ന് ഭാഗ്യസ്മരണാർഹനായ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത എഴുതിയ രേഖയും പഴയ സന്ദർശക ഡയറിയും കണ്ടെടുത്തത്

ഡോ. അജേഷ് ടി. ഫിലിപ്പ് ഡിണ്ടിഗലിലെ ഒരു വീട്ടിൽ. പ. പരുമല തിരുമേനിയുടെ ചിത്രം വീടിന്റെ ചുവരിൽ കാണാം.

സന്ദർശക ഡയറിയിൽ ഭാഗ്യ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കുറിപ്പ്

മലങ്കര സഭയ്ക്ക് ഈ സമൂഹവുമായുള്ള അടുപ്പം മനസ്സിലാക്കുന്നതിനു സാധിച്ചു. തോമ്മാ മാർ ദീവന്നാസിയോസ് തിരുമേനി പല തവണ ഇവിടം സന്ദർശിച്ചിരുന്നതിന്റെ തെളിവുകൾ ഗവേഷകർക്ക് ലഭിച്ചു. സ്വതന്ത്ര കത്തോലിക്കാ മിഷൻ അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നത് സിലോണിലെ ഒരു ദേവാലയത്തിൽ നിന്നായിരുന്നു. എന്നാൽ ആഭ്യന്തര യുദ്ധത്തിനുശേഷം അവിടെ സംജാതമായ സ്ഥിതിവിശേഷങ്ങളുടെ ഫലമായി ഈ ദേവാലയം സ്വതന്ത്ര കത്തോലിക്കാ മിഷൻ പ്രവർത്തകർക്ക് വീണ്ടെടുക്കുവാൻ സാധിച്ചില്ല. ക്രമേണ മിഷൻ പ്രവർത്തനങ്ങൾ ദുർബലമാവുകയും ചെയ്തു. എന്നാൽ, മാർ അൽവാറീസ് യൂലിയോസിന്റെ നഷ്ടപ്പെട്ടുപോയ ആ കത്തീഡ്രൽ ദേവാലയം കൊളംബോയിൽ ഉള്ള ഔവർ ലേഡി ഓഫ് ഗുഡ് ഡെത്ത് കത്തീഡ്രൽ (*ബോണാ മോർട്ടേ ചർച്ച്*) ആണെന്ന് തിരിച്ചറിയുകയുണ്ടായി.

2015 ജൂലൈയിൽ ചെമ്പട്ടി പ്രദേശത്തുള്ള പള്ളിത്താനം ഹോളി എപ്പിഫനി ദേവാലയത്തിൽനിന്ന് നമ്മുടെ ഒരു *തബ്ലൈത്താ* കണ്ടെടുക്കുന്നതിനും ഡോ.അജേഷ്.ടി.ഫിലിപ്പിനും സംഘത്തിനും സാധിച്ചു. 2018-ൽ സുറിയാനി-മലങ്കര ഓർത്തഡോക്സ് സഭകളുടെ പാശ്ചാത്യ റീത്തുകളെപ്പറ്റി ഇതുവരെയുള്ള ഗവേഷണങ്ങളും പഠനങ്ങളും ഒരു പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത്തരത്തിലുള്ള പ്രഥമ ഗവേഷണ ഗ്രന്ഥമാണ് ***Western Rites of Syriac-Malankara Orthodox Churches-Part One***. ഇതിന്റെ പ്രകാശനം കോട്ടയം സോഫിയ സെന്ററിൽ അഭി.സഖറിയാ മാർ നിക്കോളോവോസ് തിരുമേനിയാണ് നിർവഹിച്ചത്.

OCP-COS-MARP-ന്റെ പ്രവർത്തനങ്ങൾ *FT ലങ്ക, സൺഡേ ഒബ്സർവർ, ഡെയ്ലി വേൾഡ്, പാക്കിസ്ഥാൻ ക്രിസ്ത്യൻ പോസ്റ്റ്, യൂണികോൺ, ക്രിസ്ത്യൻ കമ്യൂണിറ്റി, ഡഗ്ളാസ്റ്റൻബറി റിവ്യൂ*, തുടങ്ങി അനേകം പ്രസിദ്ധീകരണങ്ങളിൽ പ്രത്യേക പരാമർശ വിധേയമായിട്ടുണ്ട്.

ഉപസംഹാരം

MARP-ന്റെ പ്രവർത്തനങ്ങളുടെ രണ്ട് ഘട്ടങ്ങളിലായി പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെ പാശ്ചാത്യ റീത്ത് ഓർത്തഡോക്സ് സമൂഹങ്ങളെപ്പറ്റി വിശദമായി ഗവേഷണ പഠനങ്ങൾ നടത്തി. അങ്ങനെ, മലങ്കരസഭയുടെ ചരിത്രത്തിൽ മറഞ്ഞുകിടന്നിരുന്ന അൽവാറിസ് തിരുമേനിയുടെയും മാർ റെനി വിലാത്തിയുടെയും സ്വതന്ത്ര കത്തോലിക്കാ മിഷനുകളെപ്പറ്റിയും അവർ നടത്തിയ വിവിധ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളെപ്പറ്റിയും പൊതുസമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്നതിന് MARP-ന് സാധിച്ചു.

ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്കായി OCP-COS-MARP-ന്റെ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. മലങ്കര സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച സ്വതന്ത്ര സമൂഹങ്ങളെ കണ്ടെത്തുക, മലങ്കര സഭയോട് യോജിപ്പിച്ച് നിർത്താൻ സാധിക്കുന്ന സമൂഹങ്ങളെപ്പറ്റി പഠിക്കുക, സാധ്യമെങ്കിൽ അവരെ യോജിപ്പിച്ച് നിർത്തുക. തുടങ്ങിയവ OCP-COS-MARP-ന്റെ ലക്ഷ്യങ്ങളിൽ ചിലതാണ്.

GM

(ലേഖകൻ ബെംഗളൂരു യുണൈറ്റഡ് തിയോളജിക്കൽ സെമിനാരി വിദ്യാർഥിയാണ്)

Monaye's Corner - *m.m.monaye*



ദ്രഹ്മ: നഷ്ടമായതിനെ വീണ്ടെടുക്കാൻ

(വി.ലൂക്കോസ്.15:8–9)

■ ഫാ. ലിനു ലൂക്കോസ്

[*Project Drah'ma*: Reaching out to the lost communities of the Malankara (Indian) Orthodox Church - An initiative by the Diocese of Madras]

കേരളത്തിനു വെളിയിൽ മുമ്പ് മലങ്കര സഭയുടെ ഭാഗമായിരുന്നശേഷം പിന്നീട് സമ്പർക്കം അറ്റുപോയ സമൂഹങ്ങളെ കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ച ഒരു ഉദ്യമമാണ് *ദ്രഹ്മ* (**Project Drah'ma**). വി.ഓർത്തഡോക്സ് ആരാധനാ ജീവിതം അവരുടെ ഇടയിൽ പുനഃസ്ഥാപിക്കുക, ആരാധനാക്രമം, വി.കുർബാനക്രമം, ഗീതങ്ങൾ എന്നിവ തമിഴ് മുതലായ പ്രാദേശിക ഭാഷകളിൽ വിവർത്തനം ചെയ്തു പ്രചരിപ്പിച്ച് അവരുടെ ആത്മീയ ആവശ്യങ്ങളെ പരിപോഷിപ്പിക്കുക, മലങ്കര സഭാ പിതാക്കന്മാർ തുടങ്ങിവച്ച മിഷനറി പ്രവർത്തനങ്ങളെപ്പറ്റി ഗവേഷണം നടത്തി നഷ്ടപ്പെട്ട സമൂഹങ്ങളുമായി ബന്ധം പുനഃസ്ഥാപിക്കുക, ഈ സമൂഹങ്ങളുടെ സമഗ്ര വികസനത്തിനായി കൈത്താങ്ങാവുക തുടങ്ങിയവ ലക്ഷ്യമാക്കിയാണ് *ദ്രഹ്മ*യുടെ പ്രവർത്തനം.

തികച്ചും അത്ഭുതകരമെന്നോണം, ഗാന്ധിഗ്രാം യൂണിവേഴ്സിറ്റിയിൽ പോസ്റ്റ്-ഡോക്ടറൽ ഗവേഷണം നടത്തുകയായിരുന്ന മലങ്കര സഭാംഗം അജേഷ് ടി. ഫിലിപ്പ് തമിഴ്നാട്ടിലെ ഡിണ്ടിഗലിൽ *'അയ്യാ'* എന്ന ഒരു സമൂഹത്തെ കണ്ടെത്തുകയുണ്ടായി. ഈ വിവരം മദ്രാസ് ഭദ്രാസനമെത്രാപ്പോലീത്താ അഭി. ഡോ.യൂഹാനോൻ മാർ ദിയസ്കൊറോസ് തിരുമേനിക്ക് കൈമാറുകയും അഭി.തിരുമേനി ഫാ.പ്രദീപ് പൊന്നച്ചനെ തുടർനടപടികൾക്കു നിയോഗിക്കുകയും ചെയ്തു. ഈ സമൂഹവുമായി ഇടപഴകിയപ്പോൾ ഒട്ടേറെ വിവരങ്ങൾ മലങ്കരസഭാബന്ധത്തെക്കുറിച്ചു ലഭിച്ചു. ഈ സമൂഹം ഇപ്പോഴും പ.പരുമല തിരുമേനിയുടെ മധ്യസ്ഥതയ്ക്കായി പ്രാർത്ഥന നടത്തുന്നതായി കണ്ടെത്തി. സഭയിലെ രണ്ടു മെത്രാപ്പോലീത്താമാരും രണ്ടു വൈദികരും 1950-കളുടെ അവസാനകാലം വരെ അവിടെ വി.കുർബാന നടത്തിയിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ഇത്, ഭാഗ്യസ്മരണാർഹരായ അൽവാരീസ് മാർ യൂലിയോസ് തിരുമേനിയുടെയും തോമ്മാ മാർ ദീവന്നാസിയോസ് തിരുമേനിയുടെയും ബാഹ്യകേരള മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായിട്ടായിരുന്നു.

അഭി.ഡോ.യൂഹാനോൻ മാർ ദിയസ്കൊറോസ്

2013 നവംബറിലാണ് *ദ്രഹ്മ* എന്നുപേരിട്ട ഈ സമ്പർക്ക പരിപാടിക്കു തുടക്കം കുറിച്ചത്. തുടർന്ന്, അഭി.ദിയസ്കൊറോസ് തിരുമേനി ഡിണ്ടിഗൽ സന്ദർശിക്കുകയും ഈ കുടുംബങ്ങളെ കാണുകയും സെംപട്ടി ഗ്രാമത്തിലെ ചാപ്പലിൽ വി.കുർബാനയർപ്പിക്കുകയും ചെയ്തു.

ഭാഗ്യ. അൽവാരീസ് മാർ യൂലിയോസ്,

ഭാഗ്യ. തോമ്മാ മാർ ദീവന്നാസിയോസ്

തുടർവർഷങ്ങളിൽ സമ്പർക്ക പരിപാടികൾ വിപുലീകരിച്ചു. പുതിയ ചാപ്പൽനിർമാണം, ആരാധനാ ഗ്രന്ഥങ്ങൾ തമിഴിലാക്കി പ്രചരിപ്പിക്കൽ, ക്രിസ്മസ് മുതലായ പെരുന്നാളുകൾ ആഘോഷിക്കൽ എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ബ്രഹ്മവാർ ഭദ്രാസനത്തിലെ വൈദികരും അൽമായരും ഇവിടം സന്ദർശിച്ചു.

2015-ൽ ചെന്നൈയിലുള്ള തോമസ് സൈമണും സുജിത് ജോർജും ശ്രീലങ്കയിലെ കൊളംബോ സന്ദർശിക്കുകയും അവിടെയും സഭാ ബന്ധം മുറിഞ്ഞുപോയ ഏഃ30 നും കുടുംബങ്ങളെ കണ്ടെത്തുകയുമുണ്ടായി. 1937-ൽ അൽവാരിസ് തിരുമേനി വി.കുർബാനയർപ്പിച്ച ചില ദേവാലയങ്ങൾ കൊളംബോ, മാന്നാർ എന്നിവിടങ്ങളിൽ തിരിച്ചറിഞ്ഞു. തുടർന്ന്, അഭി.ദിയസ്കൊറോസ് തിരുമേനി 2015-16 വർഷങ്ങളിൽ ഈ പ്രദേശങ്ങൾ സന്ദർശിച്ച് അവിടുത്തെ ദേവാലയങ്ങളിൽ വി. ബലിയർപ്പിച്ചു. *ദ്രഹ്മ*യുടെ കരങ്ങൾ ഫിലിപ്പൈൻസ് തുടങ്ങിയ തെക്കു-കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കും എത്തിക്കൊണ്ടിരിക്കുന്നു.

സെ. ജെയിംസ് ചർച്ച്, ഡിണ്ടിഗൽ

GM

കൂടുതൽ വിവരങ്ങൾക്ക്:

Chairman: H.G.Dr.Yuhanon Mar Diascoros,
Metropolitan, Diocese of Chennai.
Co-ordinator: Fr.Linu Lukose (mob: 9444904018)
Address:- 'Project Drah'ma', Madras Diocese office, 4/51, Rajeswari Street, Mehta Nagar, Chennai - 600029, Tamil Nadu, email ID :- projectdrahma@gmail.com

A Cry from the Wilderness

(How the piety of our forefathers has given way to tokenism and showmanship)

E.S.John, Australia

(A senior member of Malankara Orthodox Church who lives in Australia expresses his concern and anguish at the deterioration in Church values)

Conceit, one-upmanship, showmanship and self-righteousness characterise the present social, religious and political world. The majority of today's generation belongs to 'EE&T specialist': eye, ear and throat. Pampering to these senses is the order of the day, in all spheres. Religious practices and worship have been contaminated too. It is time to take a call on the unholy trends in some of our churches as well. Piety and virtuosity are giving way to a carnival-like atmosphere in many of our churches.

Big Bang

Music in some of our churches by the so-called choir groups has turned into a horrendous assault on the ear. This, in the Orthodox worship is certainly an affront. The audio system in a very small building, which is common in the overseas parishes, is an unnecessary appendage and they sing anything they like, and as they like. It destroys spirituality and our inner sense and sensibility. I don't blame the budding generation alone for this. Music has become all sound and fury, signifying nothing. Our hymns are meant to instill piety and devotion in our hearts and not for foot-stamping and leg-shaking.

God is the same for yesterday, today and tomorrow, His covenants, statutes and decrees are forever. Obeying the commandments are the gateway for our salvation. This was why Jesus went into the Temple and drove out all traders stating that *'My House is only for prayer, but you have made it a den of robbers'*. *"Zeal for Your house has consumed me up, And the reproaches of those who reproach You have fallen on me"* (Ps.69: 9). He alone fought for keeping His House clean.

And what have we done (and are still doing) to His Hallowed House?

"Angels fear to go where the demons tread". The present situation is hailed as a lifestyle change of the present-day world. Lip service and cosmetic mesmerism have become the language of religions. The esoteric is replaced by exoteric in the form of elaborate celebrations, showmanship, competitiveness and garish display of money-power. What happened to piety and austerity?

Birthdays and wedding anniversaries

Newer and newer methods are invented to collect money from the believers. What starts in one parish, soon spreads across the whole spectrum of the Church. No one can serve God and Mammon faithfully at the same time. We create thrills and sensations like other secular organizations and make the House of God a house for theatrics, especially in the overseas parishes.

Some parishes have come up with novel ideas like floating Young Couples Association, Sports Clubs of various age groups, Welfare Groups for the youth, women and the elderly, and so on. Innovations and renovations are the fancy of many church committees, the accounts of which are presented and passed in a jiffy at the parish meeting. The eclipse of the monastic system as a role model in the early centuries has caused structural damage to Christianity as a whole, leading to fragmentation of the Church into over 40,000 denominations. Female ordination, LGBTQ cult, same-sex marriage, living-together, divorce, single-parent, hedonism, individualism, visual/social media addiction, internet slavery and so on have gained currency and the Church is turning a blind eye to these.

Onam and Vidyarambham

The latest novelty is the celebration of *Onam* and conducting *'Vidyarambham'* in Orthodox churches. Both these ceremonies are alien to Orthodoxy. Their poison is our food now. God seems to be the only absentee at the venue of tokenism and showmanship. At least the Hindus admit that they worship 33 million gods, whereas we are trying to imitate other faiths.

" The earth lies defiled under its inhabitants; for they have transgressed the laws, violated the statutes, broken the everlasting covenant" (Is.24: 1-23). Instead of Christ being preached and evangelized, His own House betrays Him by polluting the sacramental observances and squandering the hard-earned money for wasteful festivities.

GM

(The author is a native of Prakkanam, Pathanamthitta and is now settled in Melbourne, Australia He is a blogger and has authored several books)

യൗവ്വനത്തിലെ സ്വഭാവ രൂപവല്ക്കരണം

■ ആനി ഡേവിഡ്

ജീവിതത്തിന്റെ വിവിധ ദശകളെപ്പറ്റി ചിന്തിക്കുമ്പോൾ മനുഷ്യബുദ്ധിക്കു മനസ്സിലാക്കുവാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ദശ എന്ന് യൗവ്വനത്തെ വിശേഷിപ്പിക്കാവുന്നതാണ്. ശൈശവം കൗതുകം നിറഞ്ഞ ദശയാണ്; ബാല്യം അന്വേഷണബുദ്ധിയുടെതും. കൗമാരമോ? അത് നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നു; വിശേഷണങ്ങൾക്ക് അതീതമായി അനുഭവപ്പെടുന്നു.

യൗവ്വനത്തിൽ മനുഷ്യമനസ്സ് വികാരങ്ങളുടെ ഒരു കലവറ ആയി മാറുന്നു- അതിർത്തികൾ കല്പിക്കാനാവാത്ത വികാരങ്ങൾ. ജീവിതത്തിന്റെ ഒരു വഴിത്തിരിവാണ് യൗവ്വനം; നന്മയും തിന്മയും ഒക്കെ ഈ ദശയിൽ തിരഞ്ഞെടുക്കപ്പെടുന്നു. ചിലർ സന്മാർഗങ്ങളിലേക്ക് തിരിയുന്നു; മറ്റുചിലർ ദുർമാർഗങ്ങളിലേക്കും. വളരെ ഗൗരവത്തോടെ നാം വീക്ഷിക്കേണ്ട ഒരു കാലഘട്ടമാണ് യൗവ്വനം.

ശൈശവത്തിലും ബാല്യത്തിലും സാധാരണയായി നാം മാതാപിതാക്കളുടെ ശിക്ഷണത്തിൻകീഴിലാണ് ജീവിക്കുന്നത്. യൗവ്വനത്തിലേക്ക് കടക്കുമ്പോൾ ഈ സ്ഥിതി മാറുന്നു. പലരും മാതാപിതാക്കളുടെ ശിക്ഷണത്തിൽ നിന്ന് വിടർത്തപ്പെട്ട് സ്വജീവിതത്തെ സ്വന്തം കൈകളിലെടുത്ത് നയിക്കുവാൻ തുടങ്ങുന്നു. നമ്മുടെ സ്വയനിയന്ത്രണം എത്രയൊക്കെ, എവിടെയൊക്കെ ചെലുത്തണമെന്ന് യാതൊരു ഗ്രാഹ്യവുമില്ലാത്ത ഒരു അവസ്ഥ.

ശൈശവത്തിലേക്കും ബാല്യത്തിലേക്കും ഒരു തിരിഞ്ഞുനോട്ടം ഈ അവസരത്തിലാണാവശ്യം. കഴിഞ്ഞുപോയ ഈ ദശകളിൽ നമ്മുടെ മാതാപിതാക്കൾ അറിഞ്ഞോ അറിയാതെയോ ചില മൂല്യങ്ങൾ നമുക്ക് നൽകിയിട്ടില്ലേ എന്ന് നാം ആലോചിക്കണം. അവയിൽ ചിലതിനെയെങ്കിലും നഷ്ടപ്പെട്ടു പോകാതെ മുറുകെ പിടിക്കേണ്ട കാലം വന്നിരിക്കുന്നു എന്ന് നാം മനസ്സിലാക്കണം. ഈ തിരിഞ്ഞുനോട്ടം ഇല്ലാത്ത ജീവിതങ്ങളാണ് പലപ്പോഴും വഴി പിഴച്ചു പോകുന്നത്. ശൈശവത്തിലെയും ബാല്യത്തിലെയും ജീവിതാനുഭവങ്ങളുടെ മേൽ നങ്കൂരമിട്ടുറപ്പിച്ചുനിന്നുകൊണ്ട്, വഴുതിവീഴുവാൻ ഇടവരാത്ത തരത്തിൽ സൂക്ഷ്മതയോടെ ഓരോ ചുവടും മുൻപോട്ടുവയ്ക്കേണ്ട കാലമാണ് യൗവ്വനം. പലതരത്തിലുള്ള പ്രലോഭനങ്ങൾ നമ്മെ മാടി വിളിക്കുന്ന കാലം, വഴുതിവീഴുവാൻ വളരെയേറെ സാധ്യതകൾ ഉള്ളകാലം, ഏറെ കരുതലോടെ കൈകാര്യം ചെയ്യേണ്ട കാലം.

ലക്ഷ്യബോധം

സൂക്ഷ്മതയുടെ ആവശ്യം ഇവിടെയാണ്. എന്താണീ സൂക്ഷ്മത? സൂക്ഷ്മതയുടെ ഒന്നാമത്തെ ഘടകം ലക്ഷ്യബോധമാണ്. ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ബോധമില്ലാത്തവരാണ് സാധാരണ വഴിപിഴച്ചു പോകുന്നത്. ആദ്യമായി സ്വന്തം കാലുകൾ ഊന്നി നില്ക്കുവാൻ തുടങ്ങുന്ന ഓരോ യുവാവും (യുവതിയും) തന്നോടുതന്നെ ചോദിക്കേണ്ട സുപ്രധാനമായ ചോദ്യം ഇതാണ്: ഞാൻ ജീവിതത്തിൽ ആരായിത്തീരുവാൻ ആഗ്രഹിക്കുന്നു?

ഈ ചോദ്യത്തിന് ഓരോരുത്തർക്കും കിട്ടുന്ന ഉത്തരം വിഭിന്നമായിരിക്കും. തിടുക്കത്തിൽ ഇതിന് ഒരു ഉത്തരം കണ്ടുപിടിക്കുവാൻ ഉദ്യമിക്കരുത്. തുറന്ന മനസ്സോടും ശാന്തതയോടും കൂടെ ഇരുന്നു ചിന്തിക്കുവാൻ തയ്യാറാകണം. നാം പരിഗണിക്കേണ്ട ചില സഹായകചോദ്യങ്ങൾ ഇവയായിരിക്കും: (1) എനിക്ക് ദൈവം നൽകിയിരിക്കുന്ന കഴിവുകൾ ഏവ? പരിമിതികൾ ഏവ? (2) എന്റെ ചുമതലകൾ ഏവ? അഥവാ ഞാൻ നിറവേറ്റേണ്ട കടമകൾ ഏവ? (3)ദൈവവും എന്റെ മാതാപിതാക്കളും എന്നിൽനിന്ന് എന്തൊക്കെ പ്രതീക്ഷിക്കുന്നു? ആഗ്രഹിക്കുന്നു?

മേല്പറഞ്ഞ ഉപചോദ്യങ്ങൾ മുന്നിൽ നിരത്തി വച്ചുകൊണ്ട്, ഒരു തുറന്ന മനസ്സോടെ, സാവകാശത്തിൽ ചിന്തിച്ചാൽ ലക്ഷ്യങ്ങൾ പലതും നമ്മുടെ ചിന്തകളിൽ തെളിഞ്ഞു വരുവാനിടയുണ്ട്.

മനസ്സിൽ തെളിഞ്ഞുവരുന്ന ലക്ഷ്യബോധം എന്നെന്നും നമ്മുടെ ജീവിതത്തിലെ കെടാവിളക്കായി വർത്തിക്കണം, വഴികാട്ടിത്തരണം, കൈപിടിച്ചു നടത്തണം. ലക്ഷ്യബോധമില്ലത്ത യുവാക്കളാണ് പലപ്പോഴും തെറ്റായ മാർഗങ്ങളിലേക്ക് തിരിഞ്ഞു പോകുന്നത്.

നിശ്ചയദാർഢ്യം

പതറിപ്പോകാതിരിക്കുവാൻ നമ്മെ സഹായിക്കുന്ന രണ്ടാമത്തെ ഘടകം നിശ്ചയദാർഢ്യമാണ്. നമ്മുടെ ജീവിതലക്ഷ്യത്തെപ്പറ്റി നാം ബോധവാന്മാരായിരുന്നാലും, അതിനെ ഉന്നംവച്ചുകൊണ്ട് മുൻപോട്ടുള്ള ജീവിതയാത്രയിൽ നാം പലപ്പോഴും തെറ്റിപ്പോകുന്നത് നിശ്ചയദാർഢ്യം ഇല്ലാത്തതുകൊണ്ടും പ്രലോഭനങ്ങൾക്ക് വഴിപ്പെട്ടുപോകുന്നതുകൊണ്ടുമാണ്.

ഈലോക ജീവിതത്തിൽ നമ്മെ ചുറ്റിപറ്റുന്ന പ്രലോഭനങ്ങൾ വളരെയേറെയാണ്, വിവിധങ്ങളാണ്. അവയെ ചെറുത്തുനിൽക്കുവാൻ ശരിയായ ലക്ഷ്യബോധവും നിശ്ചയദാർഢ്യവും ഉള്ളവർക്കു മാത്രമേ കഴിയൂ. ഇവ നമുക്ക് ദൈവത്തിൽ നിന്നു ലഭിക്കുന്നു-പ്രാർത്ഥനയിലൂടെ.

ഇതിനായി നാം ദൈവത്തോട് പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ദൈവം നമുക്ക് നൽകുന്ന വിലപ്പെട്ട അവസരങ്ങളെ നഷ്ടപ്പെടുത്താതെ, ലക്ഷ്യബോധത്തോടും നിശ്ചയദാർഢ്യത്തോടും കൂടെ നമ്മുടെ കഴിവുകൾ പരമാവധി ഉപയോഗിച്ച് അവയെ വളർത്തിയെടുക്കുക-അതിനുള്ള കാലമാണ് യൗവ്വനം;

GM

[ലേഖിക ഹൈദരാബാദ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജസിൽ പ്രൊഫസറും ഇംഗ്ലീഷ് ഭാഷാ വകുപ്പ് മേധാവിയുമായിരുന്നു .]

കോട്ടയം ജില്ലാ ആശുപത്രിക്ക് ആർദ്ര പ്രസിഡന്റ് അഭി. യാക്കോബ് മാർ ഏലിയാസ് *Water Dispenser* സംഭാവന നൽകുന്നു.

കോട്ടയം ജില്ലാ ആശുപത്രിയുടെ ശിലാസ്ഥാപനം പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചതിന്റെ ഫലകം (ഫയൽ ചിത്രം).

ദിനങ്ങൾ നൽകിയപ്പോൾ സുൽത്താൻ ബത്തേരിയിലെ കോറോം, കള്ളിയാടി ഭാഗത്തും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ആർദ്ര സജീവമായി പങ്കെടുക്കുകയും അവശ്യസാധനങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി.

ആർദ്ര സ്റ്റഡി കിറ്റ് വിതരണം (എല്ലാ വർഷവും 1000 കുട്ടികൾക്ക്), ദിശാ ദർശൻ ക്ലാസ്സുകൾ (സമൂഹത്തിലെ ദരിദ്ര വിദ്യാർഥികൾക്ക് അപ്രാപ്യമായ വ്യക്തിത്വ വികസന ക്ലാസ്സുകളും പരിശീലനവും), വിദ്യാദീപം സ്കോളർഷിപ്പ്, ആർദ്ര ഡ്രസ്സ് ബാങ്ക്, ഓണക്കിറ്റ് വിതരണം എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ആർദ്ര നടത്തുന്നു.

കൂടാതെ, ചികിത്സാ സഹായം, ഭവനനിർമാണത്തിന് കൈത്താങ്ങ്, വിവാഹ സഹായം തുടങ്ങി മറ്റ് മേഖലകളിൽ അപേക്ഷയുടെ പ്രാധാന്യവും അർഹതയും അനുസരിച്ച് വേണ്ട സഹായം നൽകി വരുന്നു.

അർഹരായ നഴ്സിംഗ് വിദ്യാർഥികളുടെ പഠന ചെലവ്, തയ്യൽ മെഷീൻ വിതരണം, ആശുപത്രികളിൽ അന്നദാനം, അവയവദാനബോധവൽക്കരണം എന്നിങ്ങനെ മറ്റനേകം പ്രവർത്തനങ്ങൾ ആർദ്ര നടത്തിവരുന്നു. അവയവദാനപദ്ധതിക്ക് സംസ്ഥാന ഓർഗൻ ഡോണേഴ്സ് അസ്സോസിയേഷന്റെ ***Green Ribbon*** പുരസ്കാരം ലഭിക്കുകയുണ്ടായി.

പ. ബസോലിയോസ് മാർത്തോമ പൗലോസ് II കതോലിക്കാ ബാവാ തിരുമേനിയാണ് ആർദ്രയുടെ രക്ഷാധികാരി. മലങ്കര സഭയുടെ മറ്റ് ആത്മീയ സംഘടനകളുടെ പ്രസിഡന്റുമാരെ നിയമിക്കുന്നതുപോലെ ആർദ്രയുടെ പ്രസി

പ്രളയബാധിതർക്ക് കൈത്താങ്ങായി ആർദ്ര പ്രവർത്തകരുടെ സഹായ വിതരണം.

ഡന്റിനെയും സഭയുടെ പ.സുന്നഹദോസ് നിയമിക്കുന്നു. എല്ലാ വർഷവും കൂടുന്ന ആർദ്രയുടെ ജനറൽ ബോഡി യോഗം ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരെയും എട്ട് കമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുക്കുന്നു. പ.ബാവാതിരുമേനി പത്ത് അംഗങ്ങളെ എക്സിക്യൂട്ടിവ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്യുന്നു. കതോലിക്കേറ്റ് ഓഫീസിലെ Dy. Secretary പ.ബാവാ തിരുമേനിയുടെ പ്രതിനിധിയായി എക്സിക്യൂട്ടീവ് കമ്മറ്റിയിലെ പ്രത്യേക ക്ഷണിതാവാണ്.

ബ്രഹ്മവാർ ഭദ്രാസനമെത്രാപ്പോലിത്താ അഭി. യാക്കോബ് മാർ ഏലിയാസ് തിരുമേനി ആണ് 2017 മുതൽ ആർദ്രയുടെ പ്രസിഡന്റ്. അഡ്വ.(ഡോ.) ഐസക്ക് പാമ്പാടി ജനറൽ സെക്രട്ടറിയും തോമസ് കുതിരവട്ടം ട്രഷററായും ഉള്ള ഒരു 20 അംഗ എശ്സിക്യൂട്ടിവ് കമ്മറ്റിയുമുണ്ട്. അനുദിനപ്രവർത്തനങ്ങൾ ഒരു കോർ കമ്മറ്റി നടത്തിവരുന്നു.

ആർദ്രയുമായി ബന്ധപ്പെടുവാൻ:

പ്രസിഡന്റ് – അഭി. യാക്കോബ് മാർ ഏലിയാസ് മെത്രാ പ്പോലീത്താ, Ph: 9483530018, ജനറൽ സെക്രട്ടറി – അഡ്വ. (ഡോ.) ഐസക്ക് പാമ്പാടി, Ph: 9447258907, ട്രഷറർ – തോമസ് കുതിരവട്ടം Ex.M.P., Ph: 9847031156.

ആർദ്രയെ എങ്ങനെ സഹായിക്കാം

1) നിർലോഭമായ സംഭാവനകൾ വഴി (A/C No. 57017053713; IFSC SBIN 0070820; SBI, Devalokam, Kottayam) 2)അംഗത്വമെടുക്കുന്നതിലൂടെ 3)വിവിധ പദ്ധതികളുടെ സ്പോൺസർ ആകുന്നതിലൂടെ ഉദാ: a)കണ്ണുപരിശോധനയ്ക്കുള്ള ആർദ്രാ വിഷൻ പദ്ധതി – Rs.10,000/- (സ്പോൺസർ തുക) b)വൃക്കരോഗ പ്രതിരോധ ക്യാമ്പ് – Rs.10,000/- c) ദിശാ ദർശൻ ക്യാമ്പ് – Rs.5,000/-

d) ഒരു കുടുംബത്തെ ദത്തെടുക്കുന്നതിനുള്ള ചെലവ് നൽകുക–Rs.3000/-p.m.. 4)പുതിയ അംഗങ്ങളെ പരിചയപ്പെടുത്തു കവഴി 5)വോളന്റിയറായി പ്രവർത്തിക്കുകവഴി (ഭക്ഷണം, വസ്ത്രം എന്നിവയുടെ വിതരണം, വാഹനസൗകര്യം ഒരുക്കുക മുതലായവ) 6)നിത്യേന പ്രാർത്ഥനയിൽ ഓർക്കാം.

ദുഃഖിതരെയും നിരാലംബരെയും സേവിക്കുക എന്ന ക്രിസ്തു ദൗത്യമാണ് ആർദ്രയിലൂടെ മലങ്കര ഓർത്തഡോക്സ് സഭ നിറവേറ്റുന്നത്.

(ആർദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയംഗമാണ് ലേഖകൻ)

GM

സഭാ ഭരണഘടനയുടെ ചരിത്രം

■ ഡോ.പോൾ മണലിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനയുടെ ചരിത്രം സമാഹരിച്ചിരിക്കുന്ന വിശിഷ്ട ഗ്രന്ഥമാണ് ഡെറിൻ രാജു എഴുതിയ ***മലങ്കര സഭാ ഭരണഘടന – ചരിത്രം, രേഖകൾ, ഭേദഗതികൾ***. പ.വട്ടശ്ശേരിൽ തിരുമേനിയുടെ അനർഘ സംഭാവനയായ സഭാഭരണഘടനയുടെ നിർമാണചരിത്രം, വിവിധ ഡ്രാഫ്റ്റുകൾ, 1934, 2012 എന്നീ വർഷങ്ങളിൽ പ്രകാശിപ്പിച്ച പതിപ്പുകൾ, വിവിധ തവണ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്നിവ ഉൾപ്പെടുത്തിയാണ് ചരിത്രാന്വേഷകനായ ഡെറിൻ രാജു ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

മലങ്കര സഭയിൽ അന്ത്യോഖ്യൻ വിഭാഗം നടത്തിയ കോടതി വ്യവഹാരങ്ങളുടെ പശ്ചാത്തലത്തിൽ ഈ കൃതിക്കു ചരിത്രപരമായ വലിയ പ്രാധാന്യമുണ്ട്. മലങ്കര സഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും പ്രസ്തുത സ്വാതന്ത്ര്യം അഭംഗുരം നിലനിർത്താൻ ഉതകുന്ന ഭരണസംവിധാനത്തെപ്പറ്റിയും പ.വട്ടശ്ശേരിൽ തിരുമേനിക്കും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ഒ.എം.ചെറിയാനെപ്പോലെയുള്ള ക്രാന്തദർശികൾക്കും ഉണ്ടായിരുന്ന സഭാദർശനത്തെപ്പറ്റിയും മറ്റും പഠിക്കാൻ അത്യന്തം ഉപകരിക്കുന്ന ഒരു ഗ്രന്ഥമാണിത്.

മലങ്കര സഭയുടെ ഭരണഘടനയെക്കുറിച്ചുള്ള സംവാദങ്ങൾ സഭാ കേസിൽ പലപ്പോഴായി ഉയർന്നുവന്നിട്ടുണ്ടെങ്കിലും 2017 ജൂലൈ മൂന്നിനു സുപ്രീംകോടതി നടത്തിയ അന്തിമവിധിയെ തുടർന്നാണ് ഭരണഘടനയുടെ മൗലികതയെപ്പറ്റി അന്ത്യോഖ്യൻ വിഭാഗത്തിനും പൊതുസമൂഹത്തിനും ബോധ്യമാകുന്നത്. നമ്മുടെ രാജ്യത്തിന് ഒരു ഭരണഘടനഉണ്ടാകുന്നതിനു മുമ്പുതന്നെ മലങ്കര സഭയ്ക്ക് ഒരു ഭരണഘടന ഉണ്ടായി എന്നത് ഓർത്തഡോക്സ് സഭയുടെ ദേശീയതയ്ക്കും സ്വാതന്ത്ര്യബോധത്തിനും ഇച്ഛാശക്തിക്കും നിദർശനമാണല്ലോ.

മലങ്കര സഭാ കേസിൽ സുപ്രീംകോടതി 2017–ൽ ഓർത്തഡോക്സ് സഭയുടെ 1934–ലെ ഭരണഘടനയാണ് വിധിക്ക് അടിസ്ഥാനമാക്കിയത്. ഈ ഭരണഘടന 1958–ലും 1995–ലും സുപ്രീംകോടതിയുടെ വിധികളിൽ സാധുവായി അംഗീകരിച്ചിരുന്നെങ്കിലും 2017–ൽ അന്തിമവിധി പ്രഖ്യാപിച്ചപ്പോൾ സഭയിൽ സമാന്തരഭരണം അവസാനിപ്പിക്കാൻ ഒരിക്കൽ കൂടി 1934–ലെ ഭരണഘടനയുടെ അന്തസ്സത്ത സുപ്രീംകോടതി എടുത്തുകാണിക്കുകയുണ്ടായി. 1911–ൽ ആരംഭിച്ച സഭയിലെ കക്ഷിവഴക്കുകൾക്കു വിരാമം ഇട്ടുകൊണ്ട് 2017–ൽ വിധിപ്രസ്താവിക്കാൻ സുപ്രീംകോടതിക്കു കഴിഞ്ഞതും 1934–ലെ ഭരണഘടനമൂലമാണ്.

1934–ലെ ഭരണഘടനയുടെ 'ഒറിജിനൽ' എന്ന പേരിൽ അന്ത്യോഖ്യൻ വിഭാഗം ഒരു വ്യാജഭരണഘടന ഉണ്ടാക്കുകയും അതു അധികാരികൾക്കു നൽകിക്കൊണ്ട് തെറ്റിദ്ധാരണ പരത്തുകയും ചെയ്തതിന്റെ പ്രതികരണമായിട്ടാണ് ഡെറിൻ രാജു 1934–ലെ ഭരണഘടനയുടെ യഥാർത്ഥ രൂപങ്ങൾ കണ്ടെത്തിയതും അത് അതേരൂപത്തിൽ ഈ കൃതിയിൽ സമാഹരിച്ചുകൊണ്ട് ഭരണഘടനയുടെ ചരിത്രത്തിലേക്കു കടന്നുചെന്നതും. 1934–ലെ ഭരണഘടനയുടെ ഒറിജിനൽ നഷ്ടപ്പെട്ടെന്ന് കരുതിയായിരുന്നു അന്ത്യോഖ്യൻ വിഭാഗം അതിന്റെ ഒരു വ്യാജരൂപം ചമച്ചത്! ഭരണഘടനയുടെ 'ഒറിജിനൽ' ഹാജരാക്കാൻ കേരളത്തിലെ ചീഫ് സെക്രട്ടറി വിവേകബോധമില്ലാതെ പ.കാതോലിക്കാ ബാവായോട് ആവശ്യപ്പെടാൻ തുനിഞ്ഞതും ഈ വ്യാജരൂപം കണ്ടിട്ടായിരുന്നു. എന്നാൽ ഇപ്പോൾ പൊതുസമൂഹത്തിനു ഭരണഘടനയുടെ ഒറിജിനൽ ഇതിലൂടെ ലഭ്യമായിരിക്കുന്നു.

ഭരണഘടനയുടെ പൂർവരൂപങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് ഡെറിൻ രാജു ഈ കൃതിയുടെ ഉള്ളടക്കത്തിലേക്കു കടക്കുന്നത്. ഭരണഘടനയുടെ ആദ്യരൂപമാണ് 1893–ലെ ***കോട്ടയം ചട്ടവരേ്യാല***യെന്ന് ഗ്രന്ഥകാരൻ



ചൂണ്ടിക്കാട്ടുന്നു. ആദ്യകാലത്തെ പടിയോലകളുടെ ചരിത്രവും അദ്ദേഹം എടുത്തുപറയുന്നു. പരുമലയിൽ 1873-ൽ കൂടിയ പള്ളിപ്രതിപുരുഷ യോഗത്തിന്റെ നിശ്ചയങ്ങൾ, മുളന്തുരുത്തി സുന്നഹദോസ് (1876) നിശ്ചയങ്ങൾ എന്നിവയും ശ്രദ്ധേയമായിരുന്നു. 1920-ൽ ആരംഭിച്ച *'സുറിയാനി സഭ'* എന്ന മാസികയിൽ വ്യവസ്ഥാപിതമായ ഭരണഘടനയ്ക്കു വേണ്ടിയുള്ള ചിന്തകൾ അഡ്വ.പത്രോസ് മത്തായി, ചിത്രമെഴുത്ത് കെ.എം.വർഗീസ്, അഡ്വ.പൈലി മത്തായി, ഫാ.എൻ.പി.സ്കറിയ, പി.കെ.മാത്യു തുടങ്ങിയവർ പങ്കുവച്ചിരുന്നതായി ഗ്രന്ഥകാരൻ കണ്ടെത്തിയിരിക്കുന്നു. പിന്നീട് കോട്ടയത്ത് 1929-ൽ കൂടിയ ഒരു ആലോചനാ യോഗത്തിന്റെ കാര്യവും ചർച്ചചെയ്തിട്ടുണ്ട്. ഇതേത്തുടർന്ന് വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ ചർച്ചകളും യോഗങ്ങളും നടത്തി. വട്ടിപ്പണക്കേസിന്റെ റിവ്യൂ വിധിക്കു ശേഷം ഈ വഴിക്കുള്ള ആലോചനകൾ ശക്തിപ്പെട്ടു. 1930 സെപ്തംബർ നാലിനു പഴയസെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷനായിരുന്നു ഒ.എം.ചെറിയാൻ കൺവീനറായി ഭരണഘടനനിർമാണ കമ്മിറ്റി രൂപീകരിച്ചത്.

ഭരണഘടനയെപ്പറ്റി വട്ടശ്ശേരിൽ തിരുമേനി എഴുതിയ രൂപരേഖകൾ അതേപടി ഗ്രന്ഥത്തിൽ സമാഹരിച്ചിട്ടുണ്ട്. ഭിന്നിച്ചുനിൽക്കുന്ന കക്ഷികൾ യോജിച്ചു പ്രവർത്തിക്കാൻ ഉതകുന്ന ഒരു ഭരണഘടനയാണ് ഉണ്ടാകേണ്ടതെന്നാണ് ഈ കുറിപ്പിൽ വട്ടശ്ശേരിൽ തിരുമേനി വ്യക്തമാക്കുന്നത്. സഭയുടെ പേര് 'യാക്കോബായ' സഭ എന്നല്ലെന്നും *ഓർത്തഡോക്സ് സഭ* എന്നാണെന്നും ഈ രേഖയിൽ വ്യക്തമാക്കുന്നുണ്ട്.

വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടനയുടെ രൂപരേഖ അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. അന്ത്യോഖ്യൻ ബന്ധത്തെപ്പറ്റിയും സഭയുടെ സ്വാതന്ത്ര്യത്തെപ്പറ്റിയും ഈ രൂപരേഖയിൽ വെളിപ്പെടുത്തുന്നുണ്ട്. "കാതോലിക്കാ പ്രസിഡന്റായ എപ്പിസ്കോപ്പൽ സിനഡിന്റെ സഹകരണത്തോടു കൂടി കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മലങ്കരസഭ പാത്രിയർക്കീസായി അംഗീകരിക്കുന്നതാകുന്നു" എന്നാണ് ഭരണഘടനയുടെ രൂപരേഖയിൽ വട്ടശ്ശേരിൽ തിരുമേനി 90 വർഷം മുമ്പ് എഴുതിയിരിക്കുന്നത്.

വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ രൂപരേഖയുടെ പ്രതികരണമായി ജനാധിപത്യവാദികൾ തയ്യാറാക്കിയ ഭരണഘടനയുടെ രൂപരേഖയും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ടി.ജോസഫ്, ജേക്കബ് കുര്യൻ, പി.ടി.ഈപ്പൻ, പത്രോസ് മത്തായി, കെ.ടി.മാത്യു എന്നിവരുടേതാണ് ഈ രൂപരേഖ. വട്ടശ്ശേരിൽ തിരുമേനിയുടെ രൂപരേഖയെപ്പറ്റി മറ്റൊരു പ്രതികരണം ഒ.എം.ചെറിയാനും നടത്തിയിട്ടുണ്ട്. 1932 നവംബർ 30-നു ഒ.എം.ചെറിയാൻ ഭരണഘടനയുടെ മറ്റൊരു രൂപരേഖയും തയ്യാറാക്കി. ഇതും ഡെറിൻ രാജു ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. ഇത്തരം വിവിധ രൂപരേഖകൾ സമഗ്രമായി ചർച്ചചെയ്തിട്ടാണ് പൗരസ്ത്യ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭരണഘടനയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയത്. ആ രൂപരേഖയും ഈ കൃതിയിൽ അതേപോലെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഭിന്ന ചിന്താഗതികളും ആശയങ്ങളും കോർത്തിണക്കിയാണ് സഭയുടെ ഭരണഘടന അന്തിമമായി ഉണ്ടാക്കിയത്.

വട്ടശ്ശേരിൽ തിരുമേനി 1934 ഫെബ്രുവരി 24-ന് കാലം ചെയ്തു. ഭരണഘടന പാസ്സാക്കാൻ 1934 മാർച്ച് 20-നു അസോസിയേഷൻ സമ്മേളിക്കാൻ തീരുമാനിച്ചെങ്കിലും അതു നടക്കാതെ പോയി. സഭയിലെ തർക്കങ്ങൾ തന്നെ കാരണം. എന്നാൽ, 1934 ഡിസംബർ 26-നു മലങ്കര സഭയുടെ അസോസിയേഷൻ കൂടുകയും ഭരണഘടന പാസ്സാക്കുകയും ചെയ്തു. അന്ന് പാസ്സാക്കിയ ഭരണഘടന *മലയാള മനോരമ* പ്രസിൽ 1935-ൽ അച്ചടിച്ച് എല്ലാ പള്ളികൾക്കും അയച്ചുകൊടുത്തു. ഭരണഘടനയുടെ ഈ ഒറിജിനൽ (1935), ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയിൽ 1951, 1967, 1997, 2006, 2011 എന്നീ വർഷങ്ങളിൽ നടത്തിയ ഭേദഗതികളും ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു.

സഭാ ഭരണഘടനയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധികളും ഡെറിൻ രാജു ഈ കൃതിയിൽ വിശദമായി ചർച്ചചെയ്യുന്നുണ്ട്. സുപ്രീം കോടതിയുടെ വിധികൾ മലങ്കര സഭയുടെ ഭരണഘടനയെ സാധൂകരിക്കുന്നതാണ്. രാജ്യത്തിന്റെ വ്യവസ്ഥിതികൾക്കു പൂരകമായി മലങ്കരസഭയിൽ നടപ്പിലാക്കിയിരിക്കുന്ന ഈ ഭരണഘടന ഓർത്തഡോക്സ് സഭയുടെ പുരോഗതിക്കും പാരമ്പര്യത്തിനും ബലം പകരുന്നുണ്ടെന്നും പറയേണ്ടിയിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ കർത്താവായ ഡെറിൻ രാജുവിനെ എത്രകണ്ട് പ്രശംസിച്ചാലും മതിവരില്ല!

GM

പ. കാതോലിക്കാ ബാവാ തിരുമേനിയുടെ റഷ്യാ സന്ദർശനത്തെത്തുടർന്ന് റഷ്യൻ ഓർത്തഡോക്സ് സഭയുടെ വൈദികരടങ്ങുന്ന സംഘം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. ബാവായെ സന്ദർശിച്ചപ്പോൾ.



ഛിദ്രവും സമാധാനവും

■ ഫാ.പി.ഫിലിപ്പോസ്

“ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്ന് തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാൻ അത്രേ എന്ന് ഞാൻ നിങ്ങളോടു പറയുന്നു” **(വി.ലൂക്കോസ് 12:51). സമാധാനദൂതനായി അറിയപ്പെടുന്ന ക്രിസ്തു ഇവ്വിധം ഛിദ്രത്തെക്കുറിച്ചു പ്രവചിക്കുവാൻ കാരണമെന്ത്?**

അനില തോമസ്, കുന്നംകുളം.

നാം വിഷയമാക്കുന്ന ഈ തിരുവചനത്തിന്റെ തൊട്ടുമുമ്പുള്ള വാക്യം യേശു നേരിടാൻ പോകുന്ന തീവ്രമായ കഷ്ടതയുടെ അനുഭവത്തെ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യരാശിയുടെ വീണ്ടെടുപ്പും രക്ഷയും മാത്രം ലക്ഷ്യമാക്കി ആഗതനായ തനിക്ക് മുഴുകേണ്ടതായ *“സ്നാന”*ത്തെപ്പറ്റി പ്രതിപാദിക്കുന്നത് വളരെ വേദനയോടെയാണ്. ഒരു മഹാവ്യഥയിൽ മുങ്ങിപ്പോകുന്ന ദുരവസ്ഥ യേശു പ്രവചിക്കുകയായിരുന്നു. അതുകൊണ്ടാണ്, *“എങ്കിലും എനിക്കു ഒരു സ്നാനം ഏല്പാൻ ഉണ്ട്; അതു കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു”* (12:50) എന്ന് കർത്താവ് അരുളിയത്.

സമാധാനം ഒന്നും ഉണ്ടാകാൻ പോകുന്നില്ല, പിന്നയോ, ദുരിതങ്ങളുടെയും ആധിയുടെയും കാലഘട്ടങ്ങൾ അവരെ കാത്തിരിക്കുന്നു എന്ന് അവക്ക് മുന്നറിയിപ്പ് കൊടുക്കുകയാണ്, യേശു. സുവിശേഷം പ്രചരിപ്പിക്കുവാൻ പോകുമ്പോൾ അതിന് സാർവത്രിക സുസ്വാഗതം ലഭിക്കുമെന്നും കേൾവിക്കാർ ഐക്യകണ്ഠ്യേന അതിനെ കൈക്കൊള്ളുമെന്നും അപ്രകാരം യേശു സമാധാനദായകനാകുമെന്നും പ്രതീക്ഷിക്കുന്നെങ്കിൽ അവർക്ക് തെറ്റിപ്പോയി എന്ന് ഗുരു അവർക്ക് വെളിപ്പെടുത്തുകയാണ്. സുവിശേഷം ഉദ്ഘോഷിക്കുമ്പോൾ വിഭജനമായിരിക്കും അതിന്റെ അനന്തരഫലമെന്ന് യേശു വെളിപ്പെടുത്തുകയാണ്. സുവിശേഷത്തിന്റെ രൂപവും ഭംഗിയും അതിന്റെ ശരിയായ അന്തഃസത്തയും മനുഷ്യമക്കളെ ഏകോപിക്കുവാനും വിശുദ്ധ സ്നേഹത്തിൽ അവരെ കൂട്ടിച്ചേർക്കുവാനും ഉതകുമെങ്കിലും അനവധി പേർ അതിനെ തിരസ്കരിക്കുക മാത്രമല്ല, രൂക്ഷമായി എതിർക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുമെന്ന് യേശു പ്രവചിക്കുന്നു.

> **“ഭൂമിയിലെ ഏതിനോടും കാണിക്കുന്ന വിശ്വസ്തതയേക്കാൾ ക്രിസ്തുവിനോട് കാണിക്കുന്ന കൂറത്രെ ക്രിസ്തുമതത്തിന്റെ സത്ത.**

വീട്ടുടയവൻ തന്റെ കോട്ടകൾ സംരക്ഷിക്കുന്നതുപോലെ (വി.ലൂക്കോസ് 12:39), ലോകത്തിൽ തത്വജ്ഞാനികളും വിവിധ ദേവന്മാരെ ആരാധിക്കുന്നവരും തങ്ങളുടെ *“കൊട്ടാരങ്ങൾ”* കാത്തുരക്ഷിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, സുവിശേഷദൂതുകൾ അവിടെ വിള്ളൽ വീഴ്ത്തിയപ്പോൾ ന്യായപ്രമാണ പ്രബുദ്ധരും സാത്താന്യ ശക്തിയിൽപ്പെട്ട മറ്റ് വിജാതീയരും സത്യദൈവത്തിങ്കലേക്ക് തിരിയാൻ തുടങ്ങി. തുടർന്ന്, വിരുദ്ധാക്രമണങ്ങളും പീഢനങ്ങളും ശിഷ്യന്മാർക്ക് നേരിടേണ്ടി വന്നു. അതിതീഷ്ണമായ ക്രിസ്തീയ സഹിഷ്ണതയ്ക്കും സഹനശക്തിക്കും അത് പ്രയോജകീഭവിക്കട്ടെ എന്ന വീക്ഷണത്തിൽ ക്രിസ്തു അതനുവദിച്ചു എന്ന് ബോധ്യപ്പെടാം.

‘അഞ്ചാം സുവിശേഷം’ എന്ന് അറിയപ്പെടുന്ന ***അപ്പോസ്തോല പ്രവർത്തികൾ*** പുസ്തകം മുഴുവനും ശിഷ്യന്മാർ എണ്ണമറ്റ പോരാട്ടം വഹിച്ചതിന്റെ തെളിവുകൾ നിറഞ്ഞതാണ്. പെന്തക്കോസ്തി സംഭവം മുതൽ വി.പത്രോസും വി.യോഹന്നാനും വി.സ്തേഫാനോസും വി.പൗലോസും നേരിട്ട അഗ്നിപരീക്ഷകളെല്ലാം വി.ലൂക്കോസ് 12:51-ന്റെ പ്രതിഫലനങ്ങളാണ്. ഭൂമിയിലെ ഏതിനോടും കാണിക്കുന്ന വിശ്വസ്തതയേക്കാൾ ക്രിസ്തുവിനോട് കാണിക്കുന്ന കൂറത്രെ ക്രിസ്തുമതത്തിന്റെ സത്ത. പ്രസക്ത തിരുവചനത്തിന്റെ തുടർച്ചയായി വി.ലൂക്കോസ് 12:52 മുതൽ ഭവനാന്തരീക്ഷത്തിൽ ഉണ്ടാവാൻ പോകുന്ന വിഭജനത്തിന്റെ അസ്വസ്ഥതകളും അസ്വാരസ്യങ്ങളും ക്രിസ്തു മുൻകണ്ടതു പോലെ ആയിത്തീർന്നു. ഒരു ഭവനത്തിൽ ഒരുവൻ ക്രിസ്തുവിശ്വാസം സ്വീകരിക്കുമ്പോൾ മറ്റു കുടുംബാംഗങ്ങൾ അവനോടു മറുതലിക്കുകയും വിശ്വാസം സ്വീകരിച്ചയാൾ വിശ്വാസത്തിനുവേണ്ടി വാദപ്രതിവാദങ്ങൾ നടത്തുകയും മറ്റുള്ളവർക്ക് സ്നേഹബുദ്ധ്യാ വിശ്വാസ നിലപാടു വ്യക്തമാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ സ്വീകാര്യമാകാത്തവർ അയാളെ പീഡിപ്പിക്കുവാനും പുറംതള്ളുവാനും ഇടയാക്കിയ എണ്ണമറ്റ സംഭവങ്ങൾ അപ്പോസ്തോലിക കാലത്തും സുവിശേഷത്തിന്റെ പ്രചാരസമയങ്ങളിലും പിൽക്കാലത്തും നടന്നിട്ടുണ്ട്.

അപ്പോസ്തോലിക കാലത്തിനുശേഷം നാലു നൂറ്റാണ്ടുകളോളം ക്രൈസ്തവസഭ നേരിട്ട പീഡനങ്ങൾ വർണ്ണനാതീതമാണ് “Religion of the slaughterhouse (*“അറവുശാലയുടെ മതം”*)എന്ന് അക്രൈസ്തവ ചരിത്രകാരന്മാർ പരിഹാസേന ക്രിസ്തുസഭയെ വിളിച്ചുവന്നിരുന്നു എന്നതും ക്രിസ്തീയ സഭയുടെ ചരിത്രം പഠിച്ചവർക്ക് അറിയാം.

ഇന്ന്, ലോകത്തിന്റെ മൂന്നിൽ രണ്ടു ഭാഗം ക്രിസ്തുവിനു വഴങ്ങിയിരിക്കുമ്പോൾ, സുവിശേഷീകരണത്തിന്റെ കരുത്തിൽ നാം നിഗളിക്കാതെ, വിനയപൂർവം ക്രിസ്തുവിന്റെ രക്ഷാസന്ദേശം കൂടുതൽ ജനഹൃദയങ്ങളെ ആശ്ലേഷിക്കുവാൻ തക്കവണ്ണം പരിശുദ്ധാത്മാവ് പ്രവർത്തിക്കണമേ എന്നു പ്രാർത്ഥിക്കാം.

GM

ആദരാഞ്ജലി

ജോർജ് പോൾ: നിസ്വാർഥനായ സഭാ സ്നേഹി

പ്രഗത്ഭനായ ഭരണാധികാരിയും സംരംഭകനും വിദ്യാഭ്യാസ വിചക്ഷണനുമായ ജോർജ് പോൾ സാറിന്റെ നിര്യാണം തന്റെ കുടുംബത്തിനും സമൂഹത്തിനും മാത്രമല്ല മലങ്കര ഓർത്തഡോക്സ് സഭയ്ക്കും വലിയ നഷ്ടമാണു വരുത്തിയിരിക്കുന്നത്. 2017 മാർച്ച് 1-ന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ കോട്ടയം സമ്മേളനം അദ്ദേഹത്തെ പ.സഭയുടെ അത്മായ ട്രസ്റ്റി എന്ന ഉന്നതപദവിയിലേക്കു തിരഞ്ഞെടുക്കുമ്പോൾ അത് അദ്ദേഹത്തിന്റെ സഭാ സ്നേഹത്തിനും പ്രതിബദ്ധതയ്ക്കും വ്യക്തിത്വത്തിലെ മാന്യതയ്ക്കും സൗമ്യതയ്ക്കുമുള്ള ഒരു അംഗീകാരം കൂടിയായിരുന്നു. അതുകൊണ്ടുതന്നെ, സംശുദ്ധിയുടെയും ആത്മാർത്ഥതയുടെയും മറുവാക്കായ ജോർജ് പോൾ സഭാ സാരഥിയായപ്പോൾ അത് ഏറെ സ്വീകാര്യത നേടി. *“മലങ്കര സഭയുടെ അധ്യക്ഷൻ പ.കാതോലിക്കാ ബാവായാണ്, സ്ഥാനികളല്ല. പ.ബാവായുടെ കരങ്ങൾക്ക് ശക്തി പകരാൻ അവയെ താങ്ങിയുയർത്തുകയാണു വേണ്ടത്”* എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

നിശ്ശബ്ദ സേവനത്തിൽ വിശ്വസിച്ചിരുന്ന സഭാ സ്നേഹിയായിരുന്നു ജോർജ് പോൾ. പതിരില്ലാത്തതും സ്വാർഥമോഹങ്ങളില്ലാത്തതുമായ പ്രവർത്തനത്തിൽ വിശ്വസിച്ചിരുന്നു. അപ്പോഴാണ് അത് സേവനമാകുന്നത് എന്നായിരുന്നു തന്റെ കാഴ്ചപ്പാട്. സ്വന്തം നേട്ടത്തിന് സഭയെ ഒരു ചവിട്ടുപടിയായി കണ്ടിരുന്നില്ല.



സിന്തൈറ്റ് ഇൻഡസ്ട്രീസിലൂടെ വ്യവസായ രംഗത്തും നമ്മുടെ സഭാ സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസ രംഗത്തും അദ്ദേഹം സജീവമായിരുന്നു. മലങ്കര സഭാ മാനേജിങ് കമ്മിറ്റിയംഗം, കോലഞ്ചേരി MOSC മെഡിക്കൽ കോളജ് വൈസ് പ്രസിഡന്റ്, ക്രിസ്ത്യൻ മാനേജ്മെന്റ് മെഡിക്കൽ കോളജ് സംഘടനയുടെ സെക്രട്ടറിയും മുഖ്യവക്താവും, എറണാകുളം സെ.മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ട്രസ്റ്റി, കുസാറ്റ് സിൻഡിക്കേറ്റ് മെമ്പർ, ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം ചെയർമാൻ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി കേരളഘടകം വൈസ് ചെയർമാൻ എന്നിങ്ങനെ ഒട്ടനവധി പദവികൾ വഹിച്ചു. ജീവകാരുണ്യ, സേവനരംഗത്തും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. വിദ്യാഭ്യാസ രംഗത്ത് സഭാ സ്ഥാപനങ്ങളുടെ നിലപാടുകൾ മാധ്യമങ്ങളിലൂടെ വ്യക്തമായും വിശ്വസനീയമായും ലോകത്തെ അറിയിച്ചതിലൂടെ അദ്ദേഹം ഏറെ പ്രശംസ പിടിച്ചുപറ്റി. സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ എല്ലാവർക്കും ഒരേ ഫീസ് എന്ന നിർദേശം 2001-ൽ ജോർജ് പോൾ മുന്നോട്ടു വച്ചപ്പോൾ എതിർത്തവരെല്ലാം പിന്നീട് അദ്ദേഹത്തിന്റെ നിലപാടുതന്നെ പിന്തുടർന്നു എന്നത് ചരിത്രം.

പ്രസിഡന്റ് നീലം സഞ്ജീവ റെഡ്ഡിയിൽനിന്ന് 35-ാമത്തെ വയസ്സിൽ മികച്ച കയറ്റുമതിക്കുള്ള അവാർഡ് സ്വീകരിക്കുന്നു (1981).

സുഗന്ധ വ്യഞ്ജനങ്ങളുടെ സത്ത് (*ഓലിയോറസിൻ*) ശാസ്ത്രീയമായി വേർതിരിച്ച് ആ രംഗത്തെ ആഗോള വമ്പന്മാരാക്കി സിന്തൈറ്റ് ഇൻഡസ്ട്രീസിനെ ഉയർത്തിയതിൽ ജോർജ് പോളിന്റെ പങ്ക് നിസ്തുലം. ദീർഘകാലം സിന്തൈറ്റ് മാനേജിങ് ഡയറക്ടറായിരുന്നു; നിര്യാതനാവുമ്പോൾ വൈസ് ചെയർമാനും.

എറണാകുളം ജില്ലയിലെ കുറുപ്പംപടി എമ്പാശേരി കുടുംബാംഗം. ഭാര്യ: ലിസ ജോർജ്. മക്കൾ: പൗലോ ജോർജ്, മിറിയ വർഗീസ്.

സഭയുടെ ഈ ഉത്തമപുത്രന്റെ നിര്യാണത്തിൽ ***ജോർജിയൻ മിറർ*** അഗാധ ദുഃഖം രേഖപ്പെടുത്തുന്ന തിനോടൊപ്പം പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

GM

‘ശ്രേഷ്ഠപദവി’യിലെ മാലാഖമാർ

■ പി. വി. മാത്യു

ഈ രാജ്യത്തിന്റെ നിയമസംവിധാനത്തെ പരസ്യമായി വെല്ലുവിളിക്കുകയും നാടാകെ അക്രമം അഴിച്ചുവിട്ട് അരാജകത്വം സൃഷ്ടിക്കുകയും വൈദികരെയും വിശ്വാസികളെയും സംഘം ചേർന്ന് ആക്രമിക്കുകയും ആരാധനാലയങ്ങൾ കൊള്ളയടിക്കുകയും ഇടിച്ചുപൊളിക്കുമെന്ന് ഭീഷണിമുഴക്കുകയും ചെയ്യുന്നവരെ മാലാഖമാരാക്കി മഹത്ത്വവൽക്കരിക്കുന്ന കാഴ്ചയാണ് ഈയിടെയായി കേരളീയസമൂഹം കണ്ടുകൊണ്ടിരിക്കുന്നത്; ഒപ്പം, ഈ നിയമലംഘകരുടെ സ്തുതിപാഠകരും പരിപോഷകരുമായി വർത്തിക്കുന്ന ഒരുപറ്റം മാധ്യമങ്ങളെയും വോട്ടുരാഷ്ട്രീയക്കാരെയും. ഈ മാലാഖമാരും സ്തുതിപാഠകരും ആരൊക്കെയെന്നു പരിശോധിക്കേണ്ട സമയം ആസന്നമായിരിക്കുന്നു.

‘ശ്രേഷ്ഠ’രുടെ ഗണത്തിൽ ആരൊക്കെയുണ്ടെന്ന് ആദ്യം പരിശോധിക്കാം.

1. “അന്ത്യോഖ്യാ ഭക്തർ”

സിറിയയിലും ഇറാഖിലും യമനിലും മറ്റും മതതീവ്രവാദികൾ വർഷങ്ങളായി നടത്തിപ്പോരുന്ന സായുധ കലാപങ്ങളുടെ ഒരു ചെറുരൂപമാണ് കേരളത്തിലെ *“അന്ത്യോഖ്യാ ഭക്തർ”* എന്നു സ്വയം വിളിക്കുന്ന യാക്കോബായക്കാർ ഒരു നൂറ്റാണ്ടിലേറെയായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന് അവർ വിളിക്കുന്ന ഓമനപ്പേരാണ് *‘അന്ത്യോഖ്യാ വിശ്വാസം’*. അങ്ങനെയൊരു വിശ്വാസം ഭൂമുഖത്തില്ല. എന്നിരുന്നാലും ഇതിന്റെ അണികളെന്നു സ്വയം അവകാശപ്പെടുന്നവരുടെ ഇരകളായിത്തീരുന്നത് നിരപരാധികളായ മലങ്കരസഭാ മക്കൾ. നാലുപേർക്ക് ജീവൻ നഷ്ടമായി [വർക്കി വർഗീസ് എന്ന ആനപാപ്പി (1912), ഓനാൻകുഞ്ഞ് (1976), തോട്ടപ്പാട്ട് ടി.യു. കുര്യാക്കോസ് (1993), മലങ്കര വർഗീസ് (2002)]. നൂറുകണക്കിനു പേർക്ക് മാരകവും അല്ലാത്തതുമായ പരുക്കുകളേറ്റു. ചിലർ മൃതപ്രായരായി. ആയുസ്സിന്റെ ബലംകൊണ്ടുമാത്രം രക്ഷപ്പെട്ടവരും നിരവധി. ഇവരിൽ സഭയുടെ മെത്രാപ്പോലീത്തമാരും വൈദികരും വരെയുണ്ട്. പ.വട്ടശ്ശേരിൽ തിരുമേനിയെ വധിക്കാൻ നടത്തിയ ശ്രമം അവസാനനിമിഷം ഉപേക്ഷിച്ചു (1911). ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ (പിന്നീട് ഔഗേൻ കാതോലിക്കാ ബാവാ) പിറവം പള്ളിമുറിയിൽ നിന്ന് കാപ്പിവടികൊണ്ട് പുറത്തടിച്ച് ഇറക്കിവിട്ടു (1942). തൃക്കുന്നത്തു സെമിനാരി ആസ്ഥാനത്ത് ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയെ വധിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി തിരുമേനിയുടെ കാർ അഗ്നിക്കിരയാക്കി (1973). ഈ പരമ്പര ഇപ്പോൾ എത്തിനിൽക്കുന്നത് സമീപകാലത്തു നടന്ന നിരവധി ആക്രമണങ്ങളിലാണ്; ഇരകളായത് തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ അഭി.യൂഹാനോൻ മാർ മിലിത്തോസ് തിരുമേനി മുതൽ നിരവധി വൈദികരും അൽമായരും. പലരും ക്രൂര പീഡനമേറ്റ് ചികിത്സയിൽ കഴിയുന്നു.

മലങ്കര സഭയുടെ അനേകം ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു, കൊള്ളയടിക്കപ്പെട്ടു, അശുദ്ധമാക്കപ്പെട്ടു. മാന്ദാമംഗലം പള്ളി, വടവുകോട് സെ.മേരീസ്, വരിക്കോലി സെ.മേരീസ്, ഓണക്കൂർ സെഹിയോൻ, പഴന്തോട്ടം സെ.മേരീസ്, കുരിശടികൾ എന്നിവയ്ക്കു നേരെ നടന്ന ആക്രമണങ്ങളിൽ, വ്യാപക നാശമാണ് സംഭവിച്ചത്. ദേവാലയത്തിനുള്ളിൽ മണ്ണെണ്ണയൊഴിച്ചതു മുതൽ (കോലഞ്ചേരി പള്ളി) വി.ത്രോണോസിൽ മുളകുപൊടി വിതറിയതു (വടവുകോട് പള്ളി) വരെ എത്തിനിൽക്കുന്നു ദൈവനിന്ദയുടെ നീണ്ടപട്ടിക. ഇതിനു പിന്നിലുള്ളവരാണ് “ശ്രേഷ്ഠ” പദവിയിൽ ഒന്നാമത്.

ഭീകരതയുടെ സമീപകാല ഇരകളിൽ ചിലർ.

2. മൃതശരീരം വിലപേശലിനായി കരുവാക്കുന്നവർ

2017-ലെ സുപ്രീം കോടതി വിധിക്കു ശേഷം പാത്രിയർക്കീസ് പക്ഷത്തുണ്ടായിരുന്ന 40-ലേറെപ്പേരുടെ ശവസംസ്കാരം മലങ്കര സഭയുടെ ഭരണത്തിൻകീഴിൽ വന്ന പള്ളികളിൽ ഓർത്തഡോക്സ് വൈദികരാൽ നടത്തപ്പെട്ടു കഴിഞ്ഞു. എന്നാൽ ഇക്കാര്യം സൗകര്യപൂർവം മറച്ചുവച്ച് തിരഞ്ഞെടുത്ത ഏതാനും മൃതദേഹങ്ങൾ വച്ച് വിലപേശുന്ന വരാണ് പട്ടികയിലെ മറ്റൊരു കൂട്ടർ.

ഇതിൽ, ഒരു സംഭവം എടുത്തു പറയാതെ വയ്യ. കട്ടച്ചിറപള്ളി ഇടവകാംഗവും പാത്രിയർക്കീസ് വിഭാഗത്തിലെ സൺഡേ സ്കൂൾ അധ്യാപകനും ഒരു മുൻ സൈനിക നുമായിരുന്ന വിശ്വാസി മരിച്ചപ്പോൾ ആ പള്ളിയിൽ തന്നെ സംസ്കരിക്കാൻ തയ്യാറാണെന്ന് പരേതന്റെ കുടുംബം അറിയിക്കുകയും ഓർത്തഡോക്സ് സഭയുടെ നിയമാനു സൃത വികാരി അത് ആദരപൂർവം നിർവഹിക്കുകയും ചെയ്തു. പരേതന്റെ മകൻ പറഞ്ഞതിങ്ങനെ: *"ഒരു സൈനിക നായ ഞാൻ ഈ രാജ്യത്തെ നിയമം അനുസരിക്കാൻ ബാധ്യസ്ഥനാണ്"*. ഇതിൽ രോഷം പൂണ്ട വിഘടിത വിഭാഗം പരേതന്റെ വീട്ടിൽ മൃതദേഹത്തിനു സമീപം വച്ചിരുന്ന കുരിശും മെഴുകുതിരിയും മറ്റും എടുത്തുകൊണ്ടു പോവുക യും പരേതന്റെ ഫോട്ടോ പതിച്ച ഫ്ളക്സുകൾ നിലത്തിട്ടു അവഹേളിക്കുകയും ചെയ്തു.

പാത്രിയർക്കീസ് വിഭാഗത്തിലെ എൽദോ മാർ തീത്തോസ് ബിഷപ്പിന്റെ സഹോദരൻ (പെരുമ്പാവൂർ ബഥേൽ സുലോക്കോ പള്ളി), കണ്യാട്ടുനിരപ്പ് സെ.ജോൺസ് പള്ളി ഇടവകാംഗമായിരുന്ന പാത്രിയർക്കീസ് വിഭാഗം വൈദികൻ എന്നിവരുടെ ശവസംസ്കാരം തർക്കത്തിനു നിൽക്കാതെ മറ്റു പള്ളികളിൽ നടത്തി. ഇങ്ങനെ, ഉന്നതരുടെയും സ്ഥാനികളു ടെയും മൃതശരീരം തെരുവിൽ വച്ചു വിലപേശുന്നില്ല, തർക്കിക്കുന്നുമില്ല. വെറും സാധാരണക്കാരായ വിശ്വാസി കളെയാണ് ഇതിനു കരുവാക്കുന്നതെന്നു സാരം.

1974-നു ശേഷം, വടക്കൻ ഭദ്രാസനങ്ങളിൽ നിരവധി ഓർത്തഡോക്സ് വൈദികരുടെയും വിശ്വാസികളുടെയും ശവസംസ്കാരം, പള്ളികൾ കൈവശപ്പെടുത്തിയ വിഘടിത വിഭാഗം തടയുകയോ അവഹേളിക്കുകയോ ചെയ്യുകയു ണ്ടായി എന്നത് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. വന്ദ്യനായ ജോസഫ് വെണ്ടറപ്പള്ളിയച്ചന്റെ ശവസംസ്കാരം വടവുകോടുപള്ളിയിൽ നടത്താൻ വിഘടിത വിഭാഗം അനുവദിക്കാതിരുന്നതിനെത്തുടർന്ന് വലിയ സംഘർഷത്തി നും അവഹേളനത്തിനും ശേഷമാണ് പോലീസ് സംരക്ഷണ യിൽ ഏറെ വൈകി നടന്നത്. അവിടെയുണ്ടായിരുന്ന വിഘടിതർ നടത്തിയ പൂരപ്പാട്ടും അസഭ്യവർഷവും അടങ്ങുന്ന വീഡിയോ ക്ലിപ്പുകൾ സോഷ്യൽ മീഡിയായിൽ ഇപ്പോഴും ലഭ്യമാണ്.

കോതമംഗലം ചെറിയപള്ളിയിൽ, തോമസ് പോൾ റമ്പാന്റെ മാതാവിനെ അടക്കം ചെയ്യാനാവാതെ ദിവസങ്ങളോളം മോർച്ചറിയിൽ വച്ചശേഷം ഹൈക്കോടതി യുടെ ഇടപെടൽ മൂലം മാത്രമാണ് സംസ്കാരം നടത്താനാ യത്. ഇത്തരം സംഭവങ്ങളുടെ നീണ്ട പട്ടിക തന്നെയുണ്ട്.

ഇങ്ങനെ, ഇവർ ഓർത്തഡോക്സുകാരുടെ മൃതദേഹങ്ങളോടു കാട്ടിയ അവഹേളനവും ക്രൂരതയും മറച്ചുവച്ചുകൊണ്ടാണ് ഇപ്പോൾ ഓർത്തഡോക്സ് സഭ ശവസംസ്കാരം നടത്തുന്നതിന് തടസ്സം നിൽക്കുന്നു എന്നു മുറവിളി കൂട്ടുന്നത്.

3. "പുതുസുവിശേഷ"ക്കാർ

മീനടം പള്ളി - 2019 ഒക്ടോബർ 5: പാത്രിയർക്കീസ് പക്ഷക്കാരുടെ പ്രതിഷേധയോഗത്തിൽ ഒരു സീനിയർ വൈദികന്റെ ഉപദേശങ്ങൾ:

"മെത്രാൻ കക്ഷിക്കാരുമായുള്ള സഹകരണം കുറയ്ക്കണം. അവരുടെ കടയിൽ നിന്നു സാധനങ്ങൾ വാങ്ങുകപോലും ചെയ്യരുത്. അവരുടെ സ്ഥാപനങ്ങളും കടകളും ഏതെല്ലാമെന്നു കണ്ടുപിടിച്ച് അതു പ്രചരിപ്പിക്കണം. മെത്രാൻ കക്ഷിക്കാരെ വീട്ടിൽ കേറ്ററുത്. നാം അവരുടെ വീട്ടിൽ പോകുകയുമരുത്. ***അവർ ചാകാൻ കിടന്നാലും ഒരു തുള്ളി വെള്ളം കൊടുക്കരുത്.*** *അവരുടെ കയ്യിൽ നിന്ന് ഒരു തുള്ളി വെള്ളം വാങ്ങിച്ചു കുടിക്കരുത്. കാരണം അതു സാത്താനാണ്. പെണ്ണിനേം അങ്ങോട്ടു കെട്ടിക്കരുത്. അവിടുന്ന് ഇങ്ങോട്ടും കൊണ്ടുവരരുത്. എന്നിട്ടു പിന്നെ ബന്ധമായിക്കഴിയുമ്പോൾ പ്രശ്നമാണ്. ചേട്ടനും അനിയനും മെത്രാൻ കക്ഷിയിലുണ്ടെങ്കിൽ അവരോടു മിണ്ടരുത്. അതാണെന്റെ പോളിസി.* ***ചേട്ടനോ നമ്മുടെ സ്വന്തമോ ബന്ധമോ മരിച്ചാൽ പോലും നാം പോകരുത്.*** *അങ്ങനെ പ്രതികരിച്ചാൽ മാത്രമേ ഇതിനൊരു പരിഹാരമുണ്ടാകൂ. മെത്രാൻ കക്ഷിക്കാർ സാത്താന്യ ആളുകളാണ്. അവരുടെ അടുത്തുപോലും നാം പോകരുത്. അങ്ങനെ നാം അവരെ നമ്മിൽ നിന്ന് അകറ്റണം. ഇനി മുതൽ മനോരമ പത്രം വരുത്തരുത്. അവരുടെ കലണ്ടർ വാങ്ങരുത്. അവരുടെ MRF ടയറുകൾ ഉപയോഗിക്കരുത്. പാരഗൺ ചപ്പൽ നാം വാങ്ങരുത്. ഇതെല്ലാം മെത്രാൻ കക്ഷിക്കാരുടേതാണ്. ഇതെല്ലാം സാത്താന്റെയാണെന്നു വിചാരിക്കുക".*

2019 ഒക്ടോബർ 6, പിറവം ടൗൺ: വൈദിക ആരാധനയെ, പ്രത്യേകിച്ച് വി.കുർബാനയെ, ഒരു യുവ വൈദികൻ തെരുവിൽ അർപ്പിക്കുന്ന കാഴ്ച ഏറ്റവും നിന്ദ്യവും ആരെയും വേദനിപ്പിക്കുന്നതുമായിരുന്നു. അതിനു ശേഷം വൈദികൻ നടത്തിയ ആഹ്വാനങ്ങൾ മേൽപ്പറഞ്ഞതുപോലെ വിഷലിപ്ത വും പ്രകോപനപരവുമായിരുന്നു.

ഈ രണ്ട് ആഹ്വാനങ്ങളും സമൂഹത്തെ വെട്ടിമുറിക്കുന്നതും മതവിദ്വേഷവും സമുദായ സ്പർധയും ഇളക്കി വിടുന്നതുമാണ്. ഇത്തരത്തിൽ ഊരുവിലക്കു കൽപ്പിച്ച ഹരിയാനയിലെയും മറ്റും *'ഖാപ് പഞ്ചായത്തു'*കളെ സുപ്രീം കോടതിതന്നെ ഇടപെട്ട് നിരോധിക്കുകയുണ്ടായി എന്നത് ഇവിടെ ഓർക്കേണ്ടതാണ്.

4. "അംഗൻവാടി"ക്കാരനും അയോധ്യയും

2019 ഒക്ടോബർ. മുംബൈ ഭദ്രാസനത്തിന്റെ അലക്സന്ത്രയോസ് എന്ന ബിഷപ്പ് കോട്ടയം തിരുവാർപ്പു പള്ളിയെക്കുറിച്ച്: *"അന്ത്യോഖ്യയുടെ മക്കൾക്ക് ആ പള്ളി യിൽ ആരാധനനടത്തുവാൻ സാധിച്ചില്ലെങ്കിൽ പള്ളി ഇടിച്ചു പൊളിച്ചു ഞങ്ങൾ കളയും. ഇതു തീർച്ചയാണ്. അന്ത്യോഖ്യാ വിശ്വാസത്തിന്റെ കീഴിൽ ഒരു വിശുദ്ധാരാധന നടത്തുവാൻ സാധിക്കാതെ, ശീശ്മക്കാരായ, മുടക്കപ്പെട്ടവരായ ഓർത്ത ഡോക്സു പക്ഷമാണ് കേറി കുർബാന ചൊല്ലുവാൻ വരുന്ന തെങ്കിൽ, ഞങ്ങൾ തിരുവാർപ്പുകാർ തീരുമാനിച്ചു കഴിഞ്ഞു,*

പള്ളി ഇടിച്ചു പൊളിച്ചു ദൂരെക്കളയും. ഞങ്ങൾക്കതിനു മടിയില്ലാത്തവരാണ്. രാത്രിയുടെ മറവിൽ ഒരു രാത്രി കൊണ്ട് അയോധ്യാ ക്ഷേത്രം ഇടിച്ചു പൊളിച്ചു എങ്കിൽ തിരുവാർപ്പിലെ ഒരു കൊച്ചുപള്ളി പൊളിക്കുന്നതിന് യാതൊരു തടസ്സവുമില്ല".

അയോധ്യയിൽ പൊളിച്ചത് ക്ഷേത്രമല്ല, അവിടെയുണ്ടായിരുന്ന പള്ളിയാണെന്നും രാത്രിയുടെ മറവിലല്ല, പകൽ സമയത്താണു പൊളിച്ചതെന്നും അറിയാൻതക്ക പൊതുവിജ്ഞാനം ഇദ്ദേഹത്തിനു ലഭിച്ചിട്ടില്ലെന്നു വ്യക്തം. അതിന്റെ കാരണം ദിയസ്കൊറോസ് എന്ന അവരുടെ ഒരു സീനിയർ ബിഷപ്പ് സെക്രട്ടറിയേറ്റ് പടിക്കലെ സമരപ്പന്തലിൽ നടത്തിയ പ്രസംഗത്തിൽ വെളിപ്പെടുത്തി: *"മുമ്പൻമാർ പിമ്പന്മാരും പിമ്പൻമാർ മുൻപൻമാരുമാകുന്ന കാഴ്ചയാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. സീനിയറായ കുറെ മെത്രാച്ചൻമാർ കഴിഞ്ഞ് പിന്നെ ആരുമില്ലെന്നു പറഞ്ഞപ്പോൾ ഇളംമുറക്കാരനായ കൂറിലോസ് തിരുമേനിയെ വരെ മാറ്റിനിർത്തിയ ഏറ്റവും ഇളമുറക്കാരനായ ഞങ്ങളുടെ ഇടയിലെ അംഗൻവാടി വിദ്യാർഥിയാണ് അലക്സന്ത്രയോസ് തിരുമേനി. സുന്നഹദോസിലെ അംഗൻവാടി വിദ്യാർഥി ഏറ്റവും മുമ്പിലോട്ടു കടന്നുവന്ന് മരണത്തോളം സമരം ചെയ്യാൻ തയ്യാറാണെന്നു പ്രഖ്യാപിച്ചു"* (2019 നവംബർ 11).

ഇത്, ഒരു അംഗൻവാടി വിദ്യാർഥിയുടെ പ്രകടനം എന്നു പറഞ്ഞു ചിരിച്ചുതള്ളാൻ പാടില്ല. ഇത്തരം ആഹ്വാനങ്ങൾക്കെതിരെ ഈ രാജ്യത്തു നിയമമില്ലേ? മുഖ്യധാരാ മാധ്യമങ്ങൾ എന്തേ ഇതൊന്നും കാണുന്നില്ല, കേൾക്കുന്നില്ല? നിയമപാലകർ എന്തുകൊണ്ട് മൗനം ദീക്ഷിക്കുന്നു? അടുത്തിടെയുണ്ടായ അയോധ്യാ കേസ് വിധിയിൽ എടുത്തുപറഞ്ഞ ഒരു കാര്യം, അവിടെയുണ്ടായിരുന്ന ബാബ്റി മസ്ജിദ് പൊളിച്ചത് ക്രിമിനൽ കുറ്റമായി നിലനിൽക്കും എന്നും ആ കേസ് തുടരുമെന്നുമാണ്. എൽ.കെ. അഡ്വാനിയും മറ്റും ആ കേസിൽ പ്രതികളായത് പ്രേരണാക്കുറ്റത്തിനാണ് എന്നും ഓർക്കേണ്ടതാണ്.

ഉപജീവനത്തെപ്പറ്റി ആശങ്കയുള്ളവർ

വരുമാനമുള്ള പള്ളികളൊക്കെ കൈവിട്ടുപോയാൽ ഉപജീവനം എങ്ങനെനടക്കും എന്നതിന്റെ ആശങ്ക വിഘടിത വിഭാഗത്തിലെ ഒരു റമ്പാൻ പ്രസംഗത്തിനിടെ അൽപം പച്ചയ്ക്കു തന്നെ പറഞ്ഞുകളഞ്ഞു: *"അതുകൊണ്ട് അച്ചൻമാർക്കും മെത്രാച്ചൻമാർക്കും ലീഗൽ വലിഡിറ്റി ഓർഡിനേഷൻ ഇല്ലാത്തതുകൊണ്ടും 34 പ്രകാരം പള്ളികളിൽ പോകാൻ പറ്റൂല്ലാ. പെട്ടുപോയത് ഞങ്ങളാണ്. അതുകൊണ്ട് പള്ളി വയ്പിക്കുക എന്നത് ഞങ്ങളുടെ നയമാണ്. ഞങ്ങൾക്കും ജീവിക്കണ്ടേ? ...... മനസ്സിലായോ?........ ഇവിടുന്നിറങ്ങി വേറെ പള്ളി വച്ചില്ലെങ്കിൽ വഴിയാധാരമാകുന്നതു ഞങ്ങളാണ്.........കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ"* (2019 നവംബർ 14).

മേൽപ്പറഞ്ഞ കൂട്ടരെയെല്ലാമാണ് ചിലർ സംഘടിതമായി 'ശ്രേഷ്ഠ'രെന്ന തരത്തിൽ ചിത്രീകരിക്കുന്നത്. ഈ സംഘങ്ങൾ ഏതൊക്കെയെന്നുകൂടി പരിശോധിക്കാം.

സർക്കുലേഷനിലും TRP rating-ലും മാത്രം കണ്ണുനട്ടിരിക്കുന്ന മാധ്യമങ്ങൾ

'ഓർത്തഡോക്സ് – യാക്കോബായ സഭാ തർക്കം' എന്ന തലക്കെട്ടു നൽകി വാർത്തകൾ ചമയ്ക്കുന്ന മിക്ക മാധ്യമങ്ങൾക്കും എന്താണ് ഈ 'സഭാ തർക്കം' എന്നതിനെക്കുറിച്ച് വലിയ വിവരമില്ല. അതിന്റെ യഥാർഥ കാരണമോ ചരിത്രമോ ഒന്നുംതന്നെ അറിയില്ല. കോടതിവിധികളും ശരിക്കു പഠിച്ചിട്ടില്ല. അതിനൊന്നും മിനക്കെടാറുമില്ല. അവർ ചെയ്യുന്നത്, മീഡിയാ മാനേജിങ്ങിൽ ആളും അർഥവും സ്വാധീനവും ഇറക്കി കളിക്കുന്ന വിഘടിതർ നൽകുന്ന കെട്ടുകഥകളും വാർത്താക്കുറിപ്പുകളും വള്ളിപുള്ളി വിടാതെ അവതരിപ്പിക്കുക മാത്രമാണ്. ഇവർക്ക്, സംഘർഷങ്ങളിലും പൊതുജനത്തിന്റെ 'സെന്റിമെന്റ്സ്' ഇളക്കിവിടാവുന്ന വാർത്താശകലങ്ങളിലുമാണു കണ്ണ്. അതുകൊണ്ടാണ്, ശവസംസ്കാരം പോലുള്ള വിഷയങ്ങളിൽ ഏകപക്ഷീയവും നിരുത്തരവാദപരവുമായ അസംബന്ധവാർത്തകൾ ചമയ്ക്കുന്നത്.

രണ്ടു മൂന്നു പ്രമുഖ മലയാള ദിനപ്പത്രങ്ങൾ തമ്മിൽ സർക്കുലേഷനു വേണ്ടി മത്സരിച്ചു നടത്തുന്ന നിഴൽ യുദ്ധവും ഈ അസത്യപ്രചാരണത്തിനു പിന്നിലുണ്ട്. പള്ളി നഷ്ടപ്പെട്ട യാക്കോബായ വൈദികൻ ഒരു വിശ്വാസിയെ കെട്ടിപ്പിടിച്ചു പൊട്ടിക്കരയുന്നതിന്റെ (തൊടുപുഴ പന്നൂർ സെ.ജോൺസ് പള്ളി, 27.10.2019), 'കണ്ണീർ ചിത്രം' ഒരു പത്രത്തിൽ വന്നത് ശ്രദ്ധിക്കാത്തവരുണ്ടാവില്ല. എന്നാൽ, വർഷങ്ങളായി ഓർത്തഡോക്സ് വൈദികരെയും വിശ്വാസികളെയും ആക്രമിച്ചും ഭീഷണിപ്പെടുത്തിയും വിവിധ പള്ളികളിൽ നിന്ന് ഇറക്കിവിട്ടപ്പോഴൊന്നും ഈ മാധ്യമങ്ങൾ ഒരു കണ്ണീർചിത്രവും പ്രസിദ്ധീകരിച്ചു കണ്ടില്ല. 'യാക്കോബായ'ക്കാർ പള്ളികൾ കൈമാറാൻ കൂട്ടാക്കാതെ 'പ്രതിരോധം' തീർക്കുന്നതിന്റെ നെടുങ്കൻ തലക്കെട്ടും സങ്കടവാർത്തകളും ചിത്രങ്ങളും നൽകുന്ന ഒരു ദിനപ്പത്രം, പക്ഷെ, ഇവരുടെ തലവന്റെ സ്വന്തം ഇടവകയായ പുത്തൻകുരിശു പള്ളി ഒരു തർക്കവും കൂടാതെ മലങ്കര സഭയ്ക്കു കൈമാറിയതിനെക്കുറിച്ച് ഒരു വരി വാർത്തയോ ചിത്രമോ കൊടുക്കുകയുണ്ടായില്ല. സമാധാനപരമായ ഈ കൈമാറ്റം വാർത്തയാക്കിയാൽ അതൊരു നല്ല മാതൃകയാണെന്നു പൊതുസമൂഹത്തിനും വിഘടിത വിഭാഗത്തിലെ സാധാരണ വിശ്വാസികൾക്കും മനസ്സിലാക്കാൻ ഉപകരിക്കുമെങ്കിലും അതു വിഘടിതരുടെ നേതൃത്വത്തെ ചൊടിപ്പിക്കും എന്നതുകൊണ്ടും സർക്കുലേഷൻ ഇടിവ് ഭയന്നും നിശ്ശബ്ദത പാലിച്ചു.

വോട്ടു രാഷ്ട്രീയക്കാർ

എറണാകുളം ജില്ലയിലെ ജനപ്രതിനിധികൾ കക്ഷിഭേദമെന്യേ വിഘടിതർക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന കാഴ്ച അമ്പരപ്പിക്കുന്നതാണ്. ഭരണഘടന തൊട്ടു സത്യപ്രതിജ്ഞ ചെയ്ത് MP-യും MLA-യും ആയവർ ആ ഭരണഘടനാ സംവിധാനത്തിന്റെ നട്ടെല്ലായ ജുഡീഷ്യറിയെ പ്രതിരോധിക്കുന്നതും തള്ളിപ്പറയുന്നതും തികഞ്ഞ ഭരണഘടനാ ലംഘനവും കലാപകാരികളെ പ്രോത്സാഹിപ്പിക്കലുമാണ്.

സാമുദായിക സംഘടനകൾ/നേതാക്കൾ

നിയമലംഘനവും അക്രമവും നടത്തുന്ന വിഘടിതർക്കു പിന്തുണയുമായി ഏതാനും ചില സാമുദായിക നേതാക്കൾ എത്തിയിട്ടുള്ളത് അവരുടെ അജ്ഞതകൊണ്ടോ, സ്വാർഥതാല്പര്യംകൊണ്ടോ പബ്ലിസിറ്റിക്കു വേണ്ടിയോ ആണെന്നതിൽ സംശയമില്ല.

ഒരു കാര്യം തീർച്ച. ഒരു ജനാധിപത്യ രാജ്യത്ത് വിവിധ കക്ഷികൾ തമ്മിലുള്ള തർക്കങ്ങൾക്ക് പരമോന്നത കോടതി തീർപ്പുകൽപ്പിച്ചാൽ വിഷയം അവിടെ അവസാനിക്കേണ്ടതാണ്. അത് രാജ്യത്തിന്റെ നിയമമാണ്. അതാണ് അയോധ്യാ കേസിൽ സംഭവിച്ചത്. ഹിന്ദുക്കൾക്ക് അനുകൂലമായ കോടതി വിധി ശരിതെറ്റുകളും ന്യായാന്യായങ്ങളും നോക്കാതെ ബന്ധപ്പെട്ട കക്ഷികളും പൊതുസമൂഹവും

സമകാലീന ചിന്തകൾ

സ്വീകരിച്ചപ്പോൾ രാജ്യത്ത് നിയമവാഴ്ച നടപ്പിലായി, സമാധാനം ഉറപ്പായി. അയോധ്യാ വിഷയം പോലെ തികച്ചും ഒരു സിവിൽ തർക്കമായ സഭാക്കേസിൽ അതേ സുപ്രീം കോടതിയുടെ അന്തിമവും അസന്ദിഗ്ധവുമായ വിധി വന്ന് രണ്ടരവർഷമായിട്ടും ഒരു കൂട്ടർ അതിനെ വെല്ലുവിളിച്ച് അരാജകത്വം വളർത്തുകയും നാട്ടിൽ അക്രമങ്ങളും അസ്സമാധനവും അഴിച്ചു വിടുകയും ചെയ്യുമ്പോൾ അവരെ പിന്തുണച്ച് രംഗത്തു വരുന്നവർ ചെയ്യുന്നത് കലാപകാരികളെ മഹത്ത്വവൽക്കരിക്കുന്ന അധാർമികവും കുറ്റകരവുമായ പ്രവൃത്തിയാണ്.

Counter Point:

കട്ടച്ചിറ പള്ളിയിലും മറ്റും ശവസംസ്കാരം തടസപ്പെടുത്തുന്നു എന്ന വിധത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനു ലഭിച്ച പരാതി സംസ്ഥാനമനുഷ്യാവകാശ കമ്മീഷൻ അന്വേഷിക്കുകയും യാതൊരു മനുഷ്യാവകാശ ലംഘനവും നടന്നിട്ടില്ലെന്നു കണ്ടെത്തുകയും ചെയ്തു. മറിച്ചുള്ള ആരോപണം ഉയരുന്നത് സുപ്രീം കോടതി വിധി മറികടക്കാനുള്ള ശ്രമമാണെന്നു സംശയിക്കേണ്ടിയിരിക്കുന്നു. നിയമാനുസൃതം അധികാരമുള്ള ഓർത്തഡോക്സ് വൈദികൻ ശവസംസ്കാരം നടത്താൻ തയ്യാറാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. **(സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ).**

അപ്പോൾ ഇനി അന്തർദേശീയ മനുഷ്യാവകാശ കമ്മീഷനെ സമീപിച്ച് ഒരുകൈ നോക്കിയാലോ? പിരിവിനുള്ള സ്കോപ്പുമുണ്ട്.

* * * * * *

"ഒരു രാഷ്ട്രം, ഒരു പതാക, ഒരു ഭരണഘടന" എന്നതു യാഥാർഥ്യമായി **(കേന്ദ്രമന്ത്രി പ്രകാശ് ജാവഡേകർ).**

മലങ്കരസഭ മുന്നോട്ടു വയ്ക്കുന്നതും ഇതു തന്നെയാണ്: ഒരു സഭ, ഒരു പതാക, ഒരു ഭരണഘടന.

* * * * * *

ഓർത്തഡോക്സ്-യാക്കോബായ പ്രശ്നം അനുരഞ്ജന ചർച്ചയിലൂടെ ക്രിസ്തീയമായ രീതിയിൽ പരിഹരിക്കണമെന്ന് ചില സഭാ മേലധ്യക്ഷന്മാർ.

ഓർത്തഡോക്സ് വിശ്വാസികളെയും വൈദികരെയും അക്രമത്തിലൂടെയും ബലമായും സ്വന്തം ദേവാലയങ്ങളിൽ നിന്ന് പുറത്താക്കുകയും അവർക്കെതിരെ നിരന്തരം പീഡനമുറകളും അവഹേളനവും അരങ്ങേറുകയും ശവസംസ്കാരം തടയുകയും ആരാധനാലയങ്ങൾക്ക് നാശം വരുത്തുകയും സഭാധ്യക്ഷനായ പ.കാതോലിക്കാ ബാവായുടെ പ്രതീകാത്മക ശവമഞ്ചം പരസ്യമായി കത്തിക്കുകയും ചെയ്തപ്പോൾ അനുരഞ്ജനക്കാർ മൗനം പാലിച്ചു.

@ പ്രതികരണങ്ങൾ

പൂജാ പാത്രങ്ങൾ - മാറ്റം ആവശ്യമല്ലേ?

കിസ്തീയ സഭകൾ പലതും വി.കുർബാനയ്ക്കുപയോഗിക്കുന്ന പൂജാ പാത്രങ്ങൾ സ്വർണം, വെള്ളി, നിക്കൽ മുതലായ സാന്ദ്രത കൂടിയ ലോഹങ്ങൾ പൂശിയതും ഈയം, സയനയിഡ് മുതലായവ നിർമാണഘട്ടത്തിൽ ഉപയോഗിക്കുന്നവയുമാണ്. വീഞ്ഞുമായി ഈ വസ്തുക്കൾ രാസ പ്രതിപ്രവർത്തനം നടത്താൻ സാധ്യതയുണ്ട് എന്ന് ശാസ്ത്രമതം.

ഇവയുടെ നിരന്തര ഉപയോഗം ആരോഗ്യപ്രശ്നങ്ങൾക്ക് ഹേതുവാകാൻ സാധ്യതയില്ലേ? ഈ വിഷയത്തിൽ പഠനം ആവശ്യംതന്നെ. തത്പരിഹാരാർഥം പൊട്ടിപ്പോകാത്ത മനോഹരമായ സ്ഫടിക പാത്രങ്ങൾ പകരമാവില്ലേ? അഭിലഷണീയമല്ലേ? ചില ക്രിസ്തീയ വിഭാഗങ്ങൾ ഇവ ഉപയോഗിക്കുന്നുണ്ട്. സഭകളുടെ നേതൃത്വത്തിന്റെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് തിരിയേണ്ടതല്ലേ? നിരുപദ്രവകരമായ ഈ മാറ്റത്തെക്കുറിച്ച് നമ്മുടെ സഭ ചിന്തിക്കുമോ?

തോമസ് ഏബ്രഹാം
സെ. പോൾസ് & സെ.പീറ്റേഴ്സ് ഓർത്തഡോക്സ് ചർച്ച്,
പാതിക്കാട്, മല്ലപ്പള്ളി

മറയില്ലാത്ത ആഡംബരങ്ങൾ

2019 ജൂലൈ-സെപ്റ്റംബർ ലക്കം ***Georgian Mirror*** (*The Journal of Indian Orthodoxy*) -ലെ എല്ലാ ലേഖനങ്ങളും വളരെ നിലവാരം ഉള്ളതും വിജ്ഞാനപ്രദവുമായിരുന്നു. ***ഇരുളും വെളിച്ചവും*** പംക്തിയിലെ '*നാണം മറയ്ക്കാത്ത ആഡംബരങ്ങൾ*' എന്ന തലക്കെട്ടിൽ ഡോ.ഓ.തോമസ് അച്ചന്റെ ലേഖനം ഏറെ ചിന്തോദ്ദീപകമായിരുന്നു. വിവേകബുദ്ധിയുള്ള ഏതു മനുഷ്യനും അതിലെ സന്ദേശം ഉൾക്കൊണ്ട് സഭയിലും സമൂഹത്തിലും കണ്ടു വരുന്ന ചില തെറ്റായ പ്രവണതകളെ ചെറുക്കുവാൻ തയ്യാറാകണം.

ചിന്നമ്മ ഏബ്രഹാം
സെ. ജോർജ് ഓർത്തഡോക്സ് വലിയപള്ളി, പാലാരിവട്ടം

More English Articles

I had the opportunity to go through the magazine ***Georgian Mirror***. The articles in it are all well written. We have many subscribers in our church here. I feel that more articles in English will attract a wider readership, particularly the younger generation of our church living outside Kerala. I hope you will take the initiative to publish more articles in English for wider reach.

Thommy Cherian
St.Andrews Orthodox Church, Secunderabad

OPEN FORUM

ഈ ലക്കം ജോർജിയൻ മിററിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? ഇതിന്റെ കെട്ടും മട്ടും നിലവാരവും എങ്ങനെയുണ്ട്? ഇതിലെ ലേഖനങ്ങളെക്കുറിച്ചും അവയുടെ ഉള്ളടക്കം, അവതരണം എന്നിവയെക്കുറിച്ചും എന്താണഭിപ്രായം? ഇവയിലൊക്കെ എന്തെങ്കിലും മാറ്റം ആഗ്രഹിക്കുന്നുണ്ടോ?

ഈ കാര്യങ്ങളിൽ നിങ്ങളുടെ അഭിപ്രായം താഴെ കൊടുത്തിരിക്കുന്ന ഭാഗത്ത് രേഖപ്പെടുത്തി ഞങ്ങൾക്ക് അയച്ചുതരണമെന്ന് താല്പര്യപ്പെടുന്നു. അഭിപ്രായങ്ങൾ e-mail/whatsApp വഴിയും അയക്കാവുന്നതാണ്. സ്മാർട്ട് ഫോണിൽ scan ചെയ്തും അയക്കാം. ഏറ്റവും നല്ല കത്ത് അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ് (താല്പര്യമുള്ളവർക്ക് കത്തിനോടൊപ്പം അവരുടെ ചെറിയ ഫോട്ടോയും അയച്ചുതരാം).

....

....

....

....

....

....

....

ജോർജിയൻ മിററിലെ ഏതു വിഭാഗമാണ് നിങ്ങൾ ഏറെ ഇഷ്ടപ്പെടുന്നത്?

- ○ കവർ ഫീച്ചർ
- ○ വചനസന്ദേശങ്ങൾ
- ○ സമകാലീനവിഷയങ്ങൾ/ അവലോകനങ്ങൾ
- ○ സഭാ ചരിത്രം
- ○ ചോദ്യോത്തര പംക്തികൾ
- ○ ചിത്രങ്ങൾ
- ○ Display & Layout
- ○ Overall Quality

Name: .... Address: ....

.... PIN: ....

Phone/ Moblie No: ....

Our Postal Address: The Managing Editor, Georgian Mirror, St.George Orthodox Valiyapally, Palarivattom, Kochi - 682025, Email Id: gmirrormail@gmail.com
Mob: 9809599123 (WhatsApp Number), 8289891631

2019 ജൂലൈ – സെപ്റ്റംബർ ലക്കം ജോർജിയൻ മിറർ റ്റി.എ. എബ്രഹാം പ്രകാശനം ചെയ്യുന്നു. അങ്കമാലി ഭദ്രാസനം സൺഡേ സ്കൂൾ മുൻ ഡയറക്ടറും ദിവ്യബോധനം/സൺഡേ സ്കൂൾ അധ്യാപകനുമാണ്. കളമശ്ശേരി സെ.ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും മുൻ ഡപ്യൂട്ടി ചീഫ് എൻജിനീയറുമാണ്.
(സമീപം): പാലാരിവട്ടം സെ.ജോർജ് ഓർത്തഡോക്സ് വലിയപള്ളി വികാരി ഫാ.പി.ഐ. വർഗീസ്, സഹവികാരി ഫാ.ഒ.ജെ.ജേക്കബ്, ശുശ്രൂഷകൻ കെ.വി.കുരുവിള.

GEORGIAN MIRROR

The Journal of Indian Orthodoxy

I would like to:

☐ Subscribe for myself ☐ Gift a subscription ☐ Renew subscription

(Please tick ☑ the appropriate box) **FILL IN BLOCK LETTERS**

Name...

Address...

....

State.......................................PIN Code.......................................

Tel / with STD/ISD Code) :

(Res)...(Off)...

Mob......................................E-mail......................................

I am enclosing Cheque DD No.......................................dated.......................drawn on..(name of the Bank) for Rs................ in favour of 'St. George Orthodox Valiyapally, Palarivattom, Cochin' - 25

I am sending money order for Rs.................... payable to 'St. George Orthodox Valiyapally, Palarivattom, Cochin' - 682 025.

Date: Signature:

Subscription formന്റെ ഫോട്ടോകോപ്പി ഉപയോഗിക്കുക.

☐ ഒരു വർഷം

☐ മൂന്ന് വർഷം

☐ അഞ്ച് വർഷം

Read Subscribe Propagate

GEORGIAN MIRROR

പ്രത്യേക സൗജന്യം

വൈദികർക്ക് നിരക്കിൽ ഇളവുകൾ

വരിസംഖ്യ ഒരുമിച്ച് അടയ്ക്കുന്നവർക്ക് നിരക്കിൽ ഇളവുകൾ

കാലാവധി	പ്രത്യേക നിരക്ക്	വൈദികർക്ക് സൗജന്യ നിരക്ക്
ഒരു വർഷം	₹ 200	₹ 130
മൂന്ന് വർഷം	₹ 500	₹ 350
അഞ്ച് വർഷം	₹ 800	

- ചെക്ക് / DD എടുക്കുന്നത് Payable in favour of **St. George Orthodox Valiyapally, Palarivattom, Kochi - 682 025** എന്ന് ആയിരിക്കണം.
- പോസ്റ്റൽ മണി ഓർഡർ / ചെക്ക് / DD ആയോ നേരിട്ട് പള്ളി ഓഫീസിലോ വരിസംഖ്യ അടയ്ക്കാവുന്നതാണ്.

Account No.: 617302010000662
Union Bank of India, Palarivattom
IFS Code: UBIN 0561738

നേരിട്ട് അക്കൗണ്ടിൽ പണമടയ്ക്കുന്നവർ സർക്കുലേഷൻ മാനേജരെ ഫോണിൽ ബന്ധപ്പെടുക:

Ph: 8289891632, gmirrormail@gmail.com

അയക്കേണ്ട വിലാസം:

Circulation Manager, GEORGIAN MIRROR
St. George Orthodox Valiyapally,
Palarivattom, Kochi - 682 025

GEORGIAN MIRROR

The Journal of Indian Orthodoxy

To Publish Articles - 8289891631
To Subscribe - 8289891632
To Advertise - 8289891634

Email: gmirrormail@gmail.com

പ്രതിഷേധാഗ്നി

നീതി നിഷേധത്തിനെതിരെ സഭയുടെ പ്രതിഷേധം കോലഞ്ചേരിയിലും (17/11/2019) പത്തനംതിട്ടയിലും (24/11/2019)

സഭയോടൊപ്പം ഈ ദേവാലയങ്ങൾ....

പിറവം സെ.മേരീസ് കത്തീഡ്രൽ. (വലത്ത്): വികാരി ഫാ. സ്കറിയാ വട്ടക്കാട്ടിൽ വി. കുർബാന അർപ്പിക്കുന്നു.

ചെറായി സെ.മേരീസ് പള്ളിയിൽ അഭി.ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി വി. കുർബാന അർപ്പിക്കുന്നു.

ഇടമറുക് സെ. ജോർജ് പള്ളി (ഏറെക്കാലം പൂട്ടിക്കിടന്നിരുന്നതിനാൽ ജീർണാവസ്ഥയിൽ).

News Page

സഭയോടൊപ്പം...

തൃശൂർ മാന്ദാമംഗലം സെ.മേരീസ് പള്ളി

പുത്തൻകുരിശ് സെ. പീറ്റേഴ്സ് & സെ.പോൾസ് പള്ളി

കണ്ടനാട് സെ.മേരീസ് പള്ളിയിൽ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി പ്രവേശിച്ച് പ്രാർത്ഥനയിൽ.

ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ (അർമീനിയൻ, ഈജിപ്ഷ്യൻ, എത്യോപ്യൻ, എറിട്രിയൻ, ഇന്ത്യൻ) അമേരിക്കയിലെ അറ്റ്ലാന്റയിലുള്ള സെ. തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ സംയുക്ത ബലി അർപ്പിച്ചശേഷം.

ദുബായ് OCYM അംഗങ്ങളായ 350 പേർ ചേർന്നെഴുതിയ ബൈബിൾ. 18 കിലോ ഭാരമുള്ള ഗ്രന്ഥം ആറുമാസംകൊണ്ടാണ് എഴുതിത്തീർത്തത്.

ദിവ്യബോധനം സർട്ടിഫിക്കറ്റുകൾ പ. കാതോലിക്കാ ബാവാ വിതരണം ചെയ്യുന്നു.

← പ. കാതോലിക്കാ ബാവാ *Ironman Triathlon* ജേതാവ് **ജോബി പോളിനെ** അനുമോദിക്കുന്നു.

കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിലെ ആലക്കുഴി സെ.ജോർജ് ഓർത്തഡോക്സ് പള്ളി അംഗവും OCYM പ്രവർത്തകനുമായ ചിത്രകാരൻ **ബിത്തു ബാബു** വരച്ച പ.പരുമല തിരുമേനിയുടെ ചിത്രം. →

www.muthootfinance.com

(This is an advertisement for information purpose and not a prospectus announcement)

PUBLIC ISSUE OF SECURED REDEEMABLE NON-CONVERTIBLE DEBENTURES of base issue size of ₹100 crs with an option to retain oversubscription up to ₹690 crs aggregating up to Tranche - IV issue limit of ₹790 crs①

Get Double Advantage

10%④ p.a.
HIGH RETURNS

AA③
HIGH DEGREE OF SAFETY

DOUBLE YOUR INVESTMENT
in 7½ years⑧

ISSUE NOW OPEN②

ISSUE CLOSES ON DECEMBER 24, 2019

Investors to note that payment of application amount is only through ASBA mode. No cash/cheque is accepted for the issue

• Options of 24/38/60 months • Options for Interest on Monthly⑤ / Annual⑥ basis • Option of amount on maturity⑦&⑧

CREDIT RATING FOR THE ISSUE③

"[ICRA] AA(Stable)" by ICRA and "CRISIL AA/Stable" by CRISIL denoting "High degree of safety regarding timely servicing of financial obligations and carry very low credit risk"

To know the nearest Muthoot Finance branch, visit muthootfinance.com/contact/branch-locator

99469 01212

Muthoot Finance

A Muthoot M George Enterprise

Muthoot Finance Limited ("Company") is proposing, subject to market conditions and other considerations, to make a public issue of secured redeemable non-convertible debentures and has filed a Shelf Prospectus dated February 05, 2019 and Tranche IV prospectus dated November 26, 2019 ("Prospectus") with the Registrar of Companies, Kerala and Lakshadweep ("ROC"), SEBI and BSE. The Prospectus is available on the website of SEBI at www.sebi.gov.in, BSE at www.bseindia.com, Company at www.muthootfinance.com and of the Lead Managers at www.edelweissfin.com and www.akgroup.co.in. All investors proposing to participate in the Issue should invest only on the basis of the information contained in the Prospectus (including the risk factors therein). ① For detailed terms and conditions, interest rates and other details on all Options, please refer to the Prospectus. ② Tranche - IV Issue Opened on November 29, 2019 and closes on December 24, 2019. For early closure/extension of the Tranche - IV issue, please refer to the section titled "Issue Related Information" on page 135 of the Tranche IV Prospectus. ④ Effective yield per annum on Option VI (Interest payable annually) ⑤ On options I,II,III. ⑥ On Options IV,V,VI. ⑦ On option VII,VIII,IX,X. ⑧ For option X, redemption amount on maturity. It is to be distinctly understood that the permission given by BSE should not in anyway be deemed or construed that the Prospectus has been cleared or approved by BSE nor does it certify the correctness or completeness of any of the contents of the Prospectus. The investors are advised to refer to the Prospectus for the full text of the Disclaimer Clause of the BSE.

Muthoot Finance Limited; CIN: L65910KL1997PLC011300; Reg.Office: Muthoot Chambers, Opposite Saritha Theatre Complex, Banerji Road, Ernakulam, Kerala-682018, India. Tel.: (+91 484) 239 4712, Fax: (+91 484) 239 6506; Email: ncd@muthootgroup.com